# ഉള്ളടക്കം


സോഷ്യൽ വെൽഫെയർ ഓഫീസർമാരുടെ വിലാസവും ഫോൺ നമ്പറും ............ 1

സാമൂഹ്യക്ഷേമ വകുപ്പ് ............ 3

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള പ്രധാന സ്ഥാപനങ്ങൾ ............ 3

സാമൂഹ്യക്ഷേമവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളും സേവനങ്ങളും സ്ഥാപനങ്ങളും ............ 7

കുട്ടികൾക്കും സ്ത്രീകൾക്കുംവേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ ............ 7

സംയോജിത ശിശു വികസന സേവന പദ്ധതി ............ 7

ഐസിഡിഎസ് പദ്ധതി മുഖാന്തരം കുട്ടികൾക്കും സ്ത്രീകൾക്കും വേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ ............ 8

ഐസിപിഎസ് സന്നദ്ധസംഘടനകൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ ............ 13

സാമൂഹ്യക്ഷേമ വകുപ്പിൻകീഴിൽ ബാലനീതി നിയമപ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ............ 14

സ്ത്രീകൾക്കുവേണ്ടിയുള്ള പദ്ധതികൾ ............ 16

സ്ത്രീകൾക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾ ............ 17

വൃദ്ധർക്കുള്ള പദ്ധതികൾ ............ 18

വൃദ്ധജനങ്ങൾക്കുള്ള സ്ഥാപനങ്ങൾ ............ 20

ശാരീരികമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പദ്ധതികൾ ............ 21

ശാരീരികമായി വെല്ലുവിളി നേരിടുന്നവർക്കുള്ള സ്ഥാപനങ്ങൾ ............ 25

മറ്റു വിഭാഗങ്ങൾക്കുള്ള പദ്ധതികൾ ............ 26

സാമൂഹ്യക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന നിയമങ്ങൾ ............ 28

ദത്തെടുക്കൽ ............ 33

അവാർഡുകൾ ............ 34

നിർഭയ പദ്ധതി ............ 37

ക്യാൻസർ സുരക്ഷാ പദ്ധതി ............ 38

താലോലം പദ്ധതി ............ 39

ശ്രുതി തരംഗം ............ 40

സ്നേഹസാന്ത്വനം ............ 40

ആശ്വാസകിരണം ............ 40

സ്നേഹസ്പർശം ............ 40

വയോമിത്രം ............ 40

കൗമാരപ്രായക്കാർക്കിടയിലെ അസ്വസ്ഥതകൾക്ക് പരിഹാരം ............ 41

സ്നേഹപൂർവ്വം ............ 41

സാമൂഹ്യക്ഷേമ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ വിലാസങ്ങൾ ............ 42


PDF processed with CutePDF evaluation edition www.CutePDF.com

# സോഷ്യൽ വെൽഫെയർ ഓഫീസർമാരുടെ
## വിലാസവും ഫോൺ നമ്പറും

| ജില്ലാ ഓഫീസ് | പ്രോഗ്രാം ഓഫീസ് | പ്രൊബേഷൻ ഓഫീസ് |
|---|---|---|
| ജില്ലാ സാമൂഹ്യക്ഷേമ ഓഫീസ് ചിൽഡ്രൻസ് ഹോം കോമ്പൗണ്ട് സെൻട്രൽ ജയിലിന് എതിർവശം പൂജപ്പുര, തിരുവനന്തപുരം ഫോൺ: 0471 - 2343241 | ജില്ലാ ലെവൽ ഐ.സി.ഡി.എസ് സെൽ ചിൽഡ്രൻസ് ഹോം കോംപ്ലക്സ് പൂജപ്പുര, തിരുവനന്തപുരം ഫോൺ: 0471-2341001 | പ്രൊബേഷൻ ഓഫീസ് പൂജപ്പുര തിരുവനന്തപുരം ഫോൺ: 0471-2342786<br>പ്രൊബേഷൻ ഓഫീസ് കോർട്ട് ബിൽഡിംഗ്, ആറ്റിങ്ങൽ തിരുവനന്തപുരം ഫോൺ: 0470-2625456 |
| ജില്ലാ സാമൂഹ്യക്ഷേമ ഓഫീസ് സിവിൽ സ്റ്റേഷൻ കൊല്ലം ഫോൺ: 0474 -2790971 | പ്രോഗ്രാം ഓഫീസ് ഐ.സി.ഡി.എസ് സെൽ സിവിൽ സ്റ്റേഷൻ, കൊല്ലം ഫോൺ: 0474-2793069 | പ്രൊബേഷൻ ഓഫീസ് സിവിൽ സ്റ്റേഷൻ, കൊല്ലം ഫോൺ: 0474-2794029 |
| ജില്ലാ സാമൂഹ്യക്ഷേമ ഓഫീസ് റൂബി ബിൽഡിംഗ്, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യക്കു സമീപം കോളേജ് റോഡ്, പത്തനംതിട്ട ഫോൺ: 0468-2325168 | പ്രോഗ്രാം ഓഫീസ് ഐ.സി.ഡി.എസ് സെൽ സെൻട്രൽ ബാങ്കിന് സമീപം പത്തനംതിട്ട ഫോൺ: 0468-2224130 | പ്രൊബേഷൻ ഓഫീസ് മിനി സിവിൽ സ്റ്റേഷൻ പത്തനംതിട്ട ഫോൺ: 0468-2325242 |
| ജില്ലാ സാമൂഹ്യക്ഷേമ ഓഫീസ് ഈസ്റ്റ് മെഡിക്കൽ കോളേജ് അയൺ ബ്രിഡ്ജ്, ആലപ്പുഴ ഫോൺ: 0477-2253870 | പ്രോഗ്രാം ഓഫീസ് ഐ.സി.ഡി.എസ് സെൽ മെഡിക്കൽ കോളേജിന് കിഴക്കുവശം, അയൺ ബ്രിഡ്ജ്, ആലപ്പുഴ ഫോൺ: 0477-2251200 | പ്രൊബേഷൻ ഓഫീസ് കോർട്ട് ബിൽഡിംഗ് ആലപ്പുഴ ഫോൺ: 0477-2238450 |
| ജില്ലാ സാമൂഹ്യക്ഷേമ ഓഫീസ് മിനി സിവിൽ സ്റ്റേഷൻ, കോട്ടയം ഫോൺ: 0481-2563980 | പ്രോഗ്രാം ഓഫീസ് ഐ.സി.ഡി.എസ് സെൽ ടി.ബി. റോഡ്, സൗത്ത് പി.ഒ കോട്ടയം, ഫോൺ: 0481-2561677 | പ്രൊബേഷൻ ഓഫീസ് ടി.ബി. റോഡ്, സൗത്ത് പി.ഒ കോട്ടയം, ഫോൺ: 0481-2300548 |
| ജില്ലാ സാമൂഹ്യക്ഷേമ ഓഫീസ് തൊടുപുഴ പി.ഒ, ഇടുക്കി ഫോൺ: 0486-2228160 | പ്രോഗ്രാം ഓഫീസ് ഐ.സി.ഡി.എസ് സെൽ തൊടുപുഴ പി.ഒ, ഇടുക്കി ഫോൺ: 0486-2221868 | പ്രൊബേഷൻ ഓഫീസ് ഗ്രേഡ് 1, മിനി സിവിൽ സ്റ്റേഷൻ തൊടുപുഴ പി ഒ, ഇടുക്കി ഫോൺ: 0486-2220126 |

| | | |
|---|---|---|
| ജില്ലാ സാമൂഹ്യക്ഷേമ ഓഫീസ്<br>സിവിൽ സ്റ്റേഷൻ, കാക്കനാട്<br>എറണാകുളം<br>ഫോൺ: 0484-2425377 | പ്രോഗ്രാം ഓഫീസ്<br>ഐ.സി.ഡി.എസ് സെൽ<br>സിവിൽ സ്റ്റേഷൻ<br>എറണാകുളം<br>ഫോൺ: 0484-2423934 | പ്രൊബേഷൻ ഓഫീസ്<br>ഗ്രേഡ് 1, ഹൈകോർട്ടിന് സമീപം<br>എറണാകുളം<br>ഫോൺ: 0484-2396649<br><br>പ്രൊബേഷൻ ഓഫീസ്<br>മിനി സിവിൽ സ്റ്റേഷൻ<br>മൂവാറ്റുപുഴ<br>ഫോൺ: 0485-2830106 |
| ജില്ലാ സാമൂഹ്യക്ഷേമ ഓഫീസ്<br>മിനി സിവിൽ സ്റ്റേഷൻ<br>ചെമ്പുകാവ് പി ഒ<br>തൃശൂർ, ഫോൺ: 0487-2321702 | പ്രോഗ്രാം ഓഫീസ്<br>ഐ.സി.ഡി സെൽ<br>മിനി സിവിൽ സ്റ്റേഷൻ<br>ചെമ്പുകാവ് പി ഒ,<br>തൃശൂർ, ഫോൺ: 0487-2321689 | പ്രൊബേഷൻ ഓഫീസ്<br>ഗ്രേഡ് 1,<br>സിവിൽ സ്റ്റേഷൻ<br>തൃശൂർ<br>ഫോൺ: 0487-2363999 |
| ജില്ലാ സാമൂഹ്യക്ഷേമ ഓഫീസ്<br>സിവിൽ സ്റ്റേഷൻ, മലപ്പുറം<br>ഫോൺ: 0483-2735324 | പ്രോഗ്രാം ഓഫീസ്<br>ഐ.സി.ഡി.എസ് സെൽ<br>സിവിൽ സ്റ്റേഷൻ, മലപ്പുറം<br>ഫോൺ: 0483-2730084 | പ്രൊബേഷൻ ഓഫീസ്<br>ഗ്രേഡ് 1, കോർട്ട് ബിൽഡിംഗ്<br>മഞ്ചേരി, മലപ്പുറം<br>ഫോൺ: 0483-2777494 |
| ജില്ലാ സാമൂഹ്യക്ഷേമ ഓഫീസ്<br>സിവിൽ സ്റ്റേഷൻ, പാലക്കാട്<br>ഫോൺ: 0491-2505791 | പ്രോഗ്രാം ഓഫീസ്<br>ഐ.സി.ഡി.എസ് സെൽ<br>സിവിൽ സ്റ്റേഷൻ, പാലക്കാട്<br>ഫോൺ: 0491-2505780 | പ്രൊബേഷൻ ഓഫീസ്<br>ഗ്രേഡ് 1, സിവിൽ സ്റ്റേഷൻ<br>പാലക്കാട്<br>ഫോൺ: 0491-2505275 |
| ജില്ലാ സാമൂഹ്യക്ഷേമ ഓഫീസ്<br>സിവിൽ സ്റ്റേഷൻ, കോഴിക്കോട്<br>ഫോൺ: 0495-2371911 | പ്രോഗ്രാം ഓഫീസ്<br>ഐ.സി.ഡി.എസ് സെൽ<br>സിവിൽ സ്റ്റേഷൻ, കോഴിക്കോട്<br>ഫോൺ: 0495-2375760 | പ്രൊബേഷൻ ഓഫീസ്, ഗ്രേഡ് 1, സിവിൽ സ്റ്റേഷൻ, കോഴിക്കോട്,<br>ഫോൺ: 0495-2373575 |
| ജില്ലാ സാമൂഹ്യക്ഷേമ ഓഫീസ്<br>സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്<br>ഫോൺ: 0493-6205307 | പ്രോഗ്രാം ഓഫീസ്<br>ഐ.സി.ഡി.എസ് സെൽ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്<br>ഫോൺ: 0493-6204833, 0493-6204833 | പ്രൊബേഷൻ ഓഫീസ്<br>ഗ്രേഡ് 1, കൽപ്പറ്റ നോർത്ത്. വയനാട്<br>ഫോൺ: 0493-6207157 |
| ജില്ലാ സാമൂഹ്യക്ഷേമ ഓഫീസ്<br>സിവിൽ സ്റ്റേഷൻ, കണ്ണൂർ<br>ഫോൺ: 0497-2712255 | പ്രോഗ്രാം ഓഫീസ്<br>ഐ.സി.ഡി.എസ് സെൽ<br>സിവിൽ സ്റ്റേഷൻ, കണ്ണൂർ<br>ഫോൺ: 0497-2700707 | പ്രൊബേഷൻ ഓഫീസ്<br>ഗ്രേഡ് 1, തലശ്ശേരി, കോർട്ട് കോമ്പൗണ്ട്<br>കണ്ണൂർ, ഫോൺ: 0490-2344433 |
| ജില്ലാ സാമൂഹ്യക്ഷേമ ഓഫീസ്<br>സിവിൽ സ്റ്റേഷൻ,<br>കാസർഗോഡ്<br>ഫോൺ: 0499-425507 | പ്രോഗ്രാം ഓഫീസ്<br>ഐ.സി.ഡി.എസ് സെൽ<br>സിവിൽ സ്റ്റേഷൻ,കാസർഗോഡ്<br>ഫോൺ: 04994-256660,<br>0499-4255366 | പ്രൊബേഷൻ ഓഫീസ്<br>ഗ്രേഡ് 1, സിവിൽ സ്റ്റേഷൻ<br>വിദ്യാനഗർ പി ഒ<br>കാസർഗോഡ്<br>ഫോൺ: 04994-255366 |

# സാമൂഹ്യക്ഷേമ വകുപ്പ്

സാമൂഹ്യക്ഷേമ പരിപാടികളും സേവനങ്ങളും നടപ്പാക്കുന്നതിനായി 1975 സെപ്റ്റംബർ 9-നാണ് സാമൂഹ്യക്ഷേമവകുപ്പ് രൂപംകൊണ്ടത് (ജി.ഒ.പി. നം: 223/75/എൽ.എ. എസ്.ഡബ്ല്യു.ഡി). കുട്ടികൾ, സ്ത്രീകൾ, ദുർബലർ, വൃദ്ധർ, കൗമാരക്കാരായ പെൺകുട്ടികൾ, മാനസികാരോഗ്യം നേടിയിട്ടും വീട്ടുകാർ സ്വീകരിക്കാത്തവർ തുടങ്ങിയ വിഭാഗങ്ങളുടെ സംരക്ഷണവും പരിചരണവും ക്ഷേമവും വികസനവും പുനരധിവാസവുമാണ് ഈ വകുപ്പിന്റെ ലക്ഷ്യം. കൂടാതെ പ്രധാനപ്പെട്ട സാമൂഹ്യ നിയമങ്ങളായ ജുവനൈൽ ജസ്റ്റിസ് (കുട്ടികളുടെ സംരക്ഷണവും സുരക്ഷിതത്വവും) ആക്ട്, സ്ത്രീധന നിരോധന നിയമം, പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ട്, ഗാർഹിക പീഢനത്തിൽനിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം, മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും പരിപാലനവും ക്ഷേമവും ഉറപ്പുവരുത്തുന്ന നിയമം തുടങ്ങിയവ ശരിയായ രീതിയിൽ നടപ്പിലാക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നത് സാമൂഹ്യക്ഷേമ വകുപ്പാണ്. സംസ്ഥാന-കേന്ദ്ര ഗവൺമെന്റുകളുടെ സാമൂഹ്യക്ഷേമ പദ്ധതികളുടെ നടത്തിപ്പ് നിർവ്വഹിക്കുന്നതും സാമൂഹ്യക്ഷേമ വകുപ്പാണ്. കൂടാതെ ഗവൺമെന്റിതര സംഘടനകൾ നടപ്പിലാക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികൾക്ക് വേണ്ട പിന്തുണയും സഹായവും സാമൂഹ്യക്ഷേമ വകുപ്പ് നൽകുന്നുണ്ട്.

## സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള പ്രധാന സ്ഥാപനങ്ങൾ

1. ഡയറക്ടറേറ്റ് ഓഫ് സോഷ്യൽ വെൽഫെയർ
2. കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ
3. കേരള സംസ്ഥാന വനിതാ കമ്മീഷൻ
4. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ്
5. കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ
6. കേരള സംസ്ഥാന കുട്ടികളുടെ ക്ഷേമ കൗൺസിൽ
7. കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ്
8. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ
9. കമ്മീഷണറേറ്റ് ഓഫ് പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ്

## സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ്

സാമൂഹ്യക്ഷേമ വകുപ്പിന് കീഴിലുള്ള മുഖ്യ സ്ഥാപനമാണ് സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ്. സംസ്ഥാന-കേന്ദ്ര സർക്കാരുകളുടെ ക്ഷേമ പദ്ധതികൾ, സാമൂഹ്യ നിയമങ്ങളുടെ നടത്തിപ്പ് എന്നിവ കൂടാതെ അഗതികളായ സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ, ദുർബലർ, ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർ, മാനസികാരോഗ്യം നേടിയിട്ടും വീട്ടുകാർ ഏറ്റെടുക്കാത്തവർ തുടങ്ങി സംരക്ഷണവും പരിചരണവും വേണ്ടവർക്കുള്ള സ്ഥാപനങ്ങളുടെ നടത്തിപ്പിന്റെ മുഖ്യ ചുമതലയും സാമൂഹ്യക്ഷേമ ഡയറക്ടറേറ്റിനാണ്.

വികാസ് ഭവൻ, 5th ഫ്ലോർ
തിരുവനന്തപുരം, കേരള
ഫോൺ: 0471 – 2302887, 2302851, 2306040
ഫാക്സ്: 0471-2302887
ഇ-മെയിൽ: swdkerala@gmail.com
വെബ്സൈറ്റ്: www.swd.kerala.gov.in
www.keralawomen.gov.in

## കേരള സാമൂഹ്യ സുരക്ഷ മിഷൻ

സാമൂഹ്യ സുരക്ഷ ആവശ്യമായ ജനവിഭാഗത്തിന് വേണ്ട പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കുകയും സംയോജിതമായ പ്രവർത്തനങ്ങൾക്ക് വേണ്ട അന്തരീക്ഷം ഒരുക്കിക്കൊടുക്കുകയുമാണ് സോഷ്യൽ സെക്യൂരിറ്റി മിഷന്റെ ദൗത്യം. സംസ്ഥാനമൊട്ടാകെ സാമൂഹ്യ സുരക്ഷാ പരിപാടികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുകയാണ് സോഷ്യൽ സെക്യൂരിറ്റി മിഷന്റെ പ്രധാന ലക്ഷ്യം. വിവിധങ്ങളായ സാമൂഹ്യപ്രശ്നങ്ങളെക്കുറിച്ചുള്ള ഗവേഷണങ്ങൾ, വികസനം, ആരോഗ്യം, സാങ്കേതിക വിദ്യ, പരിസ്ഥിതി തുടങ്ങിയ വിവിധ മേഖലകളിൽ നടക്കുന്ന പഠന പരിപാടികളുടെ ഡോക്യുമെന്റേഷൻ എന്നിവയും സോഷ്യൽ സെക്യൂരിറ്റി മിഷന്റെ ലക്ഷ്യങ്ങളാണ്.

പൂജപ്പുര, തിരുവനന്തപുരം- 6950012, കേരള
ഫോൺ: 0471-2348135, 2341200
ഇ-മെയിൽ: socialsecuritymission@gmail.com
info@socialsecuritymission.gov.in
വെബ്സൈറ്റ്: www.socialsecuritymission.gov.in

## നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (NISH)

സംസാരശേഷിയും കേൾവിശക്തിയും ഇല്ലാത്തവരുടെ സമഗ്രമായ പുനരധിവാസം ലക്ഷ്യമിട്ട് സ്ഥാപിക്കപ്പെട്ടിട്ടുള്ള സ്ഥാപനമാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ്. മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ടവരിലുണ്ടാകുന്ന ശാരീരികവും മാനസികവുമായ സമ്മർദ്ദങ്ങളെ അതിജീവിക്കാനുള്ള പരിശീലനവും സാങ്കേതികമായ സഹായങ്ങളുമാണ് നിഷ് നൽകുന്നത്. കൂടാതെ സാമൂഹ്യ ബോധവത്ക്കരണ പ്രവർത്തനങ്ങൾക്കും ഗവേഷണ പഠനങ്ങൾക്കും നിഷ് നേതൃത്വം നൽകുന്നുണ്ട്.

കരിമണൽ പി.ഒ, തിരുവനന്തപുരം - 695 583
കേരള, ഇന്ത്യ
ഫോൺ: 0471 - 2596919
ഫാക്സ് : 2596938
ഇ-മെയിൽ: nisht@vsnl.in
വെബ്സൈറ്റ്: www.nishindia.org

## കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ (KSFDC)

സ്ത്രീകളുടെ ക്ഷേമത്തിനും വികസനത്തിനും ഉതകുന്ന പദ്ധതികളുടെ രൂപീകരണവും നിർവ്വഹണവും ലക്ഷ്യമിട്ട് രൂപീകരിക്കപ്പെട്ട സ്ഥാപനമാണ് കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ. ദേശീയ കോർപ്പറേഷനുകളായ എൻ.എസ്.ഇ.എഫ്.ഡി.സി, എൻ.എസ്.റ്റി.എഫ്.ഡി.സി, എൻ.ബി സി.എഫ്.ഡി.സി, എൻ.എം.ഡി.എഫ്.സി, എൻ.എച്ച്.എഫ്.ഡി.സി തുടങ്ങിയവയുടെ പദ്ധതികളുടെ സംസ്ഥാനതല നിർവ്വഹണം നടത്തുന്നത് കേരള സംസ്ഥാന വനിത വികസന കോർപ്പറേഷനിലൂടെയാണ്.

'ബസന്ത്', ടി.സി. 20/2170,
മൻമോഹൻ ബംഗ്ലാവിന് എതിർവശം,
കവടിയാർ, പി ഒ, തിരുവനന്തപുരം-3
ഫോൺ: 0471-2727668, 9496015015, 9496015016
ഫാക്സ്: 0471-2316006
ഇ-മെയിൽ: head@kswdc.org
വെബ്സൈറ്റ്: www.kswdc.org

## കേരള സംസ്ഥാന ശിശുക്ഷേമ സമിതി

കുട്ടികളുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന നോൺ പ്രോഫിറ്റ് ഗവൺമെന്റ് ഓർഗനൈസേഷനാണ് കേരള സംസ്ഥാന കൗൺസിൽ ഫോർ ചൈൽഡ് വെൽഫെയർ. മുഖ്യമന്ത്രി പ്രസിഡന്റും, സാമൂഹ്യക്ഷേമ മന്ത്രി വൈസ്പ്രസിഡന്റുമായ സംഘടനയുടെ രക്ഷാധികാരി ഗവർണ്ണറാണ്. സംസ്ഥാന-കേന്ദ്ര ഗവൺമെന്റുകൾ നൽകുന്ന ധനസഹായത്തിലാണ് കൗൺസിൽ പ്രവർത്തിക്കുന്നത്. ദൈനംദിന പ്രവർത്തനങ്ങൾ ഒരു കമ്മിറ്റിയുടെ ചുമതലയിലാണ് നടക്കുന്നത്.

തൈക്കാട്
തിരുവനന്തപുരം - 695 014
ഫോൺ: 0471 - 2324932
ഫാക്സ്: 2321963
ഇ-മെയിൽ: childwelfarekerala@gmail.com
വെബ്സൈറ്റ്: www.ksccw.org, www.childwelfare.kerala.org

## കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ്

കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ്. സന്നദ്ധസംഘടനകൾക്ക് സഹായങ്ങൾ നൽകി കുട്ടികളുടെ ക്ഷേമത്തിനുവേണ്ടിയും സ്ത്രീശാക്തീകരണത്തിനുമായി പ്രവർത്തിക്കുന്ന സംഘടനകളുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുകയാണ് ബോർഡിന്റെ ലക്ഷ്യം.

ശാസ്തമംഗലം,
തിരുവനന്തപുരം - 10
ഫോൺ: 0471 2722258
ഫാക്സ്: 04712310082
ഇ-മെയിൽ: keralaswb@yahoo.co.in
വെബ്സൈറ്റ്: www.cswb.gov.in

## കേരള സംസ്ഥാന വനിത കമ്മീഷൻ

കേരള വനിത കമ്മീഷൻ നിയമത്തിലെ സെക്ഷൻ 5 പ്രകാരം രൂപീകരിച്ച കേരള വനിത കമ്മീഷൻ നിലവിൽ വന്നത് 1996 മാർച്ച് 14 നാണ്. കേരളത്തിലെ സ്ത്രീകളുടെ ജീവിതാവസ്ഥ മെച്ചപ്പെടുത്തുക, അവർക്ക് നേരെയുള്ള അതിക്രമങ്ങൾ തടയുക എന്നിവയാണ് വനിത കമ്മീഷന്റെ മുഖ്യ ലക്ഷ്യങ്ങൾ.

ലോർഡ്സ് ചർച്ചിനു സമീപം,
പിഎംജി, പട്ടം, തിരുവനന്തപുരം - 4
ഫോൺ: 0471-2302590,2300509, 2307589,2309878
ഫാക്സ്: 2307590
ഇ-മെയിൽ: keralawomenscommission@yahoo.co.in
വെബ്സൈറ്റ്: www.keralawomenscommission.gov.in

## കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ

ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവരുടെ പുനരധിവാസത്തിനും അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും ആവശ്യമായ പദ്ധതികൾ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുക.

അത്തരം ആളുകൾക്കോ സംഘങ്ങൾക്കോ അല്ലെങ്കിൽ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന സംഘടനകൾക്കോ വേണ്ട സാമ്പത്തികവും സാങ്കേതികവുമായ പിന്തുണ നൽകുക എന്നിവയാണ് കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെ മുഖ്യ പ്രവർത്തനങ്ങൾ.

പൂജപ്പുര, തിരുവനന്തപുരം - 695 012
ഫോൺ: 0471 - 2347768
ഫാക്സ്: 2340568
ഇ-മെയിൽ: ks_kshwc@yahoo.com
വെബ്സൈറ്റ്: www.handicapped.kerala.gov.in

## സ്റ്റേറ്റ് കമ്മീഷണറേറ്റ് ഫോർ പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ്

1995 ലെ വികലാംഗ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയാണ് സ്റ്റേറ്റ് കമ്മീഷണറേറ്റ് ഫോർ പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസിന്റെ മുഖ്യ ചുമതല. അംഗവൈകല്യമുള്ളവർക്കുള്ള തിരിച്ചറിയൽ കാർഡിന്റെ വിതരണം ഉറപ്പുവരുത്തുക, വികലാംഗർക്കുള്ള 3% ജോലി സംവരണം ഉറപ്പുവരുത്തുക, പബ്ലിക് സർവ്വീസ് കമ്മീഷനിലൂടെ ഗവൺമെന്റ് ജോലികളിൽ വികലാംഗരുടെ നിയമനം നടത്തുക, ആരോഗ്യ ക്യാമ്പുകൾ നടത്തുകയോ അതിനു വേണ്ട സഹായം നൽകുകയോ ചെയ്യുക, വികലാംഗർക്കുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തുക, ഗവേഷണം, ബോധവത്കരണ ക്യാമ്പുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക എന്നിവയാണ് ചുമതലകൾ.

സെക്രട്ടറിയേറ്റ് അനക്സ്,
തിരുവനന്തപുരം - 695 001
ഫോൺ: 0471-2324004
ഫാക്സ്: 0471-2324004

# സാമൂഹ്യക്ഷേമവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളും സേവനങ്ങളും സ്ഥാപനങ്ങളും

## കുട്ടികൾക്കും സ്ത്രീകൾക്കുംവേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ

### സംയോജിത ശിശു വികസന സേവന പദ്ധതി (Integrated Child Development Services- ICDS)

ആരോഗ്യമുള്ള ജനവിഭാഗമാണ് ഒരു രാഷ്ട്രത്തിന്റെ മുതൽക്കൂട്ട് എന്ന ആശയം മുന്നിൽക്കണ്ടു കൊണ്ട് 1975 ൽ ആരംഭിച്ച ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സംയോജിത ശിശു വികസന സേവന പദ്ധതി. സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്ന ഏറ്റവും ബൃഹത്തായ പദ്ധതിയാണിത്. മലപ്പുറം ജില്ലയിലെ വേങ്ങര ബ്ലോക്കിൽ തുടക്കം കുറിച്ച ഈ പദ്ധതി ഇന്ന് 258 ഐസിഡിഎസ് പ്രോജക്ടുകളുടെ കീഴിൽ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കി വരുന്നു. സമഗ്ര ശിശുവികസനത്തിൽ അനിവാര്യമായ വ്യത്യസ്ത സേവനങ്ങൾ ഒരേസമയം ഒരേ സ്ഥലത്തുനിന്ന് ലഭ്യമാക്കി മെച്ചപ്പെട്ട പ്രയോജനം സാദ്ധ്യമാക്കുക എന്നതാണ് ഐസിഡിഎസിന്റെ ദർശനം. 100% കേന്ദ്ര സഹായ പദ്ധതിയായിരുന്ന ഐസിഡിഎസ് പദ്ധതിയുടെ ചെലവുകൾ 2009-10 വർഷം മുതൽ 90:10 അനുപാതത്തിൽ തുകകൾ കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും വഹിച്ചുവരുന്നു. മാനവശേഷി വികസനം ലക്ഷ്യമാക്കി മാതൃശിശുക്ഷേമ സേവനങ്ങൾ ഒരുമിച്ച് ലഭ്യമാക്കുന്നതിനും ഏറ്റവും താഴെത്തട്ടിലുള്ള സാമൂഹ്യ വിഭവ കേന്ദ്രമാണ് ഐസിഡിഎസ് പദ്ധതിയിലെ അംഗൻവാടി കേന്ദ്രങ്ങൾ. 258 ഐസിഡിഎസ് പ്രോജക്ടുകളിലായി 33,115 അംഗൻവാടികളും 129 മിനി അംഗൻവാടികളും പ്രവർത്തിച്ചുവരുന്നുണ്ട്.

#### പദ്ധതിയുടെ ലക്ഷ്യങ്ങൾ

1. 6 വയസ്സുവരെയുള്ള കുട്ടികളുടെ പോഷകാരോഗ്യ നിലവാരം മെച്ചപ്പെടുത്തുക.
2. ശിശുവിന്റെ ശാരീരികവും, മാനസികവും, സാമൂഹികവുമായ വികസനത്തിന് അടിത്തറ പാകുക.
3. ശിശുമരണം, രോഗാതുരത, പോഷകക്കുറവ്, സ്കൂളിൽനിന്നുള്ള കൊഴിഞ്ഞുപോക്ക് എന്നിവയുടെ തോതു കുറയ്ക്കുക.
4. ശിശുവികസനത്തിന് അനുയോജ്യമായ വിധത്തിൽ വിവിധ വകുപ്പുകൾ തമ്മിൽ നയരൂപീകരണത്തിലും നടത്തിപ്പിലും ഏകോപനം വരുത്തുക.
5. ശിശുക്കളുടെ ശരിയായ ആരോഗ്യവും, പോഷകാവശ്യകതയും ശ്രദ്ധിക്കുവാൻ തക്കവിധത്തിൽ അമ്മമാരുടെ കഴിവ് വർദ്ധിപ്പിക്കുക.

#### ഗുണഭോക്താക്കൾ

1. 6 വയസ്സിൽ താഴെപ്രായമുള്ള കുട്ടികൾ
2. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ
3. കൗമാരപ്രായക്കാരായ പെൺകുട്ടികൾ
4. 18നും 45 വയസ്സിനുമിടയിൽ പ്രായമുള്ള സ്ത്രീകൾ

#### സേവനങ്ങൾ

1. അനുപൂരക പോഷകാഹാരം, വളർച്ചാ നിരീക്ഷണം
2. ആരോഗ്യ പരിശോധന
3. പരാമർശ സേവനം
4. ആരോഗ്യ പ്രതിരോധ കുത്തിവയ്പും ചികിത്സയും
5. ആരോഗ്യ പോഷണ വിദ്യാഭ്യാസം
6. അനൗപചാരിക പ്രീ-പ്രൈമറി വിദ്യാഭ്യാസം

## ഐസിഡിഎസ് പദ്ധതി മുഖാന്തിരം കുട്ടികൾക്കും സ്ത്രീകൾക്കും വേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ

### അംഗൻവാടികളിൽ കൂടിയുള്ള അനൗപചാരിക പ്രീപ്രൈമറി വിദ്യാഭ്യാസം

അംഗൻവാടികളിൽ ഹാജരാകുന്ന 3 വയസ്സ് മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്കാണ് അനൗപചാരിക വിദ്യാഭ്യാസം നൽകുന്നത്. കളികൾക്ക് പ്രാധാന്യം നൽകി കുഞ്ഞുങ്ങൾക്ക് ലഭിക്കേണ്ട വിവിധങ്ങളായ അനുഭവങ്ങൾ ഉൾപ്പെടുത്തിയ പാഠ്യരീതിയാണ് അംഗൻവാടികളിൽ നടപ്പിലാക്കുന്നത്. 9.30 മുതൽ 3.30 വരെയാണ് അംഗൻവാടി പ്രവർത്തനസമയം. അംഗൻവാടി പ്രി സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി സാമൂഹ്യക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ മഴവില്ല് എന്ന പേരിൽ പരിഷ്കരിച്ച പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഈ പാഠ്യപദ്ധതി അടിസ്ഥാനമാക്കിയുള്ള അനൗപചാരിക പ്രീപ്രൈമറി വിദ്യാഭ്യാസമാണ് ഇവിടെ നൽകിവരുന്നത്.

### രോഗപ്രതിരോധ പ്രവർത്തനങ്ങൾ

ആറു വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ഡിഫ്തീരിയ, വില്ലൻചുമ, ടെറ്റനസ്, ടൈഫോയ്ഡ്, ടി.ബി, അഞ്ചാംപനി എന്നീ രോഗങ്ങൾക്കെതിരായ പ്രതിരോധ നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ അംഗൻവാടികൾക്ക് സമീപമുള്ള ഒരു വയസ്സ് തികയാത്ത കുട്ടികൾക്ക് ബിസിജി, ഡിപിറ്റി, പോളിയോ, അഞ്ചാംപനി തുടങ്ങിയവക്കെതിരായ വാക്സിൻ നൽകുന്നുണ്ട്. കുട്ടികളുടെ വികസനവും പരിരക്ഷയും അതിജീവനവും ഉറപ്പാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ കർമ്മപദ്ധതി. രോഗപ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി സെപ്റ്റംബർ 7-ന് വാർഡ് ഹെൽത്ത് ഡേയും ന്യൂട്രീഷൻ ഡേയും ആചരിച്ചുവരുന്നു. ഓരോ പ്രദേശത്തെയും പ്രതിരോധ കുത്തിവയ്പുകൾ എടുത്തിട്ടില്ലാത്ത എല്ലാ കുട്ടികളുടേയും ഭാഗികമായി പ്രതിരോധ കുത്തിവയ്പുകൾ എടുത്തിട്ടുള്ള കുട്ടികളുടേയും പൂർണ്ണവിവരങ്ങൾ അംഗൻവാടി വർക്കർമാർ ശേഖരിച്ച് അത്തരം കുട്ടികളെ പ്രസ്തുത ദിനങ്ങളിൽ നടത്തുന്ന പ്രതിരോധ കുത്തിവയ്പുകളിൽ പങ്കെടുപ്പിച്ചുവരുന്നു. ഈ ദിവസങ്ങളിൽ സൂപ്പർവൈസർമാർ, സിഡിപിഒമാർ ബന്ധപ്പെട്ട ജെ.പി.എച്ച്.എൻമാർ എന്നിവരുടെ സേവനം അംഗൻവാടിയിൽ ലഭ്യമാക്കുകയും, ആരോഗ്യം, പോഷണം, ശുചിത്വം, രോഗപ്രതിരോധം എന്നീ വിഷയങ്ങളിൽ ക്ലാസ് സംഘടിപ്പിക്കുകയും ചെയ്യുന്നു.

### കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കായുള്ള സൈക്കോ സോഷ്യൽ സർവ്വീസ് (സ്കൂൾ കൗൺസലിംഗ് പ്രോഗ്രാം)

2006-07 സാമ്പത്തിക വർഷം കിശോരി ശക്തി യോജനയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 163 സ്കൂളുകളിൽ കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കായി അഡോളസന്റ് ഹെൽത്ത് ക്ലിനിക്/കൗൺസലിംഗ് പ്രോഗ്രാം നടപ്പിലാക്കുകയുണ്ടായി. പ്രസ്തുത സ്കൂളുകളിൽ യോഗ്യതയുള്ള (എംഎ) സൈക്കോളജി അഥവാ എംഎസ്ഡബ്ല്യു) ഒരു വനിതാ കൗൺസിലറെ പ്രതിമാസം 6500 രൂപ ഹോണറേറിയം നൽകി നിയമിച്ച് കൗമാരപ്രായക്കാരായ സ്കൂൾ വിദ്യാർത്ഥിനികൾക്ക് കൗൺസലിംഗ് സേവനങ്ങൾ നൽകുക, ആരോഗ്യവകുപ്പ്, എൻആർഎച്ച്എം എന്നീ ഏജൻസികളുടെ സഹകരണത്തോടെ ആരോഗ്യ പരിശോധന, ആരോഗ്യ പോഷണ വിദ്യാഭ്യാസവും, മാർഗ്ഗനിർദ്ദേശങ്ങളും നൽകുക തുടങ്ങിയ സേവനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2009-10 വർഷം സൈക്കോസോഷ്യൽ പദ്ധതി 251 സ്കൂളുകളിൽ കൂടി വ്യാപിപ്പിച്ചു. 2010-11 ൽ 86 സ്കൂളുകളിൽകൂടി വ്യാപിപ്പിക്കുകയും കെഎസ്വൈ പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നുവന്നിരുന്ന 163 സ്കൂളുകളിലെ കൗൺസലിംഗ് പരിപാടികൂടി സൈക്കോ സോഷ്യൽ സർവീസ് പദ്ധതിയിൽ ഉൾപ്പെടുത്തി ഇപ്പോൾ 500 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിൽ തെരഞ്ഞെടുത്ത 163 സ്കൂളുകളിൽ സാനിറ്ററി നാപ്കിൻ വെന്റിംഗ് മെഷിൻ സ്ഥാപിച്ച് അതിലൂടെ കുട്ടികൾക്ക് 1 രൂപ നിരക്കിൽ നാപ്കിൻ നൽകുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

## അനുപൂരക പോഷകാഹാര പദ്ധതി

സംയോജിത ശിശുവികസന സേവന പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട സേവനങ്ങളിൽ ഒന്നാണ് അംഗൻവാടികൾ വഴി നടപ്പിലാക്കിവരുന്ന അനുപൂരക പോഷകാഹാര പദ്ധതി. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 6 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് അംഗൻവാടികൾ വഴി പോഷകാഹാരം നൽകി വരുന്നു. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഫലമായി കേരളത്തിൽ അനുപൂരക പോഷകാഹാര പദ്ധതിയുടെ നിർവ്വഹണ ചുമതല ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി നൽകിയിട്ടുണ്ട്. അനുപൂരക പോഷകാഹാര പദ്ധതി 50% കേന്ദ്ര സഹായ പദ്ധതിയാണ്. 2005-06 മുതൽ പ്രസ്തുത പദ്ധതിയ്ക്കായി ചെലവാകുന്ന തുകയുടെ 50% മാനദണ്ഡങ്ങൾക്ക് വിധേയമായി കേന്ദ്രസർക്കാർ നൽകിവരുന്നു. നിലവിൽ അനുപൂരക പോഷകാഹാര പദ്ധതിയുടെ സാമ്പത്തിക പോഷണ മാനദണ്ഡങ്ങൾ കേന്ദ്ര സർക്കാർ പുതുക്കി നിശ്ചയിച്ചിട്ടുള്ളത് താഴെപറയും പ്രകാരമാണ്.

| വിഭാഗം | ഒരു ഗുണഭോക്താവിന് ഒരു ദിവസം അനുവദിച്ചിട്ടുള്ള തുക (Rs.) | ഭക്ഷണത്തിലടങ്ങിയിരിക്കേണ്ട കലോറി (K cal) | ഭക്ഷണത്തിലടങ്ങിയിരിക്കേണ്ട പ്രോട്ടീൻ |
|---|---|---|---|
| 6 വയസ്സിനു താഴെയുള്ള കുട്ടികൾ | 4.00 | 500 | 12-15 |
| ഗുരുതരമായ പോഷണക്കുറവുള്ള കുട്ടികൾ (6 മാസം മുതൽ 6 വയസ്സുവരെ) | 6.00 | 800 | 20-25 |
| ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ | 5.00 | 600 | 18-20 |

കേന്ദ്രസർക്കാരിന്റെ പുതുക്കിയ മാനദണ്ഡങ്ങൾക്കനുസൃതമായി വിവിധ വിഭാഗങ്ങളിലെ ഗുണഭോക്താക്കൾക്ക് പോഷകാഹാരം നൽകിവരുന്നു. 3 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം വീടുകളിൽ കൊടുത്തുവിടുന്നുണ്ട്. അംഗൻവാടികളിലെ പ്രീ സ്കൂൾ കുട്ടികൾക്ക് രാവിലെ പ്രഭാത ലഘുഭക്ഷണം, ഉച്ചയ്ക്ക് കഞ്ഞി, വൈകുന്നേരം ജനറൽ ഫീഡിംഗ് എന്നിങ്ങനെ മൂന്നുനേരം ഭക്ഷണം നൽകുന്നു. ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് വൈകുന്നേരം ജനറൽ ഫീഡിംഗ് നൽകിവരുന്നു.

## ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി (THRS)

അംഗൻവാടികൾ വഴി മൂന്ന് വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് പോഷകാഹാരം വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി (THRS). പ്രസ്തുത പദ്ധതി പ്രകാരം 3 വയസ്സുവരെ പ്രായമുള്ള കുഞ്ഞുങ്ങൾക്ക് നിർദ്ദിഷ്ട പോഷകമൂല്യമടങ്ങിയ ഭക്ഷ്യമിശ്രിതം (500 K cal & 12-15 gm പ്രോട്ടീൻ) വീടുകളിൽ കൊടുത്തുവിടുന്നു. കുടുംബശ്രീ യൂണിറ്റുകൾ തയ്യാറാക്കുന്ന ന്യൂട്രിമിക്സ് എന്ന ഭക്ഷ്യ മിശ്രിതമാണ് ഇപ്രകാരം നൽകിവരുന്നത്. കേരളത്തിലെ 258 ഐസിഡിഎസ് പ്രോജക്ടുകളിലും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്. നിലവിൽ ഒരു കുട്ടിയ്ക്ക് ഒരു ദിവസത്തേയ്ക്ക് 135 ഗ്രാം വീതം 15 ദിവസത്തേയ്ക്കുള്ള ന്യൂട്രിമിക്സാണ് വീടുകളിൽ കൊടുത്തുവിടുന്നത്.

## ഐസിഡിഎസ് ട്രെയിനിംഗ്

സംയോജിത ശിശുവികസന പദ്ധതിയിലെ കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ടുള്ള പരിശീലനം, കേന്ദ്ര സർക്കാരിൽനിന്നുള്ള ഗ്രാന്റ് ഉപയോഗിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഐസിഡിഎസിന്റെ സിഡിപിഒ, പിഒ എന്നിവർക്കായുള്ള പരിശീലന പരിപാടി കേന്ദ്രസർക്കാർ ഏജൻസി

യായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് കോ-ഓപ്പറേഷൻ ഫോർ ചൈൽഡ് ഡെവലപ്പ്മെന്റ് (NIPCCD) വഴി നടന്നുവരുന്നു. സൂപ്പർവൈസർമാരുടെ പരിശീലനം എംഎൽടിസിയിലും അംഗൻവാടി വർക്കർ/ ഹെൽപ്പർമാരുടെ ജോബ്/റിഫ്രഷർ ട്രെയിനിംഗ് അംഗൻവാടി ട്രെയിനിംഗ് സെന്ററുകൾ വഴിയും നടത്തിവരുന്നു. അംഗൻവാടി വർക്കർ/ഹെൽപ്പർമാർക്ക് പരിശീലനം നൽകുന്നത് സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള ട്രെയിനിംഗ് സെന്ററുകളിലാണ്. നിലവിൽ സർക്കാർ അംഗീകരിച്ച സൂപ്പർവൈസർമാരുടെ ട്രെയിനിംഗ് സെന്റർ ഒരെണ്ണവും വർക്കർ/ഹെൽപ്പർ ട്രെയിനിംഗ് സെന്റർ 13 എണ്ണവും പ്രവർത്തിക്കുന്നുണ്ട്.

### പരിശീലനകേന്ദ്രങ്ങൾ

1. AWTC, കേരള സംസ്ഥാന ശിശുക്ഷേമ സമിതി, കുമാരി സദനം, അമരവിള, 9895818820
2. AWTC, കമ്യൂണിറ്റി വെൽഫെയർ സെന്റർ, കല്ലാറ്റുമുക്ക്, തിരുവനന്തപുരം, 0471-2458368, 9446101664
3. AWTC, കേരള സംസ്ഥാന ശിശുക്ഷേമ സമിതി, തൈയ്ക്കാട്, തിരുവനന്തപുരം, 9495950748
4. AWTC, കേരള സംസ്ഥാന ശിശുക്ഷേമ സമിതി, ആനുവേലിൽ വീട്, താഴത്തുശ്ശേരി, കുട്ടിക്കട, കൊല്ലം, 9446194404 / 9847230798
5. AWTC, കേരള സോഷ്യോളജിസ്റ്റ് ഫോറം, റയിൽവേ സ്റ്റേഷനു സമീപം, തിരുവല്ല, 9447077479 / 9846975133
6. AWTC, കേരള സംസ്ഥാന ശിശുക്ഷേമ സമിതി, കടവന്ത്ര, കൊച്ചി, 0484-2203883
7. AWTC, കുന്നത്തുനാട് താലൂക്ക് എൻഎസ്എസ് കരയോഗ യൂണിയൻ, പെരുമ്പാവൂർ, 0484-2522582 / 0484-2522587
8. AWTC, കേരള സംസ്ഥാന ശിശുക്ഷേമ സമിതി, ഒല്ലൂക്കര, തൃശ്ശൂർ, 0487-2370202
9. AWTC, കേരള സംസ്ഥാന ശിശുക്ഷേമ സമിതി, കൊടുവായൂർ, പെരുവമ്പ്, പാലക്കാട്, 0492-3208095
10. AWTC, കേരള സംസ്ഥാന ശിശുക്ഷേമ സമിതി, ചേവായൂർ, കോഴിക്കോട്, 0495-2357671
11. AWTC, കേരള സംസ്ഥാന ശിശുക്ഷേമ സമിതി, പിണറായി, കണ്ണൂർ, 9447642720
12. AWTC, കേരള സംസ്ഥാന ശിശുക്ഷേമ സമിതി, വാണിയംപുരയ്ക്കൽ, മന്ദിരം ആശുപത്രിക്കു സമീപം, മാങ്ങാനം, കോട്ടയം, 9947754416
13. AWTC, കേരള സംസ്ഥാന ശിശുക്ഷേമ സമിതി, പുത്തരിയടുക്കം, കാസർഗോഡ്, 9447085100
14. MLTC, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കളമശ്ശേരി, 0484-2550190 / 0484-2555564

### ഫ്ളക്സി ഫണ്ട്

ഐസിഡിഎസ് പദ്ധതിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന അംഗൻവാടി കേന്ദ്രങ്ങളിൽ അടിയന്തിര ഘട്ടങ്ങളിൽ വേണ്ടിവരുന്ന സാമ്പത്തികാവശ്യങ്ങൾ നേരിടുന്നതിനായി ഫ്ളക്സി ഫണ്ട് എന്ന പേരിൽ അംഗൻവാടി കേന്ദ്രം ഒന്നിന് പ്രതിവർഷം 1000 രൂപ നിരക്കിൽ ചുവടെ കാണിച്ചിരിക്കുന്ന ആവശ്യങ്ങൾക്ക് ചെലവഴിക്കുന്നതിന് സർക്കാർ അനുവദിച്ചിട്ടുണ്ട്.

1. അംഗൻവാടി ഗുണഭോക്താക്കൾക്ക് അടിയന്തിര ഘട്ടങ്ങളിൽ വൈദ്യസഹായം ലഭ്യമാക്കുന്നതിനുള്ള യാത്രാസൗകര്യം ഏർപ്പെടുത്തൽ
2. സാമൂഹിക സമ്പർക്ക പരിപാടി നടപ്പിലാക്കൽ
3. അപ്രതീക്ഷിത റഫറൽ സർവ്വീസസ് ഏർപ്പെടുത്തൽ, അംഗൻവാടികളിലേയ്ക്കാവശ്യമായ പാത്രങ്ങൾ, ക്ലീനിംഗ് ആന്റ് വാഷിംഗ് പൗഡർ, ലോഷൻ എന്നിവ വാങ്ങൽ.

തുക അംഗൻവാടി വർക്കർമാർക്കാണ് നൽകുന്നത്.

### അംഗൻവാടികളിലേയ്ക്ക് ആവശ്യമായ മെഡിസിൻ കിറ്റുകൾ

അംഗൻവാടി പ്രവർത്തകർക്ക് കൈകാര്യം ചെയ്യുവാൻ കഴിയുന്ന മരുന്നിനങ്ങൾ ഉൾപ്പെടുത്തി പ്രതിവർഷം 600 രൂപ ചെലവഴിച്ച് മരുന്നുകിറ്റുകൾ വാങ്ങി ഓരോ അംഗൻവാടിയിലും വിതരണം ചെയ്യുന്നതിന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ചുവടെ കാണിച്ചിരിക്കുന്ന മരുന്നുകളാണ് മെഡിസിൻ കിറ്റിൽ ഉൾപ്പെടുത്തുന്നത്.

1. പാരസെറ്റമോൾ ഗുളിക (500 mg)
2. പാരസെറ്റമോൾ സിറപ്പ് (125 mg/5 ml) 60 ml.
3. ആൽബൻഡസോൾ ഗുളിക 400 mg
4. ORS പൗഡർ (WHO ഫോർമുല)
5. അയൺ ആന്റ് ഫോളിക് ആസിഡ് ഗുളിക (അഡൾട്ട്) (എലിമെന്റൽ അയൺ 100 mg + ഫോളിക് ആസിഡ് 100 mg)
6. അയൺ ആന്റ് ഫോളിക് ആസിഡ് ഗുളിക (പീഡിയാട്രിക്) (എലിമെന്റൽ അയൺ 20 mg + ഫോളിക് ആസിഡ് 100 mcg)
7. പോവിഡോൺ അയഡിൻ ഓയിന്റ്മെന്റ്
8. ബൻസൈൽ ബൻസോയേറ്റ് ആപ്ലിക്കേഷൻസ് (500 ml)
9. വൈറ്റ്ഫീൽഡ് ഓയിന്റ്മെന്റ് (15 mg)
10. കാർമിനേറ്റീവ് മിക്സ്ചർ (500 ml)

പ്രൈമറി ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസർ, ജെ.പി.എച്ച്.എൻ എന്നിവരുടെ സേവനം ഇക്കാര്യത്തിൽ അംഗൻവാടി പ്രവർത്തകർക്ക് ലഭ്യമാണ്.

## പ്രി സ്കൂൾ കിറ്റുകൾ

ഐസിഡിഎസ് പദ്ധതിയിൽ പ്രി സ്കൂൾ വിദ്യാഭ്യാസത്തിന് ഏറെ പ്രാധാന്യം നൽകിയിട്ടുണ്ട്. കുട്ടികളുടെ ജീവിതത്തിലെ നിർണ്ണായക കാലമാണ് ആദ്യവർഷങ്ങൾ എന്നതുകൊണ്ടുതന്നെ അവരുടെ സമ്പൂർണ്ണ വികാസത്തിൽ ഊന്നൽ നൽകിയാണ് പ്രി സ്കൂൾ വിദ്യാഭ്യാസം അംഗൻവാടികളിലൂടെ നൽകിവരുന്നത്. അംഗൻവാടികളിലൂടെ നൽകിവരുന്ന പ്രി സ്കൂൾ പ്രവർത്തനങ്ങൾ ചുവടെ കാണിച്ചിരിക്കുന്നയാണ്.

1. ശാരീരികചാലക വികാസം
2. വൈജ്ഞാനിക വികാസം
3. ഭാഷാ വികാസം
4. സാമൂഹിക വൈകാരിക വികാസം
5. സർഗ്ഗാത്മകതയും ശാസ്ത്രീയബോധവും

മുകളിൽ കാണിച്ചിരിക്കുന്ന ശാരീരിക മാനസിക വികാസ പ്രവർത്തനങ്ങൾ കുട്ടികളിൽ ഉണ്ടാക്കിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രി സ്കൂൾ കിറ്റുകളിൽ ഉൾപ്പെടുത്തുന്ന ഇനങ്ങൾ തെരഞ്ഞെടുക്കുന്നത്. പ്രി സ്കൂൾ കിറ്റുകളിലെ ഇനങ്ങൾ തെരഞ്ഞെടുക്കുന്നതു സംബന്ധിച്ച് സർക്കാർ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വകുപ്പദ്ധ്യക്ഷൻ, അഡീഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, ഫിനാൻസ് ഓഫീസർ എന്നിവരെക്കൂടാതെ, എസ്.സി.ഇ.ആർ.ടി, എസ്.എസ് എ, യൂനിസെഫ് എന്നിവയുടെ പ്രതിനിധികളും ടെക്നിക്കൽ കമ്മിറ്റിയിൽ അംഗങ്ങളായിരിക്കും. അംഗൻവാടി ഒന്നിന് പ്രതിവർഷം 1000 രൂപ അംഗൻവാടി പ്രി സ്കൂൾ കിറ്റുകൾ വാങ്ങാൻ അനുവദിച്ചിട്ടുണ്ട്.

## രാജീവ് ഗാന്ധി സ്കീം ഫോർ എംപവർമെന്റ് ഓഫ് അഡോളസെന്റ് ഗേൾസ് (RGSEAG) - SABLA

കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ സമഗ്ര വികസനത്തിന് വേണ്ടിയുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ കിശോരി ശക്തിയോജന 2008-09 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിയിരുന്നു. കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കുള്ള ന്യൂട്രിഷൻ പദ്ധതിയായ എൻ.പി.എ.ജി മലപ്പുറത്തും പാലക്കാട്ടും നടപ്പിലാക്കിയിരുന്നു. ഈ രണ്ട് പദ്ധതികളും സംയോജിപ്പിച്ചുകൊണ്ട് കേന്ദ്രസർക്കാർ വിമൻ & ചൈൽഡ് ഡവലപ്പമെന്റിൽ നിന്നുള്ള 27.09.2010 ലെ 6-12/2010 RGSEAG കത്ത് പ്രകാരം നൂതന പദ്ധതിയായി രാജീവ് ഗാന്ധി സ്കീം ഫോർ അഡോളസെന്റ് ഗേൾസ് (SABLA) പദ്ധതി ആരംഭിയ്ക്കുന്നതിന് ഉത്തരവായി. സംസ്ഥാനത്ത് ഇടുക്കി, കൊല്ലം, മലപ്പുറം, പാലക്കാട് എന്നീ 4 ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. തെരഞ്ഞെടുത്ത 4 ജില്ലകളിലെ 50 ഐസിഡിഎസ് പ്രോജക്ടുകൾ വഴി പ്രോജക്ട് ഒന്നിന് 3.80 ലക്ഷം രൂപ പ്രകാരം നോൺ ന്യൂട്രീഷൻ സേവനങ്ങൾക്ക്

കേന്ദ്രസർക്കാരിൽ നിന്ന് 100% സി.എസ്.എസ് ആയി 50 പ്രോജക്ടുകൾക്ക് തുക ലഭ്യമാകുന്നു.
പദ്ധതിയുടെ പ്രധാന ഘടകങ്ങൾ:

1. സപ്ലിമെന്ററി ന്യൂട്രിഷൻ
2. അയൺ ആന്റ് ഫോളിക് ആസിഡ് സപ്ലിമെന്റേഷൻ
3. ഹെൽത്ത് ചെക്കപ്പ് ആന്റ് റഫറൽ സർവ്വീസ്
4. ന്യൂട്രിഷൻ ആന്റ് ഹെൽത്ത് എഡ്യൂക്കേഷൻ
5. കൗൺസലിംഗ് ഗൈഡൻസ് ഓൺ ഫാമിലി വെൽഫെയർ, എ.ആർ.എസ്.എച്ച്, ചൈൽഡ് കെയർ പ്രാക്ടീസസ് ആന്റ് ഹോം മാനേജ്മെന്റ്
6. ലൈഫ് സ്കിൽ എഡ്യൂക്കേഷൻ ആന്റ് ആക്സെസ്സിംഗ് പബ്ലിക് സർവ്വീസസ്
7. 16 വയസ്സിന് മേൽ പ്രായമുള്ള പെൺകുട്ടികൾക്ക് വൊക്കേഷണൽ ട്രെയിനിംഗ്, എൻ.എസ്.ഡി.പി യുടെ കീഴിൽ

കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കുള്ള സപ്ലിമെന്ററി ന്യൂട്രിഷൻ ചെലവുകൾക്ക് മാനദണ്ഡങ്ങൾ പ്രകാരം 50% തുക കേന്ദ്ര സർക്കാരും ബാക്കി തുക സംസ്ഥാന സർക്കാരുമാണ് പദ്ധതി പ്രകാരം വഹിക്കേണ്ടത്.

## കണ്ടിഷണൽ മെറ്റേണിറ്റി ബനിഫിറ്റ് സ്കീം (ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന)

ഈ പദ്ധതി പ്രകാരം അംഗൻവാടിയിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ളതും നിബന്ധനകൾ പാലിച്ചിട്ടുള്ളതുമായ ഗർഭിണികളായ സ്ത്രീകൾക്ക് നാലാംമാസം 1500 രൂപയും പ്രസവാനന്തരം മൂന്നാം മാസം 1500 രൂപയും ആറാം മാസം 1000 രൂപയും ഉൾപ്പെടെ ആകെ 4000 രൂപ നിശ്ചിത നിബന്ധനകൾ പാലിക്കുന്നത് ഉറപ്പാക്കി ഗർഭാവസ്ഥ, മുലയൂട്ടൽ കാലയളവിൽ നൽകുന്നതാണ്. കേന്ദ്രസർക്കാർ വിമൻ & ചൈൽഡ് ഡെവലപ്പമെന്റ് നം. 09-5/2010 IGMSY തീയതി 8.11.2010 പ്രകാരം പദ്ധതി ഉത്തരവായിട്ടുള്ളതാണ്. ഇതിലേയ്ക്കായി ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പദ്ധതിയുടെ ഗുണം ലഭ്യമാകുന്നു എന്നത് ഉറപ്പാക്കുന്നതിലേയ്ക്ക് അംഗൻവാടി വർക്കർക്ക് 200 രൂപയും അംഗൻവാടി ഹെൽപ്പർക്ക് 100 രൂപയും നൽകുന്നതാണ്. കേന്ദ്ര സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ പാലക്കാട് ജില്ലയാണ് പരിപാടിക്കായി തെരഞ്ഞെടുത്തിരിക്കുന്നത്. പാലക്കാട് ജില്ലയിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുക കേന്ദ്രസർക്കാരിൽനിന്നും ലഭിക്കുന്നതാണ്.

## കാര്യകർത്രി ബീമായോജന

അംഗൻവാടി വർക്കർ/ഹെൽപ്പർ എന്നിവർക്കുവേണ്ടിയുള്ള ഒരു കേന്ദ്രാവിഷ്കൃത ഇൻഷുറൻസ് പദ്ധതിയാണിത്. എൽഐസി മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 200 രൂപയാണ് പ്രീമിയം. ഇതിൽ 100 രൂപ എൽഐസിയുടെ സോഷ്യൽ സെക്യൂരിറ്റി ഫണ്ടിൽനിന്നും 100 രൂപ ഗവൺമെന്റ് ഓഫ് ഇന്ത്യയുമാണ് വഹിക്കുന്നത്. കൂടാതെ 80 രൂപ അധിക പ്രീമിയം അടയ്ക്കുന്ന അംഗങ്ങൾക്ക് ക്രിട്ടിക്കൽ ഇൽനെസ്സിന്റെ കവറേജ് കൂടി ലഭിക്കുന്നതാണ്. എന്നാൽ ഈ ആനുകൂല്യത്തിനുവേണ്ടി അംഗങ്ങൾ വിഹിതം അടയ്ക്കുന്നത് 31.03.2011 വരെ ഒഴിവാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം അപകടംമൂലമല്ലാത്ത മരണം സംഭവിച്ചാൽ 30,000 രൂപയും അപകടമരണമോ അപകടത്താൽ സ്ഥിരമായ വൈകല്യമോ സംഭവിച്ചാൽ 75,000 രൂപയും അപകടംകൊണ്ട് ഭാഗികമായ അംഗവൈകല്യം സംഭവിച്ചാൽ 37,500 രൂപയും ആനുകൂല്യം ലഭിക്കുന്നതാണ്. കൂടാതെ 9-ാം ക്ലാസ് തൊട്ട് 12-ാം ക്ലാസ് വരെയുള്ള അംഗങ്ങളുടെ കുട്ടികളുടെ പഠനത്തിന് ത്രൈമാസ സ്കോളർഷിപ്പ് അനുവദിക്കുന്നതാണ്. കാൻസർ തുടങ്ങിയുള്ള മാരക രോഗങ്ങൾക്ക് 20,000 രൂപയും അനുവദിക്കുന്നതാണ്.

## അംഗൻവാടി വർക്കർ/ഹെൽപ്പർമാർക്ക് യൂണിഫോം, നെയിം ബാഡ്ജ്

2009-10 വർഷംമുതൽ അംഗൻവാടി വർക്കർ/ ഹെൽപ്പർമാർക്ക് യൂണിഫോം, നെയിംബാഡ്ജ് എന്നിവ കേന്ദ്രസർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. ഒരാൾക്ക് 200 രൂപ വീതം വിലവരുന്ന രണ്ട് യൂണിഫോം സാരികൾ നൽകുന്നതിനാണ് കേന്ദ്രാനുമതിയുള്ളത്. ഇതിൻപ്രകാരം 2009-2010 മുതൽ അംഗൻവാടി വർക്കർ/ ഹെൽപ്പർമാർക്ക് യൂണിഫോം സാരി വിതരണം ചെയ്തുവരുന്നു. അംഗൻവാടി വർക്കർ ഹെൽപ്പർമാർക്ക് നെയിം ടാഗ് നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

## സംയോജിത ശിശു സംരക്ഷണ പദ്ധതി (ഐ.സി.പി.എസ്)

നിലവിൽ നടപ്പിലാക്കിവരുന്ന വിവിധ ശിശു സംരക്ഷണ പദ്ധതികൾ (Child Protection Scheme) ഒരു കുടക്കീഴിൽ വരത്തക്കവിധം സംയോജിപ്പിച്ച്, സംയോജിത ശിശു സംരക്ഷണ പദ്ധതി എന്ന പേരിൽ കേന്ദ്രവനിതാ-ശിശു വികസന മന്ത്രാലയം ആവിഷ്കരിച്ച പദ്ധതിയാണിത്. ബാലനീതി (ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികൾ) നിയമം 2000 പ്രകാരമുള്ള ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾ നിയമപരമായി പൊരുത്തപ്പെടാത്ത കുട്ടികൾ എന്നിവരുടെ പരിപാലനം, സുരക്ഷ, പുനരധിവാസം തുടങ്ങിയവ സംയോജ ശിശു സംരക്ഷണ പദ്ധതിയുടെ കീഴിൽ വരുന്നുണ്ട്. 2009-10 വർഷം ഐ.സി.പി.എസ് സംസ്ഥാനത്ത് നിലവിൽ വന്നു.

### ലക്ഷ്യങ്ങൾ

1. ബാലനീതി സേവനങ്ങൾക്ക് പ്രാധാന്യം നൽകി സേവനസംഘടനക്ക് ശക്തി പകരുക.
2. എല്ലാ തലത്തിലും പരിശീലനം നൽകി വർദ്ധിപ്പിക്കുക.
3. ശിശുസംരക്ഷണ പദ്ധതികൾക്കുവേണ്ട വിവരശേഖരണവും വിജ്ഞാനശേഖരണവും നടത്തുക.
4. സാമൂഹ്യതലത്തിലും കുടുംബതലത്തിലും ശിശുസംരക്ഷണത്തിന് ശക്തിപകരുക.
5. എല്ലാ തലങ്ങളിലും ഉചിതമായ ശാക്തീകരണം ഉറപ്പാക്കുക.
6. പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക.

## ഐസിപിഎസ് സന്നദ്ധസംഘടനകൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ

### സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസി

6 വയസ്സിനുതാഴെയുള്ള കുട്ടികളെ താമസിപ്പിക്കുക, ദത്ത് നൽകാൻ യോഗ്യരായ കുട്ടികളെ ദത്ത് നൽകുന്ന പ്രക്രിയക്ക് വിധേയമാക്കുക, അമ്മത്തൊട്ടിൽ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഒരുക്കുക എന്നിവയാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതിപ്രകാരം സ്ഥാപനം നടത്തുന്ന ഏജൻസികൾക്ക് ധനസഹായം നൽകിവരുന്നു. കേരളത്തിൽ ഇപ്പോൾ ഇത്തരം 17 അംഗീകൃത ദത്ത് കേന്ദ്രങ്ങളുണ്ട്. ഇതിൽ 3 ഏജൻസികൾക്ക് കേന്ദ്രസർക്കാർ ഗ്രാന്റ് ലഭിക്കുന്നുണ്ട്.

### അഡോപ്ഷൻ കോ-ഓർഡിനേറ്റിംഗ് ഏജൻസി

അംഗീകൃത ദത്ത് നൽകൽ കേന്ദ്രങ്ങളുടെ പ്രവർത്തനറിപ്പോർട്ടുകൾ ക്രോഡീകരിക്കുക. വിലയിരുത്തുക, മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക എന്നിവയാണ് എ.സി.എയുടെ ചുമതല. കേരളത്തിൽ രാജഗിരി കോളേജ് കളമശ്ശേരി കേന്ദ്രമായി ഒരു എ.സി.എ പ്രവർത്തിക്കുന്നുണ്ട്. ഈ ഏജൻസിക്ക് തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ ഉപഏജൻസികളും പ്രവർത്തിക്കുന്നു.

### ചൈൽഡ് ലൈൻ സർവീസ്

വിഷമസന്ധികളിൽ ജീവിക്കുന്ന കുട്ടികളുടെ രക്ഷക്കായി പ്രവർത്തിക്കുന്ന ഒരു സേവനസംരംഭമാണ് ചൈൽഡ് ലൈൻ. കേന്ദ്ര മന്ത്രാലയത്തിന്റെ കീഴിൽ മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ചൈൽഡ്‌ലൈൻ ഇന്ത്യാ ഫൗണ്ടേഷൻ എന്ന സ്ഥാപനമാണ് ഇതിന്റെ കേന്ദ്രം. കേരളത്തിൽ ഇപ്പോൾ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, കോഴിക്കോട്, വയനാട്, മലപ്പുറം, കണ്ണൂർ, കാസർകോഡ്, പാലക്കാട് എന്നീ 13 ജില്ലകളിൽ ചൈൽഡ് ലൈൻ സർവീസ് ലഭ്യമാണ്. ചൈൽഡ് ലൈനിന്റെ സർവ്വീസിന് ബിഎസ്എൻഎലിന്റെ 1098 എന്ന ടോൾ ഫ്രീ നമ്പറിലേക്ക് 24 മണിക്കൂറും വിളിക്കാവുന്ന ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നു. കുട്ടികളുടെ സുരക്ഷ, സംരക്ഷണം, രക്ഷപ്പെടുത്തൽ തുടങ്ങിയ കാര്യങ്ങൾക്ക് ആർക്കു വേണമെങ്കിലും ഈ നമ്പരിലേക്ക് വിളിച്ച് വിവരങ്ങൾ ധരിപ്പിക്കാവുന്നതാണ്. ചൈൽഡ് ലൈൻ പ്രവർത്തകർ എത്തി കുട്ടികളെ മോചിപ്പിച്ച് പുനരധിവാസ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതാണ്. ഐ.സി.പി.എസ് പദ്ധതിപ്രകാരം ചൈൽഡ് ലൈനിന് ചിലവ് 100% കേന്ദ്രവിഹിതമാണ്.

## സാമൂഹ്യക്ഷേമ വകുപ്പിൻകീഴിൽ ബാലനീതി നിയമപ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

### 1. സ്പെഷ്യൽ ഹോം

കുറ്റം ചെയ്തതായി ആരോപിക്കപ്പെട്ട കുട്ടികളെ, ജെ.ജെ. ആക്ടിന്റെ വകുപ്പ് 10 സി പ്രകാരം, ഉചിതമായ പുനരധിവാസനടപടികൾ എടുക്കുന്നതിനുവേണ്ടിയാണ് സ്പെഷ്യൽ ഹോം സ്ഥാപിച്ചിട്ടുള്ളത്. ആൺകുട്ടികൾക്കായി തിരുവനന്തപുരം പൂജപ്പുരയിലും, പെൺകുട്ടികൾക്കായി കോഴിക്കോട് വെള്ളിമാട് കുന്നിലും ഓരോ സ്പെഷ്യൽ ഹോമുകൾ പ്രവർത്തിക്കുന്നു. ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ ഉത്തരവിൻ പ്രകാരമാണ് കുട്ടികളെ ഇവിടെ പ്രവേശിപ്പിക്കുന്നത്.

### 2. ഒബ്സർവേഷൻ ഹോം

കുറ്റം ചെയ്തതായി ആരോപിക്കപ്പെട്ട കുട്ടികൾക്കുള്ള താൽക്കാലിക നിരീക്ഷണ കേന്ദ്രങ്ങളാണ് ഒബ്സർവേഷൻ ഹോമുകൾ. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളെ സാധാരണയായി നാല് മാസത്തേക്കാണ് ഇവിടെ പാർപ്പിക്കുന്നത്. ഇടുക്കി ഒഴികെ കേരളത്തിലെ എല്ലാ ജില്ലകളിലും ഒബ്സർവേഷൻ ഹോമുകൾ പ്രവർത്തിക്കുന്നുണ്ട്. പെൺകുട്ടികൾക്കുള്ള ഏക ഒബ്സർവേഷൻ ഹോം കോഴിക്കോട് ജില്ലയിലാണ് പ്രവർത്തിക്കുന്നത്. ആകെ 14 ഒബ്സർവേഷൻ ഹോമുകൾ നിലവിലുണ്ട്.

### 3. ചിൽഡ്രൻസ് ഹോം

ബാലനീതി നിയമം 2000–ലെ 2 (ഡി) വകുപ്പിൽ നിർവചിച്ചിട്ടുള്ള പരിചരണവും പരിരക്ഷയും ആവശ്യമുള്ള കുട്ടികളുടെ സംരക്ഷണത്തിനും വിദ്യാഭ്യാസത്തിനും പരിശീലനത്തിനും പുനരധിവാസത്തിനുംവേണ്ടി സ്ഥാപിച്ചിട്ടുള്ള സ്ഥാപനമാണ് ചിൽഡ്രൻസ് ഹോം. കേരളത്തിലെ എട്ട് ചിൽഡ്രൻസ് ഹോമുകളിൽ ആറെണ്ണം ആൺകുട്ടികൾക്കുള്ളതാണ്. സമൂഹത്തിലെ സാമ്പത്തികവും, സാമൂഹികവും, വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിലെ കുട്ടികൾ, വീടില്ലാത്ത കുട്ടികൾ, ജീവിതമാർഗ്ഗമില്ലാത്ത കുട്ടികൾ, ബാലവേലയിൽനിന്നും മോചിപ്പിക്കപ്പെട്ട കുട്ടികൾ, തെരുവിൽ അലയുന്ന കുട്ടികൾ, ചൈൽഡ്‌ലൈൻ വഴി രക്ഷിക്കപ്പെട്ട കുട്ടികൾ തുടങ്ങി ശ്രദ്ധയും സംരക്ഷണവും ആവശ്യമായ വിഭാഗത്തിലുള്ളവരെയാണ് ചിൽഡ്രൻസ് ഹോമുകളിൽ പ്രവേശിപ്പിക്കപ്പെടുന്നത്. ചൈൽഡ് വെൽഫയർ കമ്മിറ്റികളുടെ ഉത്തരവിൻ പ്രകാരമാണ് പ്രവേശനം അനുവദിക്കുന്നത്.

## ബാലനീതി നിയമപ്രകാരമുള്ള അധികാരസ്ഥാപനങ്ങൾ

### 1. ജുവനൈൽ ജസ്റ്റിസ് ബോർഡ്

കുറ്റം ചെയ്തതായി ആരോപിക്കപ്പെട്ട കുട്ടികളുമായി ബന്ധപ്പെട്ട നിയമ നടപടിക്രമങ്ങൾ അനുകമ്പയോടെയും സമഗ്രമായും കൈകാര്യം ചെയ്യുന്നതിനായി രൂപീകരിച്ച സംവിധാനമാണ് ജുവനൈൽ ജസ്റ്റിസ് ബോർഡ്. ഒബ്സർവേഷൻ ഹോമുകളോട് അനുബന്ധിച്ചാണ് ഇത് പ്രവർത്തിക്കുന്നത്. ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റാണ് ബോർഡിന്റെ പ്രിൻസിപ്പൽ മജിസ്ട്രേറ്റ്. കുട്ടികളുടെ ക്ഷേമത്തിനായി പ്രവർത്തിച്ചിട്ടുള്ള രണ്ട് സാമൂഹ്യപ്രവർത്തകരെയും (ഒരാൾ വനിത) ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ കേരളത്തിലെ എല്ലാ ജില്ലകളിലും ജുവനൈൽ ജസ്റ്റിസ് ബോർഡുകൾ പ്രവർത്തിച്ചുവരുന്നു. ഒബ്സർവേഷൻ ഹോമുകളോട് അനുബന്ധിച്ചാണ് ജുവനൈൽ ജസ്റ്റിസ് ബോർഡ് പ്രവർത്തിച്ചുവരുന്നത്.

### 2. ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ

ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ അവകാശം, സംരക്ഷണം, സുരക്ഷ, പുനര

ധിവാസം എന്നിവയെക്കുറിച്ച് അന്വേഷിച്ച് പുനരധിവാസ നടപടികളെടുക്കുകയാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെ പ്രാഥമിക ചുമതലകൾ. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു. ഒരു ചെയർപേഴ്സണും നാല് അംഗങ്ങളും (ഒരാൾ വനിത) ഉൾപ്പെടുന്നതാണ് ഈ കമ്മിറ്റി. ഒരു കമ്മിറ്റിയുടെ കാലാവധി 3 വർഷമാണ്. ബാലനീതി സ്ഥാപനങ്ങളോടനുബന്ധിച്ചാണ് ഇത് പ്രവർത്തിക്കുന്നത്.

## സ്ത്രീകൾക്കുവേണ്ടിയുള്ള പദ്ധതികൾ

### സ്വാധർ സ്കീം

ജയിൽ മോചിതരായവർ, വിധവകൾ, അഗതികളായ സ്ത്രീകൾ എന്നിവരാണ് ഗുണഭോക്താക്കൾ. ഭക്ഷണം, താമസം, വസ്ത്രം, കൗൺസലിംഗ്, തൊഴിൽ പരിശീലനം എന്നിവ നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. സാമൂഹ്യക്ഷേമ ഡയറക്ടർക്കാണ് അപേക്ഷ നൽകേണ്ടത്.

### ലിംഗാവബോധ പരിപാടി

സ്ത്രീധനമാവശ്യപ്പെടൽ, ലൈംഗികപീഢനം, ഗാർഹികപീഢനം എന്നിങ്ങനെ സ്ത്രീകൾക്കെതിരായി വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ പ്രതിരോധിക്കുന്നതിന് നിയമത്തെ ഉപയോഗിക്കുന്നതിനും, പരിഹാരമാർഗ്ഗങ്ങൾ തേടുന്നതിനും സ്ത്രീകളേയും യുവതികളേയും പ്രാപ്തരാക്കുകയും, ബോധവൽക്കരണം നടത്തുകയും ചെയ്യുകയാണ് ഈ പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴി സാമൂഹ്യക്ഷേമ വകുപ്പ് ഇത്തരത്തിലുള്ള പ്രചരണ പരിപാടികൾ നടത്തിവരുന്നു. സംസ്ഥാനത്തെ വനിതാക്ഷേമ പ്രവർത്തനങ്ങൾ മാത്രം ഉൾക്കൊള്ളിച്ചുകൊണ്ട് www.keralawomen.gov.in എന്ന വെബ്പോർട്ടൽ വകുപ്പിന്റെ കീഴിൽ പ്രവർത്തനമാരംഭിച്ചത് ഒരു സുപ്രധാന കാൽവയ്പാണ്.

### ഫിനിഷിംഗ് സ്കൂൾ

തൊഴിലന്വേഷകരായ വനിതകൾക്ക് പരിശീലനം നൽകി, അവരുടെ കഴിവുകൾ ഉയർത്തി, അവരെ തൊഴിലുള്ളവരായി മാറ്റിത്തീർക്കുകയാണ് ഫിനിഷിംഗ് സ്കൂൾ പദ്ധതിയുടെ ലക്ഷ്യം. ഈ ലക്ഷ്യത്തിനായി ഐടിഐകൾ, എഞ്ചിനീയറിംഗ് കോളേജുകൾ, ഐഐഐടികൾ, സ്വകാര്യ പൊതുമേഖല വ്യവസായസ്ഥാപനങ്ങൾ എന്നിങ്ങനെ നിരവധി സ്ഥാപനങ്ങളുടെ സേവനങ്ങൾ ഉപയോഗിക്കുന്നുണ്ട്. തൊഴിൽ പരിശീലനം നൽകുന്നതോടൊപ്പം, പരിശീലനം പൂർത്തിയായവർക്ക് പുനരധിവാസത്തിനും സ്വന്തമായി യൂണിറ്റുകൾ നടത്തുന്നതിനുമായി ധനസഹായം നൽകുന്നതിനും ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. അപേക്ഷകർ വനിതാക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളോ സമീപപ്രദേശത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വനിതകളോ ആയിരിക്കണം. വനിതാക്ഷേമ സ്ഥാപന സൂപ്രണ്ടുമാർക്കാണ് അപേക്ഷ നൽകേണ്ടത്.

### മംഗല്യ (വിധവാ വിവാഹ പ്രോത്സാഹന പദ്ധതി)

വിധവകൾക്ക് കഴിവും പ്രാപ്തിയും സാമ്പത്തിക നിലയും ഉള്ള അവസരത്തിൽ സംരക്ഷകരുണ്ടായിരിക്കുകയും അവസാനനാളുകളിൽ ആരും സംരക്ഷിക്കാനില്ലെന്ന അവസ്ഥയുണ്ടാകുകയും ചെയ്യുന്നത് ഒഴിവാക്കാനാണ് വിധവാ വിവാഹ പ്രോത്സാഹന പദ്ധതി (മംഗല്യ പദ്ധതി) നടപ്പിലാക്കുന്നത്. അർഹതയുള്ളവർക്ക് 25,000 രൂപയുടെ ധനസഹായമാണ് നൽകുന്നത്. സിഡിപിഒമാർക്കാണ് അപേക്ഷ നൽകേണ്ടത്. അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ താഴെപ്പറയുന്നു.

1. ആദ്യ ഭർത്താവ് മരണപ്പെട്ടതാണെങ്കിൽ വിവാഹം രജിസ്റ്റർ ചെയ്തതിന്റെ പകർപ്പ്. റേഷൻ കാർഡിൽ ഭർത്താവിന്റെ പേര് ഉൾപ്പെട്ട പേജ്. മരണമടഞ്ഞ ആളുടെ വിധവയാണ് അപേക്ഷക എന്ന് തെളിയിക്കുന്ന രേഖ, മരണസർട്ടിഫിക്കറ്റ്.

2. വിവാഹബന്ധം വേർപെടുത്തിയതാണെങ്കിൽ ആയതു സംബന്ധിച്ച കോടതി ഉത്തരവിന്റെ പകർപ്പ്
3. സംസ്ഥാനം അംഗീകരിച്ച ബിപിഎൽ ലിസ്റ്റിൽ അംഗമാണെന്നതിന് തെളിവ് (റേഷൻ കാർഡിന്റെ പകർപ്പ്, പഞ്ചായത്തിൽനിന്നുള്ള ബിപിഎൽ സർട്ടിഫിക്കറ്റ്).
4. അപേക്ഷകയുടെ ജനനതീയതി തെളിയിക്കുന്നതിനുള്ള മതിയായ രേഖ (സ്കൂൾ സർട്ടിഫിക്കറ്റ് മെഡിക്കൽ സർട്ടിഫിക്കറ്റ്).
5. പുനർവിവാഹം രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

## വനിതകൾ ഗൃഹനാഥകളായുള്ള കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള (ബിപിഎൽ) വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് ഈ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. ദാരിദ്ര്യ രേഖക്ക് മുകളിലുള്ള വിഭാഗത്തിൽ (എപിഎൽ) എച്ച്ഐവി/എയ്ഡ്സ് ബാധിതർ, സാമൂഹികമായി വിവേചനം അനുഭവിക്കുന്നവർ, യുദ്ധത്തിൽ മരിച്ച ജവാന്റെ വിധവകൾ എന്നിവർ ഗൃഹനാഥകളായുള്ള കുടുംബങ്ങളിലെ കുട്ടികൾക്കും ധനസഹായത്തിന് അർഹതയുണ്ടായിരിക്കും. ഒരു കുടുംബത്തിൽ പരമാവധി രണ്ട് കുട്ടികൾക്കുവരെ പ്രസ്തുത ധനസഹായം ലഭിക്കും. സംസ്ഥാന/കേന്ദ്രസർക്കാരിൽനിന്നും ഒരു വിധത്തിലുള്ള സ്കോളർഷിപ്പും ലഭിക്കുന്നില്ല എന്ന സാക്ഷ്യപത്രം വിദ്യാഭ്യാസസ്ഥാപന മേധാവിയിൽനിന്നും വാങ്ങി അപേക്ഷയോടൊപ്പം നൽകേണ്ടതാണ്. അപേക്ഷകൾ അംഗൻവാടി വർക്കർമാർ വഴി സിഡിപിഒമാർ സ്വീകരിച്ച് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ മുഖേന പദ്ധതി നടപ്പാക്കുന്നു. എസ്എസ്എൽസി മുതൽ പ്ലസ്ടുവരെ പഠിക്കുന്ന ഓരോ കുട്ടിക്കും പ്രതിമാസം 250 രൂപ വീതം 10 മാസത്തേക്ക് 2500 രൂപപ്രകാരവും ഡിഗ്രിമുതൽ തുടർ വിദ്യാഭ്യാസത്തിന് പ്രതിമാസം 500 രൂപ വീതം 10 മാസത്തേക്ക് 5000 രൂപ പ്രകാരവും ധനസഹായം നൽകുന്നതാണ്. ഒരു വർഷം സഹായം ലഭിച്ചവർക്ക് തുടർന്നും അർഹതയുണ്ടെങ്കിൽ ലഭിക്കുന്നതാണ്. പദ്ധതി സംബന്ധിച്ച വിവരങ്ങൾ അംഗൻവാടികൾ, ഐസിഡിഎസ്സുകൾ, ജില്ലാ സാമൂഹ്യക്ഷേമ ഓഫീസുകൾ എന്നിവിടങ്ങളിൽനിന്ന് ലഭിക്കും.

## ഉജ്ജ്വല സ്കീം

ലൈംഗിക ചൂഷണം തടഞ്ഞ്, ഇരകളെ മോചിപ്പിച്ച് അവരെ പുനരധിവസിപ്പിക്കുന്നതിന് ഉദ്ദേശിച്ചുള്ള സമഗ്രമായ ഒരു കേന്ദ്രപദ്ധതിയാണിത്. ലൈംഗിക ചൂഷണത്തിന് വിധേയരായവർക്കും ചൂഷണത്തിന് വിധേയരാവാൻ സാധ്യതയുള്ളവർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ചൂഷണം തടയൽ, വിമോചനം, പുനരധിവാസം, പുനരേകീകരണം, സ്വന്തം വാസസ്ഥലത്തേയ്ക്ക് തിരിച്ചുവരവ് എന്നിവ നടപ്പിലാക്കുന്നതിന് അംഗീകൃത സന്നദ്ധസംഘടനകൾക്ക് ധനസഹായം ലഭിക്കും. ധനസഹായത്തിനുള്ള അപേക്ഷകൾ സാമൂഹ്യക്ഷേമ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

## കൺസ്ട്രക്ഷൻ ഓഫ് വർക്കിംഗ് വുമൻസ് ഹോസ്റ്റൽ

നഗരങ്ങളിലും ഗ്രാമപ്രദേശങ്ങളിലുമുള്ള സർക്കാർ സ്വകാര്യ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന വിധവകൾ, വിവാഹമോചനം നേടിയവർ, ഭർത്താക്കൻമാർ ദൂരസ്ഥലങ്ങളിൽ ജോലിചെയ്യുന്നതിനാൽ ഒറ്റയ്ക്ക് താമസിക്കുന്ന സ്ത്രീകൾ എന്നിവരാണ് ഗുണഭോക്താക്കൾ. കേന്ദ്രസർക്കാർ നൽകുന്ന ധനസഹായപദ്ധതി സന്നദ്ധ സംഘടനകളിലൂടെയാണ് നടപ്പാക്കുന്നത്. തൃശൂർ മുതൽ വടക്കോട്ടുള്ള ജില്ലകളിൽനിന്നുള്ള അപേക്ഷകൾ സാമൂഹ്യക്ഷേമ വകുപ്പും മറ്റു ജില്ലകളിലെ അപേക്ഷകൾ സോഷ്യൽ വെൽഫെയർ ബോർഡും സ്വീകരിക്കുന്നതാണ്.

## സ്ത്രീകൾക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾ

### മഹിളാമന്ദിരം

വിധവകൾ, വിവാഹബന്ധം വേർപെടുത്തിയവർ, ദുരിതബാധിതരും അഗതികളുമായ നോക്കുവാനാളില്ലാത്ത പതിമൂന്ന് വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകളെയാണ് മഹിളാമന്ദിരത്തിൽ പ്രവേശിപ്പിക്കുന്നത്. കുട്ടികളുമായി സ്ഥാപനത്തിലെത്തുന്ന സ്ത്രീകൾക്ക് കുട്ടിക്ക് ആറ് വയസ്സ് ആകുന്നതുവരെ കൂടെ താമസിപ്പിക്കുന്നതിന് അനുവാദമുണ്ട്. വയനാട്, ഇടുക്കി ജില്ലകൾ ഒഴികെ മറ്റെല്ലാ ജില്ലകളിലും മഹിളാമന്ദിരങ്ങൾ പ്രവർത്തിച്ചുവരുന്നു.

### ആശാഭവൻ

മാനസികാരോഗ്യം വീണ്ടെടുത്തെങ്കിലും, സംരക്ഷിക്കുവാൻ ആളില്ലാത്ത രോഗികളുടെ പരിചരണത്തിനും സംരക്ഷണത്തിനുമുള്ളതാണ് ആശാഭവൻ. ഇവിടെ പ്രവേശനം നേടുന്നവർ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കണം. ഇത്തരം ആറ് സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ട്. തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള ആശാഭവനുകളിൽ 13 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കാണ് പ്രവേശനം നൽകുന്നത്. ഇവിടെ പ്രവേശനം നേടുന്നവർ മാനസികാരോഗ്യം വീണ്ടെടുത്തവരാണെന്ന് തെളിയിക്കുന്ന മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ് കാണിക്കണം. ഏതെങ്കിലും സ്ഥാപനത്തിൽനിന്നും മോചിപ്പിക്കപ്പെട്ടവർ പ്രസ്തുത സ്ഥാപനമേധാവിയുടെ സർട്ടിഫിക്കറ്റോ ശുപാർശകത്തോ ഹാജരാക്കേണ്ടതാണ്. സ്ത്രീകൾക്കുവേണ്ടിയുള്ള ആശാഭവനങ്ങൾ തിരുവനന്തപുരം, തൃശൂർ, കോഴിക്കോട് എന്നീ ജില്ലകളിലും പുരുഷന്മാർക്കുവേണ്ടിയുള്ളത് തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിലും പ്രവർത്തിക്കുന്നു.

### റസ്ക്യൂ ഹോമുകൾ

അനാശാസ്യപ്രവർത്തനങ്ങളിൽ ഏർപ്പെടുകയും സാന്മാർഗിക ഭ്രംശം നേരിടുകയും ചെയ്യുന്ന സ്ത്രീകൾക്ക് പരിചരണവും സംരക്ഷണവും നൽകി പുനരധിവസിപ്പിക്കുകയും സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളാണ് റസ്ക്യൂഹോമുകൾ. മലപ്പുറം ജില്ലയിലെ തവനൂരിലാണ് റസ്ക്യൂ ഹോം പ്രവർത്തിക്കുന്നത്.

### ആഫ്റ്റർ കെയർ ഹോം

സാമൂഹ്യക്ഷേമ വകുപ്പിന് കീഴിലുള്ള ചിൽഡ്രൻസ് ഹോം, സ്പെഷ്യൽ ഹോം, ബാലമന്ദിരം, പുവർഹോം, അനാഥാലയങ്ങൾ എന്നീ സ്ഥാപനങ്ങളിൽനിന്നും പുറത്തിറങ്ങിയവരെയാണ് ആഫ്റ്റർ കെയർഹോമുകളിൽ പുനരധിവസിപ്പിക്കുന്നത്. പതിനെട്ടിനും ഇരുപത്തൊന്നിനും ഇടയിൽ പ്രായമുള്ള പെൺകുട്ടികളും, ആൺകുട്ടികളും പ്രവേശനത്തിന് അർഹരാണ്. ഇവിടത്തെ അന്തേവാസികൾക്ക് അവരുടെ വിദ്യാഭ്യാസം തുടരുന്നതിനും, ജീവിതത്തിന് ആവശ്യമായ തൊഴിൽപരിശീലനത്തിനുമുള്ള അവസരമുണ്ട്. കൊല്ലത്തും കോഴിക്കോട്ടും പെൺകുട്ടികൾക്കും, തലശ്ശേരിയിൽ ആൺകുട്ടികൾക്കും വേണ്ടി ആഫ്റ്റർ കെയർ ഹോം പ്രവർത്തിക്കുന്നുണ്ട്.

### ഷോർട്ട് സ്റ്റേ ഹോമുകൾ

തകർന്ന കുടുംബത്തിൽനിന്ന് സാമൂഹ്യപിന്തുണ ലഭിക്കാത്തവർ, മാനസികസമ്മർദ്ദമുള്ളവർ, സമൂഹം ബഹിഷ്കരിച്ചവർ, ചൂഷണം ചെയ്യപ്പെട്ടവർ, അനാശാസ്യവിപത്തിൽ ഭയപ്പെടുന്നവർ എന്നിങ്ങനെയുള്ള സ്ത്രീകളെയും പെൺകുട്ടികളെയും പുനരധിവസിപ്പിക്കുന്നതിനുള്ള താൽക്കാലിക അഭയകേന്ദ്രങ്ങളാണ് ഷോർട്ട് സ്റ്റേ ഹോമുകൾ. സ്ത്രീകൾക്ക് സ്വന്തം താൽപ്പര്യപ്രകാരം തന്നെ ഇവിടെ പ്രവേശനം ലഭിക്കും. അവർക്ക് അവരുടെ വിദ്യാഭ്യാസം തുടരുവാനും, തൊഴിൽ പരിശീലനത്തിനുമുള്ള അവസരമുണ്ട്. ബന്ധുക്കളെത്തിയാൽ മോചിപ്പിക്കപ്പെടുകയും, കൂടുതൽ കാലം താമസിക്കേണ്ടിവരുന്നവരെ മറ്റു സ്ഥാപനങ്ങളിലേക്ക് മാറ്റുകയും ചെയ്യും. പതിനഞ്ചിനും മുപ്പത്തിയഞ്ചിനും ഇടയ്ക്ക് പ്രായമുള്ള സ്ത്രീകൾക്കും പെൺകുട്ടികൾക്കും അവരുടെ കുഞ്ഞുങ്ങൾക്കും ഇത്തരം ഹോമുകളിൽ സഹായം ലഭ്യമാണ്.

### വൺഡേ ഹോമുകൾ

പതിമൂന്ന് വയസ്സിനുമേൽ പ്രായമുള്ള പെൺകുട്ടികൾക്കുവേണ്ടിയുള്ളതാണ് ഇത്തരം സ്ഥാപനങ്ങൾ. വിവിധ പ്രദേശങ്ങളിൽനിന്ന് തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ പരീക്ഷ, ഇന്റർവ്യൂ, മീറ്റിങ്ങുകൾ തുടങ്ങിയ ആവശ്യങ്ങൾക്കായി എത്തുന്ന സ്ത്രീകൾക്ക് ഒരു നിശ്ചിതകാലയളവ് വരെ വൺഡേ ഹോമുകളിൽ താമസിക്കാൻ കഴിയും.

## വൃദ്ധജനങ്ങൾക്കുള്ള പദ്ധതികൾ

### വൃദ്ധജനങ്ങൾക്കുള്ള സംയോജിത സംരക്ഷണപദ്ധതി

ഇന്ത്യയിൽ വൃദ്ധജനങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്നതും ഇവരെ ശരിയായരീതിയിൽ സംരക്ഷിക്കുന്നതിനുള്ള സൗകര്യങ്ങളുടെ അപര്യാപ്തതയും കണക്കിലെടുത്ത് കേന്ദ്രസർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്ന പദ്ധതിയാണിത്. വൃദ്ധജനങ്ങൾക്ക് ക്ഷേമത്തിനും സുരക്ഷിതത്വത്തിനും മാനസികോല്ലാസത്തിനും വൈദ്യസഹായത്തിനും ആവശ്യമായ സൗകര്യങ്ങൾ നൽകി ഇത്തരം ആളുകളെ ഉൽപ്പാദനപരവും ക്രിയാത്മകവുമായ വാർദ്ധക്യത്തിലേക്ക് നയിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവയ്ക്ക് കേന്ദ്രസർക്കാർ ധനസഹായം നൽകുന്നു. സംയോജിത സംരക്ഷണപദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള വിവിധ പദ്ധതികളും പദ്ധതികളുടെ വിശദാംശവും ചുവടെ ചേർക്കുന്നു.

**1) വൃദ്ധസദനങ്ങളുടെ നടത്തിപ്പ്**

ഏറ്റവും കുറഞ്ഞത് 25 വൃദ്ധജനങ്ങളെ താമസിപ്പിക്കുകയും അവർക്ക് നല്ല ഭക്ഷണം, വിനോദം, സംരക്ഷണം എന്നിവ സൗജന്യമായി നൽകുകയും ചെയ്യുന്ന വൃദ്ധസദനങ്ങൾക്ക് പ്രതിവർഷം 6,67,000 രൂപവരെ കേന്ദ്ര ധനസഹായമായി നൽകുന്നു. അപേക്ഷകൾ അതാത് ജില്ലാ സാമൂഹ്യ ക്ഷേമ ആഫീസർമാർക്കാണ് സമർപ്പിക്കേണ്ടത്.

**2) ആശ്വാസകേന്ദ്രങ്ങളുടെയും തുടർസംരക്ഷണ കേന്ദ്രങ്ങളുടെയും നടത്തിപ്പ്**

വൃദ്ധസദനങ്ങളിൽ കഴിയുന്നവർക്ക് അസുഖം ബാധിച്ചാൽ അവരെ ശുശ്രൂഷിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി നടത്തുന്ന ആശ്വാസകേന്ദ്രങ്ങൾക്ക് പ്രതിവർഷം 7,20,000 രൂപവരെ സംരക്ഷണ ചെലവ് നൽകുന്നു.

**3) വൃദ്ധർക്കായി വിവിധ സേവനങ്ങൾ നൽകുന്ന കേന്ദ്രങ്ങൾ നടത്തുന്ന പദ്ധതി (റണ്ണിംഗ് മൾട്ടി സർവ്വീസ് സെന്റേഴ്സ് ഫോർ ഓൾഡർ പേഴ്സൺസ്)**

വൃദ്ധരുടെ പകൽ സംരക്ഷണകേന്ദ്രങ്ങളിൽ വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, സൗഹൃദബന്ധങ്ങൾ തുടങ്ങിയ സേവനങ്ങൾ നൽകുന്ന ചുരുങ്ങിയത് 50 പേരെങ്കിലും ഉള്ള കേന്ദ്രത്തിന് 4,06,000 രൂപ ധനസഹായമായി നൽകുന്നു.

**4) മെഡിക്കൽ കെയർ യൂണിറ്റ് നടത്തുന്നതിനുള്ള സഹായപദ്ധതി (മെയിന്റനൻസ് ഓഫ് മൊബൈൽ കെയർ യൂണിറ്റ്)**

ചേരിപ്രദേശങ്ങളിലും വികസനം എത്തിനോക്കാത്ത ഗ്രാമങ്ങളിലും യാതൊരു സൗകര്യങ്ങളുമില്ലാതെ കഴിയുന്ന വൃദ്ധജനങ്ങൾക്ക് മാത്രമായി ഈ പദ്ധതി പരിമിതപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതിപ്രകാരം ചുരുങ്ങിയത് 400 പേർക്കെങ്കിലും ഒരു മാസം സഹായമെത്തിച്ചിരിക്കണം. വയോജനക്ഷേമ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾക്കും, വയോജനങ്ങൾക്ക് സൗജന്യ ചികിത്സനൽകുന്ന സ്ഥാപനങ്ങൾക്കും, ആശുപത്രികൾ നഴ്സിംഗ് ഹോമുകൾ, മെഡിക്കൽ കോളേജുകൾ എന്നിവയ്ക്കും പ്രതിവർഷം 2,96,000 രൂപ സംസ്ഥാന സർക്കാരിന്റെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ നൽകുന്ന അന്വേഷണ റിപ്പോർട്ടിലൂടെ ധനസഹായം നൽകുന്നു.

5) **സ്മൃതിനാശം ബാധിച്ച വൃദ്ധജനങ്ങളെ സംരക്ഷിക്കുന്ന പകൽപരിപാലന കേന്ദ്രങ്ങൾക്കുള്ള ധനസഹായപദ്ധതി (റണ്ണിംഗ് ഡേ കെയർ സെന്റർ ഫോർ അൾഷിമേഴ്സ് ഡിസീസ്/ഡിമെൻഷ്യാ പേഷ്യന്റ്സ്)**

വാർദ്ധക്യത്തിൽ സ്മൃതിനാശം സംഭവിച്ച വൃദ്ധജനങ്ങൾക്ക് ആശ്വാസം പകരുന്ന വിധത്തിലുള്ള പകൽ പരിപാലന കേന്ദ്രങ്ങൾ തുടങ്ങുന്നതിനും ആയത് പരിപാലിച്ചുകൊണ്ടു പോകുന്നതിനും നൽകുന്ന ധനസഹായ പദ്ധതിയാണിത്. കുറഞ്ഞത് 20 പേരെ സംരക്ഷിക്കുന്ന പകൽ പരിപാലന കേന്ദ്രങ്ങൾക്ക് പ്രതിവർഷം 9,78,000 രൂപ ധനസഹായമായി നൽകുന്നു.

6) **ഫിസിയോ തെറാപ്പി ക്ലിനിക്കുകൾക്കുള്ള ധനസഹായം**

വൃദ്ധജനങ്ങൾക്കുള്ള ഫിസിയോ തെറാപ്പി ക്ലിനിക്കുകൾ നടത്തുന്ന സന്നദ്ധസംഘടനകൾക്ക്/ മെഡിക്കൽ കോളേജുകൾ, നഴ്സിംഗ് ഹോമുകൾ, ആശുപത്രികൾ എന്നിവയ്ക്ക് മിനിമം 50 പേർക്കുള്ള വാർഷിക ധനസഹായമായി 7,00,000 രൂപ ധനസഹായമായി നൽകുന്നു.

7) **വികലാംഗസഹായ ഉപകരണങ്ങൾ, ശ്രവണസഹായി എന്നിവ നൽകുന്നതിനുള്ള ക്യാമ്പ് നടത്തുന്നതിനുള്ള സഹായപദ്ധതി**

വയോജനങ്ങൾക്ക് വികലാംഗ സഹായ ഉപകരണങ്ങൾ, ശ്രവണസഹായ ഉപകരണങ്ങൾ എന്നിവ സൗജന്യമായി നൽകുന്നതിനുമുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് ക്യാമ്പ് ഒന്നിന് 1,60,000 രൂപ നിരക്കിൽ മെഡിക്കൽ കോളേജുകൾ, ചാരിറ്റബിൾ ആശുപത്രികൾ, നഴ്സിംഗ് ഹോമുകൾ എന്നിവയ്ക്കും വയോജനക്ഷേമ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്കും നൽകുന്നു.

8) **വൃദ്ധജനങ്ങൾക്ക് ശാരീരിക മാനസികാരോഗ്യസംരക്ഷണ പദ്ധതി (മെഡിക്കൽ ഹെൽത്ത് കെയർ ആന്റ് സ്പെഷ്യലൈസ്ഡ് കെയർ ഫോർ ഓൾഡർ പേഴ്സൺസ്)**

വയോജനങ്ങളുടെ ശാരീരിക മാനസികാരോഗ്യ സംരക്ഷണത്തിനായി ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് ആശുപത്രികൾ, നഴ്സിംഗ് ഹോമുകൾ, മെഡിക്കൽ കോളേജുകൾ എന്നിവയ്ക്കും വയോജന ക്ഷേമരംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്കും ക്യാമ്പ് ഒന്നിന് 9500 രൂപ ധനസഹായം നൽകുന്നു.

9) **വൃദ്ധജനങ്ങൾക്കുള്ള കൗൺസലിംഗ് ഹെൽപ്പ്ലൈൻ എന്നിവ നടത്തുന്നതിനുള്ള ധനസഹായം**

വയോജനങ്ങൾക്ക് കൗൺസിലിംഗ് സൗകര്യങ്ങൾ, ഹെൽപ്പ്ലൈൻ എന്നിവ ഏർപ്പെടുത്തുന്നതിന് ഈ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്കും അംഗീകൃത ചാരിറ്റബിൾ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവയ്ക്ക് പ്രതിവർഷം 5,72,000 രൂപ ധനസഹായമായി നൽകുന്നു.

10) **സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കുള്ള അവബോധം**

വൃദ്ധജനങ്ങളുടെ മാനസികവും ബൗദ്ധികവും ശാരീരികവുമായ പ്രശ്നങ്ങളെ സംബന്ധിച്ച് സ്കൂൾ/ കോളേജ് വിദ്യാർത്ഥികൾക്ക് ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് 3,87,000 രൂപ ധനസഹായമായി നൽകുന്നു.

11) **മേഖലാടിസ്ഥാനത്തിലുള്ള പരിശീലനകേന്ദ്രങ്ങൾക്കുള്ള ധനസഹായം**

വയോജന രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് മേഖലാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന റിസോഴ്സ് ആന്റ് ട്രെയിനിംഗ് സെന്ററിന് 7,79,000 രൂപ ധനസഹായമായി നൽകുന്നു.

12) **വൃദ്ധജനങ്ങൾക്ക് സംരക്ഷണം നൽകുന്നവർക്കുള്ള പരിശീലനപരിപാടികൾക്ക് നൽകുന്ന ധനസഹായം**

വയോജനങ്ങളെ സംരക്ഷിക്കുന്നവർക്ക് മികച്ച പരിശീലനം നൽകുന്ന പരിപാടി. പ്രതിവർഷം 3,96,000 രൂപ ധനസഹായമായി നൽകുന്നു.

13) **വയോജനങ്ങൾക്കുള്ള ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിനുള്ള ധനസഹായം**

ദൃശ്യ/ശ്രാവ്യ മാധ്യമങ്ങളിലൂടെ വൃദ്ധജനങ്ങൾക്ക് ബോധവൽക്കരണം.

മേൽ പദ്ധതികളുടെ വിശദവിവരങ്ങൾ www.socialjustice.nic.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

### ഓൾഡ് ഏജ് ഹോം, ഡേ കെയർ സെന്റർ എന്നിവകൾ ആരംഭിക്കുന്നതിന് പഞ്ചായത്തുകൾക്കുള്ള ധനസഹായ പദ്ധതി

25 അന്തേവാസികൾക്ക് പ്രവേശനത്തിനുള്ള സൗകര്യമുള്ള വൃദ്ധസദനങ്ങൾക്കാണ് ഈ ആനുകൂല്യം ലഭിക്കുക. ഡേ കെയർ സെന്റർ ആണെങ്കിൽ 50 പേർക്കുള്ള സൗകര്യം ഉണ്ടായിരിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വൃദ്ധസദനങ്ങൾ, ഡേ കെയർ സെന്ററുകൾ എന്നിവയ്ക്കാണ് തുക അനുവദിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിക്കുവേണ്ടി പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതാണ്. ഇത് സംബന്ധിച്ച അപേക്ഷ ജില്ലാ സാമൂഹ്യ ക്ഷേമ ആഫീസർക്കു നൽകേണ്ടതാണ്. പദ്ധതി സംബന്ധിച്ച വിവരങ്ങൾ എല്ലാ ജില്ലാ സാമൂഹ്യ ക്ഷേമ ആഫീസുകളിലും ലഭിക്കും. കൂടാതെ ഡിപ്പാർട്ടുമെന്റിന്റെ വെബ്സൈറ്റിൽ (www.swd.kerala.gov.in) നിന്നും വിവരങ്ങൾ ലഭ്യമാണ്.

## വൃദ്ധജനങ്ങൾക്കുള്ള സ്ഥാപനങ്ങൾ

### വികലാംഗരായ വൃദ്ധർക്കുള്ള ഹോം

അൻപത്തഞ്ച് വയസ്സായ വികലാംഗരായ വൃദ്ധർക്കാണ് ഇവിടെ പ്രവേശനം ലഭിക്കുക. ജില്ലാ പ്രൊബേഷൻ ഓഫീസർ അല്ലെങ്കിൽ മെഡിക്കൽ ഓഫീസർ നൽകുന്ന ശുപാർശ കത്തുമായി വേണം പ്രവേശനത്തിനായി സൂപ്രണ്ടിനെ സമീപിക്കേണ്ടത്. ആലപ്പുഴ, ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിലും ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

### വൃദ്ധസദനം

സംരക്ഷിക്കുവാനാളില്ലാത്ത വൃദ്ധജനങ്ങൾക്ക് സംരക്ഷണവും പരിചരണവും നൽകുന്നതിനാണ് ഇത്തരം സ്ഥാപനങ്ങൾ. സാമൂഹ്യക്ഷേമ വകുപ്പിനു കീഴിൽ ഉള്ള വൃദ്ധസദനങ്ങളിൽ 55 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ വയോജനങ്ങൾക്കും പ്രവേശനം ലഭിക്കും. അതാത് സ്ഥാപന സൂപ്രണ്ടുമാർക്ക് നേരിട്ട് അപേക്ഷ നൽകേണ്ടതാണ്. സാമൂഹ്യക്ഷേമ വകുപ്പിനു കീഴിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വൃദ്ധർക്കുവേണ്ടി സർക്കാർ വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നു.

### വൃദ്ധജനങ്ങൾക്കായുള്ള ഡേകെയർ സെന്ററുകൾ

അണുകുടുംബ സംവിധാനത്തിൽ വൃദ്ധർക്ക് ശരിയായ സംരക്ഷണവും ശ്രദ്ധയും ലഭിക്കാത്ത സാഹചര്യത്തിൽ പകൽസമയങ്ങളിൽ അവർക്കുള്ള പരിപാലനം ഉറപ്പാക്കുകയാണ് ഇത്തരം സ്ഥാപനങ്ങളിലൂടെ. ലഘുഭക്ഷണവും ആരോഗ്യശുശ്രൂഷയും, പരിപാലനവും ഇവിടെ ലഭിക്കുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് സ്ഥാപനങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

## ശാരീരികമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പദ്ധതികൾ

### ദീൻദയാൽ ഡിസേബിൾഡ് റീഹാബിലിറ്റേഷൻ സ്കീം (DDRS)

2001 വർഷത്തെ സെൻസസ് പ്രകാരം ഭാരതത്തിലെ ജനസംഖ്യയുടെ ഏകദേശം 2.1%ത്തോളം വികലാംഗരാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നത്. അവരുടെ എണ്ണം ഏകദേശം 2.44 കോടിയോളം വരും. ഭരണഘടന അനുശാസിക്കുംവിധം ഇവർക്കും സമൂഹത്തിന്റെ മുഖ്യധാരാ പ്രവർത്തനങ്ങളിൽ വ്യാപരിക്കുന്നതിനായി പ്രത്യേക പരിഗണനയോടെയുള്ള പദ്ധതികൾ നടപ്പിൽ വരുത്തേണ്ടത് സമൂഹത്തിന്റെ കടമയാണ്. ഭാരതത്തിലെ എല്ലാ പൗരൻമാർക്കുമൊപ്പം ഭരണഘടന അനുശാസിക്കുന്ന സമത്വം, സ്വാതന്ത്ര്യം, നീതി എന്നിവ ഉറപ്പുവരുത്തുന്നതിന് വികലാംഗർക്കായി നടപ്പിലാക്കിയിട്ടുള്ളതാണ് ഈ പദ്ധതി. കേന്ദ്രസർക്കാർ ധനസഹായം ലഭ്യമാക്കുന്നതിനായി ചുവടെ പറയുന്ന പദ്ധതികകൾക്കുള്ള അപേക്ഷകൾ അതാത് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്.

1. **വികലാംഗത്വം വളരെനേരത്തെ കണ്ടുപിടിച്ച്, വിദ്യാഭ്യാസം, പരിശീലനം എന്നിവ നൽകുന്നതിനുള്ള പദ്ധതി**

   വികലാംഗത്വമുള്ള കുട്ടികളെ വളരെ നേരത്തെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകി കൃത്യമായ സമയത്ത് മറ്റു കുട്ടികൾക്കൊപ്പം സാധാരണ സ്കൂളിൽ വിടുന്നതിനുള്ള പദ്ധതിയാണ് ഇത്.

2. **സ്പെഷ്യൽ സ്കൂളുകൾ**

   ബുദ്ധിവൈകല്യം, കാഴ്ചവൈകല്യം, കേൾവിയില്ലായ്മ, മന്ദബുദ്ധി എന്നീ വൈകല്യങ്ങളുള്ള കുട്ടികളുടെ പഠനസൗകര്യാർത്ഥം താമസസൗകര്യത്തോടു കൂടിയും, അല്ലാത്തതുമായ സ്കൂളുകൾക്കുള്ള പദ്ധതി.

3. **സെറിബ്രൽ പൾസി ബാധിത കുട്ടികൾക്കുള്ള പദ്ധതി**

   സ്പെഷ്യൽ സ്കൂളുകൾക്കൊപ്പം ചികിത്സാ സൗകര്യം കൂടി ചേർത്തുള്ള പദ്ധതി.

4. **തൊഴിൽ പരിശീലന കേന്ദ്രങ്ങൾ (VTC)**

   15 മുതൽ 25 വയസ്സുവരെ പ്രായമുള്ള വികലാംഗരുടെ സാമ്പത്തിക സ്ഥിരതയും സ്വാതന്ത്ര്യവും ഉറപ്പുവരുത്തുന്നതിനായി തൊഴിൽ പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി.

5. **ഷെൽറ്റേഡ് വർക്ക്ഷോപ്പ്**

   സ്ഥിരം വരുമാന സ്രോതസ് ലക്ഷ്യമിട്ട് തൊഴിൽശാലകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി.

6. **കുഷ്ഠരോഗവിമുക്ത പുനരധിവാസ പദ്ധതി**

   കുഷ്ഠരോഗവിമുക്തരുടെ സാമൂഹികസാമ്പത്തിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് തൊഴിൽ പരിശീലനകേന്ദ്രങ്ങൾ തുടങ്ങുന്നതുൾപ്പെടെയുള്ള പദ്ധതി.

7. **ഹാഫ് വേ ഹോം - മാനസികരോഗ ബാധിതർക്കുള്ള ചികിത്സാ-പുനരധിവാസ പദ്ധതി**

   മാനസികരോഗം ചികിത്സിച്ച് ഭേദമാക്കിയിട്ടുള്ളതും നിയന്ത്രണവിധേയമാക്കിയിട്ടുള്ളതുമായ ആളുകളെ തിരികെ കുടുംബാംഗങ്ങളോടൊപ്പം വിടുന്നതിനായി കുടുംബാംഗങ്ങൾക്ക് ആവശ്യമായ കൗൺസലിംഗ്, രോഗിക്ക് വീണ്ടും രോഗം വരാതിരിക്കാനുള്ള മരുന്ന്, ചികിത്സ, യഥാസമയമുള്ള മെഡിക്കൽ പരിശോധന എന്നിവ നടപ്പിലാക്കുന്നതിനുള്ള പദ്ധതി.

8. **വികലാംഗരെ തിരിച്ചറിയുന്നതിനും ബോധവൽക്കരണം നടത്തുന്നതിനുമുള്ള പദ്ധതി**

വികലാംഗത്വം മുൻകൂട്ടി തിരിച്ചറിഞ്ഞ്, രക്ഷകർത്താക്കൾക്ക് വേണ്ട ബോധവൽക്കരണം നടത്തി പുനരധിവാസം നടത്തുന്നതിനും വിവിധ രീതിയിലുള്ള വികലാംഗത്വത്തെക്കുറിച്ച് ഗവേഷണം എന്നിവ നടത്തുന്നതിനുമുള്ള പദ്ധതി.

9. **വീടിനോടനുബന്ധിച്ച് പുനരധിവാസപദ്ധതി**

വികലാംഗർക്ക് കുടുംബാന്തരീക്ഷത്തിൽ താമസിച്ചുകൊണ്ട് കഴിവുകൾ വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ദൈനംദിന പ്രവർത്തനങ്ങളിലേർപ്പെടുന്നതിനും തൊഴിലധിഷ്ഠിതപരിശീലനം നേടുന്നതിനുമുള്ള പദ്ധതി.

10. **കമ്യൂണിറ്റി ബേസ്ഡ് റീഹാബിലിറ്റേഷൻ പ്രോജക്ട്**

മറ്റു സൗകര്യങ്ങൾ എത്തപ്പെടാൻ സാഹചര്യമില്ലാത്ത സ്ഥലങ്ങളിലുള്ള വികലാംഗപുനരധിവാസ കേന്ദ്രങ്ങളിൽ ഈ രംഗത്തെ വിദഗ്ദ്ധരെക്കൊണ്ട് ചികിത്സാസൗകര്യം ഏർപ്പെടുത്തുക, മറ്റ് വികലാംഗ ഗ്രൂപ്പുകളുമായി ചേർന്ന് സംയുക്ത സംരംഭങ്ങൾ ആരംഭിക്കുക തുടങ്ങിയവ ലക്ഷ്യമിട്ടുള്ള പദ്ധതി.

11. **കാഴ്ചശക്തി വളരെ കുറഞ്ഞവർക്കുള്ള പദ്ധതി**

തീരെക്കുറഞ്ഞ കാഴ്ചശക്തിയുള്ളവർക്കായി വിവിധ പ്രവർത്തനങ്ങളിലൂടെ കാഴ്ചശക്തി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി.

12. **മനുഷ്യവിഭവശേഷി വികസനത്തിനുള്ള പദ്ധതി**

വികലാംഗരെ പരിശീലിപ്പിക്കുന്നതിന് പ്രത്യേകം പരിശീലനം സിദ്ധിച്ച പരിശീലകർക്ക് വികലാംഗ പുനരധിവാസ നെറ്റ്‌വർക്കിലൂടെ പ്രത്യേക പരിശീലനം ലഭ്യമാക്കുന്നതിനുള്ള പദ്ധതി.

13. **സെമിനാറുകൾ/ക്യാമ്പുകൾ/വർക്ക്ഷോപ്പുകൾ നടത്തുന്നതിനുള്ള പദ്ധതി**

വികലാംഗർക്കായി പരിശീലനം, സെമിനാർ, ക്യാമ്പുകൾ/വർക്ക്ഷോപ്പുകൾ എന്നിവ നടത്തുന്നതിന് ഒറ്റത്തവണയായി തുക അനുവദിക്കുന്ന പദ്ധതി.

14. **വികലാംഗർക്കായി പരിസ്ഥിതി സൗഹൃദ-ജൈവാധിഷ്ഠിത പദ്ധതികൾ**

വികലാംഗർക്കായി പൂന്തോട്ട പരിപാലനം, പട്ടുനൂൽപ്പുഴു വളർത്തൽ, നഴ്സറികൾ, മരംവച്ചു പിടിപ്പിക്കൽ മുതലായ പദ്ധതികൾ.

15. **കമ്പ്യൂട്ടർ വാങ്ങുന്നതിന് ധനസഹായം**

വികലാംഗർക്കുള്ള മറ്റു പദ്ധതികളോടനുബന്ധിച്ച് കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള പദ്ധതി.

16. **കെട്ടിടനിർമ്മാണം**

വികലാംഗർക്കുള്ള മറ്റു പദ്ധതികൾ നടപ്പിലാക്കുന്നതിനായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി.

17. **നിയമസാക്ഷരത, നിയമബോധവൽക്കരണം, നിയമപരമായ മറ്റു സഹായം എന്നിവയ്ക്കുള്ള പദ്ധതി**

വികലാംഗർക്കും, സംരംഭകർക്കും ആവശ്യമായ നിയമബോധവൽക്കരണം, സഹായം, കോടതി ചെലവുകൾ എന്നിവ അനുവദിക്കുന്നതിനുള്ള പദ്ധതി.

## 18. ജില്ലാ വികലാംഗ പുനരധിവാസ കേന്ദ്രങ്ങൾ

വികലാംഗർക്കാവശ്യമായ എല്ലാ പദ്ധതികളെയും, പുനരധിവാസ പദ്ധതികളെയും സംബന്ധിച്ച് വിവരം നൽകുന്നതിന് സർക്കാർ സംരംഭമായി ജില്ലാതലത്തിൽ സംഘടിപ്പിച്ച് നടത്തിപ്പ്, സന്നദ്ധ സംഘടനകൾക്ക് കൈമാറുന്നതിനുള്ള പദ്ധതി. ഈ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ www.socialwelfare.nic.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

### സ്കോളർഷിപ്പ്

ഒന്നാം സ്റ്റാൻഡേർഡ് മുതൽ ബിരുദാനന്തര ബിരുദംവരെ പഠിക്കുന്ന വികലാംഗ വിദ്യാർത്ഥികൾക്ക് സാമൂഹ്യക്ഷേമ വകുപ്പ് മുഖേന സ്കോളർഷിപ്പ് നൽകിവരുന്നു. വാർഷിക വരുമാനം 36,000 രൂപയിൽ കവിയാത്തവരും, മുൻവാർഷിക പരീക്ഷയിൽ 40%ൽ കുറയാതെ മാർക്ക് ലഭിച്ചവരുമായ വികലാംഗ വിദ്യാർത്ഥികൾ ഈ സ്കോളർഷിപ്പിന് അർഹരാണ്. പ്രൊഫഷണൽ കോഴ്സ്, ടെക്നിക്കൽ ട്രെയിനിംഗ് എന്നീ മേഖലകളിൽ വിദ്യാഭ്യാസം നടത്തുന്ന വികലാംഗർക്കും സ്കോളർഷിപ്പ് നൽകിവരുന്നു. 1 മുതൽ 4 വരെ പഠിക്കുന്നവർക്ക് 100 രൂപയും, 5 മുതൽ 10 വരെ 125 രൂപയും, +1, +2, ഐടി കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് 150 രൂപയും എല്ലാ ഡിഗ്രി കോഴ്സുകൾക്കും, പോളിടെക്നിക് തത്തുല്യമായ ട്രെയിനിംഗ് കോഴ്സുകൾ, ബിഇ/ ബി.ടെക്/ എംബിബിഎസ്/ എൽഎൽബി/ ബി.എഡ്/ എൽഎൽഎം/ എം.എഡ് മുതലായവയ്ക്ക് 250 രൂപയും നൽകിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് ഇവ വിതരണം ചെയ്യുന്നത്. ഒന്നാം ക്ലാസ്സുമുതൽ പ്ലസ്ടു വരെ പഠിക്കുന്ന അന്ധവിദ്യാർത്ഥികൾക്ക് പ്രതിമാസം 50 രൂപയും, ബിരുദം മുതൽ പ്രൊഫഷണൽ കോഴ്സുകൾവരെ പടിക്കുന്ന അന്ധവിദ്യാർത്ഥികൾക്ക് 100 രൂപയും റീഡേഴ്സ് അലവൻസായും വകുപ്പ് നൽകിവരുന്നു. അപേക്ഷകൾ അതാത് ജില്ലാ സമൂഹ്യക്ഷേമ ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്.

### അന്ധരും അസ്ഥിസംബന്ധമായ വൈകല്യമുള്ളവരുമായ അഭിഭാഷകർക്കുള്ള ധനസഹായം

കുടുംബവാർഷിക വരുമാനം പ്രതിമാസം 18,000 രൂപയിൽ കവിയാത്ത അന്ധരായ അഭിഭാഷകർക്കും അസ്ഥിസംബന്ധമായ വൈകല്യമുള്ള അഭിഭാഷകർക്കും ധനസഹായം നൽകിവരുന്നു. അന്ധരായ അഭിഭാഷകർക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ പരമാവധി 5 വർഷത്തേക്ക് റീഡേഴ്സ് അലവൻസും, നിയമപുസ്തകം, സ്യൂട്ട് എന്നിവ വാങ്ങുന്നതിന് ഒറ്റത്തവണയായി 2500 രൂപയും നൽകിവരുന്നു. അപേക്ഷകൾ സാമൂഹ്യക്ഷേമ ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്.

### ഇന്റർവ്യൂ, എഴുത്തുപരീക്ഷ എന്നിവയ്ക്ക് ഹാജരാകുന്ന വികലാംഗർക്കുള്ള യാത്രാബത്ത

കുടുംബവാർഷിക വരുമാനം 10,000 രൂപയിൽ കവിയാത്ത വികലാംഗരായ ഉദ്യോഗാർത്ഥികൾ എഴുത്തുപരീക്ഷയ്ക്കും, ഇന്റർവ്യൂവിനും പങ്കെടുക്കുവാൻ പോകുന്നതിന് ടി.എ/ഡി.എ എന്നിവ അനുവദിച്ചു നൽകുന്ന പദ്ധതി.

### എൻജിഒകൾ നടത്തുന്ന വികലാംഗ പുനരധിവാസ കേന്ദ്രങ്ങളിലെ അന്തേവാസികൾക്ക് നൽകേണ്ട ഗ്രാന്റ്

അംഗീകൃത സന്നദ്ധ സംഘടനകൾ നടത്തുന്ന വികലാംഗരുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ അന്തേവാസികളുടെ സംരക്ഷണത്തിന് ധനസഹായം വകുപ്പിലൂടെ നൽകിവരുന്നു. ഒരു അന്തേവാസിക്ക് പ്രതിമാസം 200 രൂപ ധനസഹായം അനുവദിച്ചുവരുന്നു.

### വികലാംഗർക്കായുള്ള സ്ഥാപനങ്ങൾക്കുള്ള പിഡബ്ല്യുഡി രജിസ്ട്രേഷൻ

വികലാംഗരായ വ്യക്തികൾക്കുവേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് 1995-ലെ (The Person's with Diabilities (Equal opportunities, Protection of Right and full participation) Act-ലെ 52-ാം

സെക്ഷൻ പ്രകാരം രജിസ്ട്രേഷൻ നൽകിവരുന്നു. മേൽപറഞ്ഞ ആനുകൂല്യങ്ങൾക്കായി ...മൂഹ്യക്ഷേമ ഡയറക്ടർ/ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ എന്നിവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

## ആശ്വാസ കിരണം (തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീട്ടിനുള്ളിൽത്തന്നെ കഴിയേണ്ടിവരുന്നവർക്കുള്ള ധനസഹായം)

ശയ്യാവലംബികളായിട്ടുള്ള രോഗികളെ പരിചരിക്കുന്നവർക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ശയ്യാവലംബികളായ രോഗികളുള്ള കുടുംബങ്ങളിൽ രോഗികളെ പരിചരിക്കുന്നവർക്ക് വേറെ തൊഴിലിനുപോകാൻ സാധിക്കാതെ വരുന്നത് കുടുംബത്തിന്റെ വരുമാനത്തിന്റെ ലഭ്യതയെ ബാധിക്കുന്നു. ഇത്തരത്തിലുള്ളവരെ സഹായിക്കുന്നതിനായി പ്രതിമാസം 300 രൂപ വീതം ധനസഹായം നൽകിവരുന്നു. അപേക്ഷകൾ ഐസിഡിഎസ് സൂപ്പർവൈസർമാർക്ക് സമർപ്പിക്കേണ്ടതാണ്.

## കാരുണ്യനിക്ഷേപ പദ്ധതി

ഒരുലക്ഷം രൂപയോ അതിന്റെ ഗുണിതങ്ങളോ ആയ ഡെപ്പോസിറ്റുകൾ സന്നദ്ധരായ വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയിൽനിന്നും സ്വീകരിക്കുവാനും ഇതിന്റെ പലിശ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന 5 മുതൽ 18 വയസ്സുവരെയുള്ള അനാഥാലയങ്ങളിലോ സ്പെഷ്യൽ സ്കൂളികളിലോ പഠിക്കുന്ന കുട്ടികളുടെ പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്നതിനുള്ള പദ്ധതി. ഡെപ്പോസിറ്റുകൾ സോഷ്യൽ സെക്യൂരിറ്റി മിഷന് സമർപ്പിക്കേണ്ടതാണ്.

## വികലാംഗ തിരിച്ചറിയൽ കാർഡ്

സംസ്ഥാനത്തുള്ള ശാരീരിക വെല്ലുവിളികൾ നേരിടുന്ന മുഴുവനാളുകൾക്കും കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ ഫോട്ടോ പതിച്ച ലാമിനേറ്റ് ചെയ്ത ഐഡന്റിറ്റി കാർഡുകൾ വിതരണം ചെയ്തുവരുന്നു. പ്രസ്തുത തിരിച്ചറിയൽ കാർഡിൽ ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് സോഷ്യൽ സെക്യൂരിറ്റി മിഷൻ, ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർ എന്നിവരെ സമീപിക്കേണ്ടതാണ്.

## വികലാംഗ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ചികിത്സാസഹായം

പ്രതിവർഷം ഗ്രാമപ്രദേശങ്ങളിലുള്ളവർക്ക് 20,000 രൂപയിൽ താഴെയും നഗരപ്രദേശങ്ങളിലുള്ളവർക്ക് 22,375 രൂപയിൽ താഴെയും വരുമാനമുള്ള ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് വികലാംഗ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ചികിത്സാസാധനസഹായമായി 5000 രൂപ നൽകിവരുന്നു. ഇതിനുള്ള അപേക്ഷാഫാറം അതാതു ജില്ലാ സാമൂഹ്യക്ഷേമ ഓഫീസുകളിൽനിന്നും ലഭിക്കും.

## ശാരീരികമായി വെല്ലുവിളി നേരിടുന്ന പെൺകുട്ടികൾക്കും ശാരീരികമായി വെല്ലുവിളി നേരിടുന്ന മാതാപിതാക്കളുടെ പെൺമക്കൾക്കുമുള്ള വിവാഹധനസഹായം

പ്രതിവർഷം 36,000 രൂപയിൽ താഴെ വരുമാനമുള്ള ശാരീരിക വെല്ലുവിളികൾ നേരിടുന്ന പെൺകുട്ടികൾക്കും ശാരീരികവെല്ലുവിളികൾ നേരിടുന്ന മാതാപിതാക്കളുടെ പെൺമക്കൾക്കുമുള്ള വിവാഹ ധനസഹായമായി 10,000 രൂപ നൽകിവരുന്നു. ഇതിനുള്ള അപേക്ഷാഫാറം ജില്ലാ സാമൂഹ്യക്ഷേമ ഓഫീസുകളിൽനിന്നും ലഭ്യമാണ്.

## എ.ഡി.ഐ.പി സ്കീം (അസിസ്റ്റന്റ് & ഡിസേബിൾസ് പേഴ്സൺ ഫോർ പർച്ചേസ്/ഫിറ്റിംഗ് ഓഫ് എയ്ഡ് അപ്ലയൻസ്)

അംഗവൈകല്യമുള്ളവർക്ക് അവരുടെ വൈകല്യത്തിന്റെ സ്വഭാവമനുസരിച്ച് ആധുനിക ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയാണിത്. ഉപകരണങ്ങൾ ലഭ്യമാക്കി അവരെ സ്വയം പര്യാപ്തരാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഗുണഭോക്താക്കൾക്ക് നിശ്ചിതപ്രായപരിധി ഇല്ല. ഇന്ത്യൻ

പൗരത്വമുള്ളയാളായിരിക്കണം. ഉപകരണങ്ങൾ ഉപയോഗിക്കാൻതക്ക വൈകല്യം ഗുണഭോക്താവിനുണ്ട് എന്ന് തെളിയിക്കുന്ന ഒരു അംഗീകൃത ഡോക്ടറുടെ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. വാർഷികവരുമാനം 10,000 രൂപയിൽ കൂടാൻ പാടില്ല. അംഗീകൃത ഏജൻസികൾവഴി ഐ.എസ്.ഐ മുദ്രയുള്ള ഉപകരണങ്ങളാണ് വിതരണം ചെയ്യുന്നത്. ഏജൻസികൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതായിരിക്കണം. അപേക്ഷകൾ ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസറുടെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ www.socialjustice.nic.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

## ശാരീരികമായി വെല്ലുവിളി നേരിടുന്നവർക്കുള്ള സ്ഥാപനങ്ങൾ

### ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ (HMDC)

ബുദ്ധിവൈകല്യമുള്ള നാലിനും പതിനാറിനുമിടയിൽ പ്രായമുള്ള കുട്ടികൾക്ക് സംരക്ഷണം നൽകുന്ന സ്ഥാപനമാണ് കോഴിക്കോട് പ്രവർത്തിക്കുന്ന ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ. അപേക്ഷയോടൊപ്പം മുമ്പ് കുട്ടി താമസിച്ചിരുന്ന സ്ഥാപനത്തിന്റെ മേധാവിയുടെ ശുപാർശ കത്തോ അല്ലെങ്കിൽ ആഫ്റ്റർകെയർ ഓഫീസറുടെ ശുപാർശ കത്തോ ഹാജരാക്കേണ്ടതാണ്. പ്രവേശനം ലഭിക്കുന്ന കുട്ടികൾക്ക് വസ്ത്രങ്ങളും കിടക്കയും ആഹാരവും നൽകിവരുന്നു. ദൈനംദിന ആവശ്യങ്ങൾ, വിദ്യാഭ്യാസം, കരകൗശലം എന്നിവ സംയോജിതമായുള്ള പരിശീലന പരിപാടിയും ഇവിടെ നടത്തിവരുന്നു. സ്ഥാപനം സംബന്ധിച്ച് വിശദവിവരം അറിയുന്നതിന് സ്ഥാപനസൂപ്രണ്ടിനെ സമീപിക്കേണ്ടതാണ്. വകുപ്പിന്റെ വെബ്സൈറ്റിലും വിവരങ്ങൾ ലഭ്യമാണ്.

### പ്രതീക്ഷാ ഭവൻ

ബുദ്ധിവൈകല്യമുള്ള പ്രായപൂർത്തിയായ പുരുഷൻമാർക്കുള്ള സ്ഥാപനമാണ് മലപ്പുറം ജില്ലയിലെ തവനൂരിൽ പ്രവർത്തിക്കുന്ന പ്രതീക്ഷാ ഭവൻ. മെഡിക്കൽ ഓഫീസറുടെ ശുപാർശ ചെയ്തുള്ള കത്ത് സഹിതം അപേക്ഷ സമർപ്പിക്കുന്നതിലൂടെ പ്രവേശനം ലഭ്യമാക്കാം. അന്തേവാസികൾക്ക് വസ്ത്രവും കിടക്കയും ഭക്ഷണവും ആരോഗ്യ പരിപാലനവും ആവശ്യമായ വൈദ്യചികിത്സയും നൽകുന്നു. അന്തേവാസികൾക്ക് മാനസികോല്ലാസത്തിനും അവരവരുടെ മതവിശ്വാസം സംരക്ഷിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നു. വിശദവിവരങ്ങൾക്ക് സ്ഥാപനത്തിന്റെ സൂപ്രണ്ടിനെ സമീപിക്കേണ്ടതാണ്. വകുപ്പിന്റെ വെബ്സൈറ്റിലും വിവരങ്ങൾ ലഭ്യമാണ്.

### പ്രത്യാശാ ഭവൻ

ബുദ്ധിവൈകല്യമുള്ള പ്രായപൂർത്തിയായ സ്ത്രീകൾക്ക് വേണ്ടിയുള്ള സ്ഥാപനമാണ് തൃശൂർ രാമവർമ്മപുരത്ത് പ്രവർത്തിക്കുന്ന പ്രത്യാശാ ഭവൻ എന്ന സ്ഥാപനം. സ്ഥാപനസൂപ്രണ്ടിന് അപേക്ഷ സമർപ്പിക്കുന്നതിലൂടെ സ്ഥാപനത്തിലേയ്ക്ക് പ്രവേശനം നേടാവുന്നതാണ്. മെഡിക്കൽ ഓഫീസറുടെ ശുപാർശ ചെയ്തുള്ള കത്തും അപേക്ഷയോടൊത്ത് സമർപ്പിക്കേണ്ടതാണ്. മറ്റു സ്ഥാപനങ്ങളിൽനിന്ന് പ്രവേശനം ലഭിക്കുന്ന അന്തേവാസികൾക്ക് വസ്ത്രവും, കിടക്കയും, ഭക്ഷണവും, ആരോഗ്യപരിപാലനവും, സംരക്ഷണവും ആവശ്യമായ വൈദ്യചികിത്സയും നൽകിവരുന്നു. അന്തേവാസികൾക്ക് മാനസികോല്ലാസത്തിനും അവരവരുടെ മതവിശ്വാസം സംരക്ഷിക്കുന്നതിനുമുള്ള സൗകര്യങ്ങളും ഇവിടെയുണ്ട്. വിശദവിവരങ്ങൾക്ക് സ്ഥാപനസൂപ്രണ്ടിനെ സമീപിക്കുകയോ സാമൂഹ്യക്ഷേമ വകുപ്പിന്റെ വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യേണ്ടതാണ്.

### വികലാംഗ സദനം

വികലാംഗരായ സ്ത്രീകൾക്കും പുരുഷൻമാർക്കും വേണ്ടി വികലാംഗ സദനങ്ങൾ പ്രവർത്തിച്ചുവരുന്നു. വനിതാ വികലാംഗ സദനങ്ങൾ തിരുവനന്തപുരത്തും എറണാകുളത്തും പുരുഷൻമാർക്കുള്ള വികലാംഗ സദനം കോഴിക്കോടും പ്രവർത്തിച്ചുവരുന്നു. പ്രവേശനത്തിന് സ്ഥാപനത്തിന്റെ സൂപ്ര

ണ്ടിന് അപേക്ഷ സമർപ്പിക്കേണ്ടതാണ്. മെഡിക്കൽ ഓഫീസർ ശുപാർശ ചെയ്തിട്ടുള്ള കത്ത് അപേക്ഷയോടൊപ്പം സമർപ്പിക്കണം. സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് വസ്ത്രവും കിടക്കയും ഭക്ഷണവും ആരോഗ്യ പരിപാലനവും സംരക്ഷണവും നൽകിവരുന്നു. അന്തേവാസികൾക്ക് മാനസികോല്ലാസത്തിനും അവരവരുടെ മതവിശ്വാസം സംരക്ഷിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നു. വിശദവിവരങ്ങൾക്ക് സ്ഥാപനത്തിന്റെ സൂപ്രണ്ടിനെ സമീപിക്കേണ്ടതാണ്. വകുപ്പിന്റെ വെബ്സൈറ്റിലും വിവരങ്ങൾ ലഭ്യമാണ്.

### വികലാംഗർക്കുള്ള തൊഴിൽപരിശീലന കേന്ദ്രങ്ങൾ

തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലായി രണ്ട് തൊഴിൽ പരിശീലനകേന്ദ്രങ്ങളാണ് പ്രവർത്തിച്ചു വരുന്നത്. പതിനാറ് വയസ്സിനുമേൽ പ്രായമുള്ള യുവജനങ്ങൾക്ക് ബുക്ക് ബയന്റിംഗ്, ടെയ്ലറിംഗ്, എംബ്രോയിഡറി, കമ്പ്യൂട്ടർ എന്നിവയിൽ തൊഴിൽപരിശീലനം നൽകുന്നു. രണ്ട് വർഷമാണ് കോഴ്സ് കാലാവധി. മെഡിക്കൽ ഓഫീസർ നൽകുന്ന ശുപാർശ കത്ത്, ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനത്തിൽ നിന്നുള്ള കത്ത് എന്നിവയാണ് പ്രവേശനത്തിനാവശ്യമായ രേഖകൾ. കൂടാതെ ഷോർട്ട്ടൈം കോഴ്സുകളായി ആറു മാസം, ഒരു വർഷം തുടങ്ങിയ കാലയളവുകളിലേക്കായി കമ്പ്യൂട്ടർ ട്രെയിനിംഗ് കോഴ്സുകൾ നടത്തുന്നു.

### ബാലവികലാംഗ സദനം

നാലിനും പതിനാറിനും ഇടയിൽ പ്രായമുള്ള വികലാംഗരായ കുട്ടികൾക്ക് വേണ്ടിയുള്ള സ്ഥാപനമാണ് ബാലവികലാംഗ സദനം. മെഡിക്കൽ ഓഫീസർ നൽകുന്ന ശുപാർശ കത്ത്, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള കത്ത് എന്നിവയാണ് പ്രവേശനത്തിനാവശ്യമായ രേഖകൾ. ആലപ്പുഴയിലും കണ്ണൂരിലും ബാലവികലാംഗ സദനങ്ങൾ പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനത്തിൽ പ്രവേശനം ആഗ്രഹിക്കുന്ന കുട്ടികളുടെ രക്ഷകർത്താക്കൾ ബാലവികലാംഗ സദനം സൂപ്രണ്ടിന് വെള്ളപേപ്പറിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റും ഹാജരാക്കണം. മറ്റ് സ്ഥാപനങ്ങളിൽ നിന്ന് വരുന്നവർ ആ സ്ഥാപനമേധാവിയുടെ ശുപാർശകത്തും ലഭ്യമാക്കണം. കുട്ടികൾക്ക് ഭക്ഷണം, വസ്ത്രം, കിടക്ക, ആരോഗ്യപരിപാലനം, വൈദ്യസഹായം എന്നിവ നൽകുന്നു. കുട്ടികൾക്ക് ഉപയുക്തമായ മേഖലയിൽ ട്രെയിനിംഗും നൽകുന്നു. കുട്ടികൾക്ക് വായിക്കുന്നതിനും ഉല്ലാസത്തിനും ഉള്ള അവസരവും കലാ-കായികരംഗങ്ങളിൽ അവരവരുടെ കഴിവ് തെളിയിക്കുന്നതിനുള്ള അവസരവും നൽകുന്നു. കൂടാതെ കുട്ടികൾക്ക് പഠിക്കുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കും. പദ്ധതി സംബന്ധിച്ച വിവരങ്ങൾ അതത് സ്ഥാപനങ്ങളിൽനിന്നും വെബ്സൈറ്റിൽനിന്നും ലഭ്യമാണ്.

## മറ്റു വിഭാഗങ്ങൾക്കുള്ള പദ്ധതികൾ

### പ്രൊബേഷൻ ആന്റ് ആഫ്റ്റർ കെയർ സർവ്വീസ്

പുതുതായി സർവ്വീസിൽ കയറുന്ന ഡിപിഒമാർക്ക് കേരള പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് റൂൾസ് 1960 റൂൾ 8(ഡി) പ്രകാരം 3 മാസത്തെ ട്രെയിനിംഗ് നൽകിവരുന്നു. പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ട് 1958 പ്രകാരം നല്ല നടപ്പ് ജാമ്യത്തിൽ വിടുവാൻ യോഗ്യരാണോ എന്ന് അന്വേഷണം നടത്തുകയും നല്ല നടപ്പ് ജാമ്യത്തിൽ വിടുതൽ ചെയ്താൽ അവരുടെ പുനരധിവാസകാര്യത്തിൽ മേൽനോട്ടം വഹിക്കുകയും ചെയ്യുന്ന പ്രൊബേഷൻ ഓഫീസർമാരെ എല്ലാ ജില്ലകളിലും നിയമിച്ചിട്ടുണ്ട്.

### ജയിൽമോചിതരുടെ പുനരധിവാസം

ദരിദ്രമായ സാമ്പത്തിക സാഹചര്യങ്ങളിൽ നിന്നുള്ള മുൻകുറ്റവാളികൾ, മേൽനോട്ടത്തിന് വിധേയമാക്കി വച്ചിരിക്കുന്ന കുറ്റവാളികൾ, തിരുത്തലിന് വേണ്ടിയോ അല്ലാതെയോ ഉള്ള സ്ഥാപനങ്ങളിലെ എക്സ്പ്യൂപ്പിൾസ് (മുൻ അന്തേവാസികൾ) എന്നിവരുടെ സാമൂഹ്യപുനരധിവാസത്തിന്റെ

ഭാഗമായി സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതിയാണിത്. ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർക്കാണ് അപേക്ഷ നൽകേണ്ടത്. സ്വയംതൊഴിൽ കണ്ടെത്തുന്നതിന് നിലവിൽ 10,000 രൂപയാണ് നൽകിവരുന്നത്. ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസിൽനിന്ന് പദ്ധതിയെ സംബന്ധിച്ച വിവരങ്ങൾ ലഭിക്കും.

## തടവുകാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം

സ്ത്രീ തടവുകാരുടെ മക്കളും പുരുഷൻമാർ ദീർഘകാലമായി ജയിൽ ശിക്ഷ അനുഭവിക്കുന്നത് മൂലം സ്ത്രീകൾ കുടുംബനാഥകൾ ആകുന്ന കുടുംബങ്ങളിലെ കുട്ടികളുമാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഈ രണ്ട് വിഭാഗത്തിലും ഉൾപ്പെട്ട കുട്ടികളുടെ ആഹാരം, വസ്ത്രം, സ്കൂൾഫീസ് തുടങ്ങിയ ചെലവുകൾക്കായി തുക അനുവദിക്കുന്നു. സ്കൂൾതലത്തിലുള്ള കുട്ടികൾക്ക് പ്രതിമാസം 500 രൂപ വീതം പ്രതിവർഷം 6000 രൂപയും, +2, ഡിപ്ലോമ ബിരുദതലത്തിലെ വിദ്യാർത്ഥികൾക്കായി പ്രതിമാസം 1000 രൂപാ വീതം പ്രതിവർഷം 12,000 രൂപയും ലഭിക്കുന്നു. ബിപിഎൽ വിഭാഗത്തിൽ വരുന്ന, അംഗീകൃത സ്ഥാപനങ്ങളിൽ ഡിഗ്രി/ഡിപ്ലോമ വരെ പഠിക്കുന്ന തടവുകാരുടെ കുട്ടികൾക്കാണ് വിദ്യാഭ്യാസ സഹായം ലഭിക്കുക. ആനുകൂല്യത്തിന് അർഹതയുള്ളവർ ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടുമാർക്കാണ് അപേക്ഷ നൽകേണ്ടത്. സാമൂഹ്യക്ഷേമ വകുപ്പിന്റെ വെബ്സൈറ്റിൽ പദ്ധതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കും.

## തടവുകാരുടെ ആശ്രിതരുടെ പുനരധിവാസ പദ്ധതി

7 വർഷമോ അതിന് മുകളിലോ തടവിന് ശിക്ഷിക്കപ്പെട്ടവരുടെ കുടുംബാംഗങ്ങളുടെ പുനരധിവാസത്തിന് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള ധനസഹായപദ്ധതിയാണിത്. ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ലഭിക്കുന്ന ബാങ്ക് വായ്പയുടെ 30 ശതമാനമോ 10,000 രൂപയോ ഏതാണോ കുറവ് അത് ലഭിക്കുന്നു.

## അക്രമത്തിനിരയായവരുടെ പുനരധിവാസം

അക്രമത്തിന് ഇരയായ വ്യക്തിയുടെ ചികിത്സ, വീടിന്റെ കേട്പാട് തീർക്കൽ, കൃഷിക്കുണ്ടായ നാശനഷ്ടങ്ങൾ, കുട്ടികളുടെ വിദ്യാഭ്യാസം, സ്വയംതൊഴിൽ കണ്ടെത്തൽ തുടങ്ങിയ പുനരധിവാസ പ്രവർത്തനങ്ങൾക്കായി 15,000 രൂപവരെ ധനസഹായമായി നൽകിവരുന്നു. ജില്ലാതലത്തിൽ കളക്ടർ, സൂപ്രണ്ട് ഓഫ് പോലീസ് മുതലായവർ ഉൾപ്പെടുന്ന കമ്മിറ്റി കുറ്റകൃത്യങ്ങളിൽ ഇരയാകുന്നവരുടെ കേസുകൾ പരിഗണിച്ച് ശുപാർശചെയ്യുകയാണ് ചെയ്യുന്നത്. ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

## മുൻകുറ്റവാളികൾ/പ്രൊബേഷണർ/എക്സ് പ്യൂപ്പിൾസ്/എക്സ് ഇൻമേറ്റ്സ് എന്നിവർക്കുള്ള ധനസഹായം

ജയിൽ മോചിതരായ മുൻ കുറ്റവാളികൾ പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ട് പ്രകാരം പ്രൊബേഷൻ റിലീസ് ലഭിച്ച പ്രൊബേഷണർമാർ/ബോർസ്റ്റൽ സ്കൂളുകളിൽനിന്നും വിടുതൽ ചെയ്യപ്പെട്ട എക്സ് പ്യൂപ്പിൾസ്/ജുവനൈൽഹോമുകളിൽനിന്ന് വിടുതൽ ചെയ്ത എക്സ് ഇൻമേറ്റ്സ് എന്നിവർക്ക് ഈ പദ്ധതിപ്രകാരം ധനസഹായം നൽകിവരുന്നു. ദരിദ്രമായ പശ്ചാത്തലത്തിലുള്ള കുടുംബങ്ങളിൽപ്പെട്ടവർക്ക് ഉപജീവനമാർഗ്ഗം നേടുന്നതിനായി എന്തെങ്കിലും തൊഴിൽ ആരംഭിക്കുന്നതിനാണ് സഹായം ലഭ്യമാക്കുന്നത്. പരമാവധി 10,000 രൂപയാണ് ധനസഹായമായി ഇപ്പോൾ നല്കിവരുന്നത്. അതാത് ജില്ലാ പ്രൊബേഷൻ ഓഫീസുകളിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

## അനാഥ മന്ദിരങ്ങൾക്കും മറ്റ് ധർമ്മസ്ഥാപനങ്ങൾക്കുമുള്ള ധനസഹായം

ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള സന്നദ്ധസംഘടനകൾ നടത്തുന്ന ഓർഫനേജുകൾ, വൃദ്ധസദനങ്ങൾ, യാചകമന്ദിരങ്ങൾ എന്നിവയ്ക്കാണ് സാമൂഹ്യക്ഷേമ വകുപ്പിൽനിന്നും ഗ്രാന്റ് ലഭിക്കുന്നത്. ഒരു അന്തേവാസിക്ക് പ്രതിമാസം 200 രൂപയാണ് ഗ്രാന്റ്. പ്രസ്തുത ഹോമുക

ളിൽ പ്രവേശിപ്പിക്കപ്പെട്ട, 5 വയസ്സിനും 21 വയസ്സിനുമിടയിൽ പ്രായമുള്ള അനാഥരും ഉപേക്ഷിക്കപ്പെട്ടവരുമായ കുട്ടികൾക്ക് ഗ്രാന്റിന് അർഹതയുണ്ട്. 55 വയസ്സിന് മുകളിൽ പ്രായമുള്ള ആലംബഹീനരും നിർദ്ധനരുമായ വൃദ്ധജനങ്ങൾക്ക് ഗ്രാന്റ് ലഭിക്കും. കൂടാതെ 55 വയസ്സിന് താഴെ പ്രായമുള്ള അംഗവൈകല്യംകൊണ്ടോ മാനസികമായ അസ്വസ്ഥതകൊണ്ടോ സാധാരണജീവിതം നയിക്കാൻ കഴിയാത്തവർക്കും മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഗ്രാന്റിന് അർഹതയുണ്ട്. ബന്ധപ്പെട്ട ജില്ലാ സാമൂഹ്യക്ഷേമ ആഫീസർക്കാണ് അപേക്ഷ നൽകേണ്ടത്. പദ്ധതി സംബന്ധിച്ച വിവരങ്ങൾഎല്ലാ ജില്ലാ സാമൂഹ്യക്ഷേമ ആഫീസുകളിലും ലഭിക്കും. അതത് വർഷം ജൂൺ 1-ാം തീയതിക്കുമുമ്പ് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

### ലഹരിവിരുദ്ധ പ്രവർത്തനം നടത്തുന്ന സന്നദ്ധസംഘടനകൾക്കുള്ള ധനസഹായ പദ്ധതി

മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടുപോയവരാണ് ഗുണഭോക്താക്കൾ. മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടുപോയ ജനവിഭാഗങ്ങളെ മെച്ചപ്പെട്ട രീതിയിൽ പുനരധിവസിപ്പിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് നയിക്കുന്നതിനും ലഹരിവസ്തുക്കളുടെ ദുരുപയോഗം തടയുക എന്ന ഉദ്ദേശത്തോടുകൂടിയും കേന്ദ്രസർക്കാർ ആവിഷ്കരിച്ചു നടപ്പാക്കുന്ന പദ്ധതിയാണിത്. ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർക്കാണ് അപേക്ഷ നൽകേണ്ടത്. മദ്യത്തിനും മയക്കുമരുന്നിനും മറ്റ് ലഹരി വസ്തുക്കൾക്കും അടിമപ്പെട്ടുപോയവർക്ക് ലഹരി വിമുക്ത കേന്ദ്രങ്ങളിലൂടെ പുനരധിവാസം സാദ്ധ്യമാക്കുകയാണ് ഈ പദ്ധതിയിലൂടെ. പദ്ധതി സംബന്ധിച്ച വിവരങ്ങൾ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാരുടെ കാര്യാലയങ്ങളിൽനിന്നും ജില്ലയിലെ ലഹരിവിമുക്ത കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരം ലഭിക്കുന്നതാണ്. ഔദ്യോഗിക വെബ്സൈറ്റിലും ലഭ്യമാണ്. ആഗസ്റ്റ് 31ന് മുമ്പായി അപേക്ഷ നൽകേണ്ടതാണ്.

### ദുർബല ജനവിഭാഗങ്ങൾക്കുള്ള സംരക്ഷണ പുനരധിവാസ പദ്ധതി

അനാരോഗ്യം ബാധിച്ച് നിരാശ്രയരും, അശരണരുമായ തെരുവിൽ അലയുന്നവർക്കു രോഗം ഭേദമായ ശേഷവും ആശുപത്രികളിൽ കഴിയാൻ നിർബന്ധിതമായവർക്കും സംരക്ഷണം നൽകുന്നതിനുള്ള പദ്ധതിയാണിത്. മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ട നിരാലംബരെ ഏറ്റെടുത്ത് അവർക്ക് എല്ലാവിധ സംരക്ഷണവും നൽകാൻ തയ്യാറുള്ള സന്നദ്ധസംഘടനകളെ തിരഞ്ഞെടുത്ത് ചുമതല ഏൽപ്പിക്കുകയാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾക്ക് സർക്കാർ ധനസഹായം നൽകും. സാമൂഹ്യക്ഷേമ ഡയറക്ടർക്കാണ് അപേക്ഷ നൽകേണ്ടത്. പദ്ധതി സംബന്ധിച്ച വിവരങ്ങൾ ഔദ്യോഗിക വെബ്സൈറ്റിലും സാമൂഹ്യക്ഷേമ വകുപ്പിന്റെ ജില്ലാതല ഓഫീസുകളിൽനിന്നും ലഭിക്കും.

### മിശ്രവിവാഹ ധനസഹായ പദ്ധതി

22,000 രൂപ വരെ വാർഷിക വരുമാനമുള്ളവർക്കാണ് ധനസഹായത്തിന് അർഹതയുള്ളത്. വിവാഹം കഴിഞ്ഞ് 2 വർഷം പൂർത്തിയാകുകയും മൂന്ന് വർഷം കഴിയാത്തവരുമായവർക്ക് സഹായത്തിന് അപേക്ഷിക്കാം. ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർക്കാണ് അപേക്ഷ നൽകേണ്ടത്. എസ്.സി./എസ്.റ്റി ഒഴികെയുള്ള മിശ്രവിവാഹിതർക്ക് ഈ വകുപ്പ് മുഖേന 30,000 രൂപ ധനസഹായം നൽകിവരുന്നുണ്ട്. ബന്ധപ്പെട്ട ജില്ലാ സാമൂഹ്യക്ഷേമ ഓഫീസിൽനിന്നും അപേക്ഷ ലഭിക്കുന്നതാണ്.

## സാമൂഹ്യക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന നിയമങ്ങൾ

### സ്ത്രീധന നിരോധന നിയമം

1961 ലെ കേരള സ്ത്രീധന നിരോധന നിയമ പ്രകാരം 2004ൽ സംസ്ഥാനസർക്കാർ കേരള ഡൗറി പ്രൊഹിബിഷൻ റൂൾസ് പുറപ്പെടുവിക്കുകയുണ്ടായി. ദേശീയ വനിതാകമ്മീഷന്റെ ദീർഘനാളായുള്ള ആവശ്യം മുൻനിർത്തിയാണ് സ്ത്രീധന നിരോധന ചട്ടങ്ങൾ നിർമ്മിച്ചിരിക്കുന്നത്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിങ്ങനെ മൂന്ന് റീജിയണൽ ഡൗറി പ്രൊഹിബിഷൻ ആഫീ

സർമാരെ സ്വതന്ത്രച്ചുമതല നൽകി നിയമിച്ചിട്ടുണ്ട്. സാമൂഹ്യക്ഷേമ ഡയറക്ടറാണ് ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസർ. സ്ത്രീധനം സംബന്ധിച്ചുള്ള പരാതികൾ സ്വന്തമായോ, രക്ഷകർത്താക്കൾ അല്ലെങ്കിൽ ബന്ധുക്കൾ അല്ലെങ്കിൽ ഏതെങ്കിലും അംഗീകൃത സംഘടന, സ്ഥാപനം വഴിയോ നൽകാവുന്നതാണ്. ആർ.ഡി.പി.ഒ. ഒരു മാസത്തിനുള്ളിൽ പരാതി അന്വേഷിച്ച് കണ്ടെത്തലുകൾ രേഖപ്പെടുത്തുന്നതായിരിക്കും. തടയുക അല്ലെങ്കിൽ പരിഹരിക്കുക എന്നതായിരിക്കും ആർ.ഡി.പി.ഒ-വിന്റെ പ്രാഥമിക സമീപനം. നിശ്ചയിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ നിർദ്ദേശങ്ങളും ഉത്തരവുകളും അനുസരിക്കാത്തവർക്കെതിരെ മാത്രമേ ശിക്ഷാനടപടി ഉണ്ടാകൂ. വിവാഹിതരാകാൻ പോകുന്ന എല്ലാ സർക്കാർ ജീവനക്കാരും വിവാഹത്തിനുശേഷം തങ്ങൾ സ്ത്രീധനം വാങ്ങിയിട്ടില്ലെന്ന് സത്യവാങ്മൂലം അവരുടെ വകുപ്പ് തലവന് നൽകണം. ഈ സത്യവാങ്മൂലത്തിൽ ഭാര്യയും അച്ഛനും ഭാര്യയുടെ പിതാവും ഒപ്പിട്ടിരിക്കണം. ഇത് നിർബന്ധമായും നൽകേണ്ടതും ഈ രേഖ സ്ത്രീധനനിരോധന നിയമത്തിന്റെ പരിധിയിൽ വരുന്നതുമാണ്.

## ഗാർഹികപീഡന നിരോധന നിയമം

2006 ഒക്ടോബറിലാണ് ഗാർഹികപീഡന നിരോധന നിയമം പ്രാബല്യത്തിൽവന്നത്. സ്ത്രീകൾക്ക് അപമാനവും ഉപദ്രവവും ആയി മാറിത്തീരാൻ സാധ്യതയുള്ള മാമരാ അതിക്രമങ്ങളും ഗാർഹിക പീഡനത്തിന്റെ വിശാലമായ നിർവചനത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. ഗാർഹിക പീഡനത്തിന് ഇരയാകുന്ന സ്ത്രീകൾക്ക് സംരക്ഷണവും താമസവും സാമ്പത്തികാശ്വാസ നടപടികളും നിയമപരമായി ഉറപ്പുവരുത്തുന്നു. ജീവിതപങ്കാളിയായ ഭർത്താവിൽനിന്നും അവരുടെ പുരുഷന്മാരായ ബന്ധുക്കളിൽനിന്നും ഭാര്യക്ക് അല്ലെങ്കിൽ സ്ത്രീക്ക് നേരിടേണ്ടിവരുന്ന പീഢനങ്ങളിൽനിന്ന് സംരക്ഷണം നൽകുന്നതിനാണ് ഈ നിയമം. സാമ്പത്തികവും വൈകാരികവും വാചികവും ശാരീരികവും ലൈംഗികവുമായ അപമാനിക്കലും അപമാനഭീഷണികളുമെല്ലാം ഈ നിയമത്തിന്റെ പരിധിയിൽവരുന്നു. സ്ത്രീധനത്തിനുവേണ്ടി പീഢിപ്പിക്കപ്പെട്ട സ്ത്രീകളും അവരുടെ ബന്ധുക്കളും ഗാർഹിക പീഢനത്തിന്റെ നിർവചനത്തിൽ ഉൾപ്പെടുന്നുണ്ട്.

## നിയമത്തിന്റെ പ്രധാന പ്രത്യേകതകൾ

1. ശാരീരികം, ലൈംഗികം, ആംഗ്യം, ഉപദ്രവകരമായ തരത്തിൽ വൈകാരികവും സാമ്പത്തികവുമായ അപവാദം, ആരോഗ്യം, സുരക്ഷ, മെച്ചപ്പെട്ട ജീവിതസാഹചര്യം എന്നിവയ്ക്ക് തടസ്സം സൃഷ്ടിക്കുക, മാനസികമായോ ശാരീരികമായോ ഒരു വ്യക്തിയെ വ്രണപ്പെടുത്തുക എന്നിവയെല്ലാം നിയമത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നു.
2. ഭാര്യ അല്ലെങ്കിൽ പുരുഷന്റെ ലൈംഗികപങ്കാളിയായ എന്നാൽ ഭാര്യയായി അംഗീകരിക്കപ്പെടാത്ത സ്ത്രീ, ഇവരിലാരെങ്കിലുമാണ് പീഡിപ്പിക്കപ്പെട്ട വ്യക്തിയെങ്കിൽ അവർ നിയമത്തിന്റെ പരിധിയിൽ വരും.
3. വിവാഹമോചനക്കേസിലെ പ്രതിയുമായി ബന്ധമുള്ള, അയാളുടെ വീട്ടിൽ താമസിക്കുന്ന ഏതെങ്കിലും സ്ത്രീ, അമ്മ, വിധവയായ ബന്ധു, മകൾ എന്നിവർകൂടി ഈ നിയമത്തിന്റെ പരിധിയിൽ വരും.
4. നിയമപരമായ അവകാശമോ, സ്വത്തിൽ ഓഹരിയോ ഇല്ലെങ്കിലും പീഢിപ്പിക്കപ്പെട്ട സ്ത്രീയെ ഇറക്കിവിടാതിരിക്കുവാനും അവിടെത്തന്നെ താമസിപ്പിക്കുന്നതിനും ഭർത്താവിന് നിർദ്ദേശം കൊടുക്കുന്നതിനുള്ള അധികാരം മജിസ്ട്രേട്ടിനുണ്ട്.
5. സാമ്പത്തിക ആശ്വാസം, മാസന്തോറും ജീവനാംശം എന്നിവ കൊടുപ്പിക്കുന്നതിന് മജിസ്ട്രേറ്റിന് അധികാരമുണ്ട്.
6. സംരക്ഷണ ഉത്തരവോ അല്ലെങ്കിൽ ഇടക്കാലസംരക്ഷണ ഉത്തരവോ ലംഘിച്ചാൽ ഒരു വർഷംവരെ നീളാവുന്ന തടവുശിക്ഷയും 20,000 രൂപവരെ പിഴയും ചിലപ്പോൾ ഇവ രണ്ടും കൂടിയോ അനുഭവിക്കേണ്ടിവരും.
7. പരാതി സമർപ്പിച്ച് മൂന്ന് ദിവസത്തിനുള്ളിൽ ആദ്യ ഹിയറിംഗിന് വിളിച്ചുചേർത്ത് കോടതി നടപടിക്രമങ്ങൾ തുടങ്ങിക്കൊണ്ട് വേഗത്തിൽ നീതി ലഭ്യമാകുന്നുവെന്ന് ഈ നിയമം ഉറപ്പുവരുത്തുന്നു.

8. ആദ്യഹിയറിംഗ് മുതലുള്ള 60 ദിവസ കാലാവധിക്കുള്ളിൽ ഓരോ കേസും തീർക്കുന്നു.

ഗാർഹികപീഢനത്തിന് വിധേയമാക്കപ്പെട്ട സ്ത്രീ താമസിച്ചുകൊണ്ടിരിക്കുന്ന വീടുമായി ബന്ധപ്പെട്ട, പ്രായപൂർത്തിയായ പുരുഷൻ അല്ലെങ്കിൽ അയാളുടെ ബന്ധുക്കൾ (സ്ത്രീകളുമാകാം ഉദാഹരണം: ഭർത്താവ്, പുരുഷ പങ്കാളി, അമ്മായിയമ്മ) എന്നിവർക്കെതിരെ പരാതി നൽകാം. പ്രൊട്ടക്ഷൻ ഓഫീസർ, പോലീസ് ഓഫീസർ, സേവനദാതാക്കൾ (ക്ഷേമസംഘടനകൾ), ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് അല്ലെങ്കിൽ മെട്രോ പൊളിറ്റൻ മജിസ്ട്രേറ്റ് എന്നിവർക്കാണ് പരാതി സമർപ്പിക്കേണ്ടത്. പരാതി എഴുതി നൽകുകയാണ് വേണ്ടത്.

ഗാർഹികപീഢന സമാനമായ സംഭവങ്ങൾ ഉണ്ടാകുമ്പോൾ, ഗാർഹികപീഢനം നടന്നുകൊണ്ടിരിക്കുമ്പോൾ, പീഢനം നടക്കാനുള്ള സാധ്യത ഉണ്ടാകുമ്പോൾ, പീഢനം നടക്കുന്ന വിവരം അറിയാവുന്ന ആർക്കും പരാതി/വിവരം നൽകാവുന്നതാണ്. ഗാർഹികപീഢന നിയമം അനുസരിച്ച് പരാതി നൽകാൻ സ്ത്രീക്ക് മാത്രമേ കഴിയുകയുള്ളൂ. ഗാർഹികപീഢനത്തിന് ഇരയാകുന്നവർക്ക് സഹായം ലഭ്യമാക്കുന്നതിന് താഴെ പറയുന്ന സംവിധാനങ്ങൾ പ്രവർത്തിക്കുന്നു.

1. പീഢനത്തിന് ഇരയായവർക്ക് അടിയന്തിര സഹായങ്ങൾ (ഉദാ: അഭയം, കൗൺസലിംഗ്, ചികിത്സ, മാർഗനിർദ്ദേശം എന്നിവ) നൽകുന്നതിനായി 80 സർവ്വീസ് പ്രൊവൈഡേഴ്സിനെ സംസ്ഥാനത്തുടനീളം അംഗീകാരം നൽകിയിട്ടുണ്ട്. ഇവയുടെ വിവരങ്ങൾ www.keralawomen.gov.in എന്ന വെബ്പോർട്ടലിലും, www.swd.kerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.
2. പീഢനത്തിന് ഇരയായവർക്ക് സൗജന്യ നിയമ സഹായം നൽകുന്നതിന് ലീഗൽ കൗൺസിലേഴ്സിന്റെ സേവനങ്ങളും ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനങ്ങളും ഷെൽട്ടർ ഹോമുകളിലും സർവീസ് പ്രൊവൈഡിംഗ് സെന്ററുകളിലും ലഭ്യമാണ്.
3. പീഢനത്തിന് ഇരയായവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിന് എല്ലാ ജില്ലകളിലും പ്രൊട്ടക്ഷൻ ഓഫീസേഴ്സിന്റെ സേവനം ലഭ്യമാണ്.

## മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പാരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട് – 2007

മുതിർന്ന പൗരന്മാരുടെയും മാതാപിതാക്കളുടെയും ക്ഷേമവും പരിരക്ഷയും ഉദ്ദേശിച്ചാണ് ഈ നിയമം നടപ്പിലാക്കിയിരിക്കുന്നത്. ഈ നിയമപ്രകാരം മെയിന്റനൻസ് ട്രിബ്യൂണൽ രൂപീകരിച്ചിട്ടുണ്ട്. സ്വന്തം വരുമാനത്തിൽനിന്നോ സ്വന്തം സ്വത്തിൽ നിന്നുള്ള വരുമാനത്തിൽ നിന്നോ സ്വയം പരിപാലനത്തിനു കഴിവില്ലാത്ത മാതാപിതാക്കളുൾപ്പെടെയുള്ള മുതിർന്ന പൗരന്മാർക്ക് നിയമത്തിന്റെ ഖണ്ഡം 5 പ്രകാരം പരിരക്ഷയ്ക്കുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്. ട്രൈബ്യൂണലിനു അനുവദിക്കാവുന്ന പരമാവധി പരിരക്ഷ തുക സംസ്ഥാന ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ളതനുസരിച്ച് പതിനായിരം രൂപയിൽ കവിയാത്തതായിരിക്കണം.

ദരിദ്രരായ 150 മുതിർന്ന പൗരന്മാരെ വീതം പാർപ്പിക്കാവുന്ന വൃദ്ധസദനങ്ങൾ തുടക്കത്തിൽ ജില്ലയ്ക്ക് ഒന്നു വീതം സ്ഥാപിക്കൽ, മുതിർന്ന പൗരന്മാരുടെ വൈദ്യശുശ്രൂഷ, ജീവനും സ്വത്തിനുമുള്ള സംരക്ഷണം എന്നിവ ഈ നിയമം ഉറപ്പ് നൽകുന്നു.

## ജുവനൈൽ ജസ്റ്റീസ് (കുട്ടികളുടെ സംരക്ഷണവും സുരക്ഷയും) ആക്ട് – 2000

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ സംരക്ഷണത്തിനും സുരക്ഷയ്ക്കും വികസനത്തിനും പുനരധിവാസത്തിനും ചില പ്രത്യേക സാഹചര്യത്തിൽ ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികൾക്കും വേണ്ടിയാണ് ജുവനൈൽ ജസ്റ്റീസ് ആക്ട് (കുട്ടികളുടെ സംരക്ഷണവും സുരക്ഷയും) – 2000 രൂപപ്പെടുത്തിയിട്ടുള്ളത്. പോലീസ് ലോക്കപ്പുകളിലോ ജയിലുകളിലോ ഏതൊരു സാഹചര്യത്തിലും ഒരു കുട്ടിപോലും അടയ്ക്കപ്പെടുകയില്ലെന്ന് ഉറപ്പുവരുത്തുന്നതിന് രാജ്യവ്യാപകമായി ഒരു ഏകീകൃത നിയമസംവിധാനം ഇത് നൽകുന്നുണ്ട്.

ഈ നിയമത്തിൽ 18 വയസുവരെയുള്ള കുട്ടികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കുട്ടികളുടെ പുനരധിവാസം, വികാസം, സംരക്ഷണം, സുരക്ഷ എന്നിവയ്ക്കാവശ്യമായ സംവിധാനവും ആന്ത

രികഘടനയും നിയമം വ്യക്തമാക്കുന്നുണ്ട്. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളെ നിരീക്ഷിക്കുന്നതിനുള്ള ജുവനൈൽ ജസ്റ്റിസ് ബോർഡുകളും സംരക്ഷണവും പരിചരണവും സുരക്ഷയും ആവശ്യമായ കുട്ടികൾക്ക് അവ നൽകുന്നതിനുവേണ്ടിയുള്ള ശിശുക്ഷേമ സമിതികളും ഈ സംവിധാനത്തിൽ ഉൾപ്പെടുന്നു. കുട്ടികളുടെ പുനരധിവാസത്തിനും തുടർവിദ്യാഭ്യാസത്തിനും പഴയനില വീണ്ടെടുക്കുന്നതിനും ആവശ്യമായ വിശാലമായ സമീപനം കൈക്കൊള്ളുന്നു.

കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് ഐക്യരാഷ്ട്രസഭ 1989 ൽ നടത്തിയ കൺവെൻഷനിൽ എടുത്ത തീരുമാനങ്ങളെ ഇന്ത്യാഗവൺമെന്റ് 1992–ൽ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമങ്ങളും നയങ്ങളും എല്ലാ സംസ്ഥാനങ്ങളിലും ഒരുപോലെ നടപ്പാക്കുന്നതിനുള്ള ബാധ്യത ഏറ്റെടുത്തിരിക്കുന്നു.

## ജുവനൈൽ ജസ്റ്റിസ് ബോർഡ്

ജുവനൈൽ ജസ്റ്റിസ് ആക്ട് 2000 പ്രകാരം കേരളത്തിലെ എല്ലാ ജില്ലകളിലും ജുവനൈൽ ജസ്റ്റിസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. അതാത് ജില്ലകളിലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് പ്രിൻസിപ്പൽ മജിസ്ട്രേട്ടും, രണ്ട് സാമൂഹ്യപ്രവർത്തകരുമടങ്ങുന്ന ഒരു ബോർഡാണിത്. സാമൂഹ്യപ്രവർത്തകരിൽ ഒരാൾ നിർബന്ധമായും വനിതയായിരിക്കണം. ബാലനീതി നിയമം അനുശാസിക്കുന്ന വിദ്യാഭ്യാസ യോഗ്യതയും, പരിചയവും ഉള്ളവരെയാണ് അംഗങ്ങളായി തെരഞ്ഞെടുക്കുന്നത്. സംസ്ഥാനതല തെരഞ്ഞെടുപ്പ് കമ്മിറ്റിയാണ് അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്. കുറ്റം ചെയ്തതായി ആരോപിക്കപ്പെട്ട കുട്ടികളുടെ പുനരധിവാസ കാര്യത്തിൽ ആവശ്യമായ അന്വേഷണത്തിൽ തീർപ്പു കൽപ്പിക്കുകയാണ് ബോർഡിന്റെ ചുമതല.

## ചൈൽഡ് വെൽഫെയർ കമ്മിറ്റി

ബാലനീതി നിയമപ്രകാരം ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ കേരളത്തിലെ എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുണ്ട്. ഒരു ചെയർമാനും 4 അംഗങ്ങളുമടങ്ങുന്നതാണ് ഈ കമ്മിറ്റി. ബാലനീതി നിയമം അനുശാസിക്കുന്ന വിദ്യാഭ്യാസയോഗ്യത, പരിചയം എന്നിവയുടെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ്. ചൈൽഡ് വെൽഫെയർ കമ്മിറ്റി അംഗങ്ങളിൽ ഒരാൾ നിർബ്ബന്ധമായും വനിതയായിരിക്കണം. ബാലനീതി നിയമത്തിന്റെ പരിധിയിൽവരുന്ന സംരക്ഷണവും, പരിചരണവും ആവശ്യമുള്ള വിഭാഗത്തിലെ കുട്ടികളുടെ കാര്യത്തിൽ തീർപ്പ് കൽപ്പിക്കുക, ദത്ത് നൽകുന്നതിന്റെ മുന്നോടിയായി അർഹരായ കുട്ടികളുടെ ലീഗലി ഫ്രീ ഫോർ അഡോപ്ഷൻ സർട്ടിഫിക്കറ്റ് നൽകുക, കുട്ടികളെ താമസിപ്പിക്കുന്ന സ്ഥാപനങ്ങൾ പരിശോധിക്കുക എന്നിവയാണ് പ്രധാന ചുമതലകൾ.

## സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്

ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈഎസ്പിയുടെ കീഴിൽ ജില്ലാതല സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്.

## ജുവനൈൽ പ്രൊബേഷൻ സർവ്വീസ്

ബാലനീതി നിയമപ്രകാരം കുട്ടികളെക്കുറിച്ചുള്ള അന്വേഷണം, മേൽനോട്ടം തുടങ്ങിയ ചുമതലകൾ നിർവഹിക്കുന്നതിനുവേണ്ടി തിരുവനന്തപുരം, എറണാകുളം, തൃശൂർ ജില്ലകളിൽ സ്പെഷ്യൽ പ്രൊബേഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ ജുവനൈൽ കേസുകൾ കൈകാര്യം ചെയ്യുന്നത് പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ട് വ്യവസ്ഥയനുസരിച്ച് നിയമിച്ച പ്രൊബേഷൻ ഓഫീസർമാരാണ്.

## പ്രോഗ്രാം ഡവലപ്മെന്റ് ആന്റ് മോണിറ്ററിംഗ് സെൽ – പ്രധാന ചുമതലകൾ

ജുവനൈൽ ജസ്റ്റിസ് ആക്ട് നടപ്പാക്കലും മേൽനോട്ടവും യൂണിസെഫ് സഹായത്തോടെയുള്ള ബോധവൽക്കരണ/പരിശീലന പരിപാടികളും ജുവനൈൽ ജസ്റ്റിസ് ആക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി വകുപ്പ് സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ പി.ഡി.എം.സിയുടെ കീഴിൽ പുനരധിവാസ

മാർഗ്ഗങ്ങൾ ആവിഷ്കരിക്കുക, കുട്ടികൾക്കും മുൻവിദ്യാർത്ഥികൾക്കും തുടർവിദ്യാഭ്യാസം നൽകുക തുടങ്ങിയ പരിപാടികളും നടത്താറുണ്ട്. സെല്ലിന്റെ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. ജുവനൈൽ ജസ്റ്റീസ് ആക്ട് നടപ്പാക്കലും മേൽനോട്ടവും.
2. ദേശീയ-സംസ്ഥാനതല പരിപാടികൾ നടത്തുക, മേൽനോട്ടം വഹിക്കുക.
3. യൂണിസെഫ് സഹായമുള്ള പരിപാടികൾ വികസിപ്പിക്കുകയും നടത്തിപ്പും മേൽനോട്ടവും വഹിക്കുകയും ചെയ്യുക.
4. എല്ലാ വിഭാഗത്തിലുമുള്ള കുട്ടികൾക്കായി, പ്രത്യേകിച്ച് ദുരിതസാഹചര്യങ്ങളിലുള്ള കുട്ടികൾ - കുടുംബപിന്തുണയില്ലാതെ കുട്ടികൾക്കുവേണ്ടിയുള്ള നയപരിപാടികൾ രൂപീകരിക്കുകയും വികസിപ്പിക്കുകയും ചെയ്യുക.
5. കുട്ടികൾക്കായുള്ള സേവനപരിപാടികളുടെ ഫലപ്രദമായ നടത്തിപ്പിനും വികസനത്തിനും രൂപീകരണത്തിനുമായി സംസ്ഥാനസർക്കാരിനെ സഹായിക്കുക.
6. ജുവനൈൽ ജസ്റ്റീസ് നിയമം അനുസരിച്ച് ബോധവൽക്കരണപരിപാടി നടത്തുക.
7. ട്രെയിനിംഗുകൾ, ശിൽപ്പശാലകൾ/സെമിനാറുകൾ, കൺസൾട്ടേഷനുകൾ എന്നിവ നടത്തുക.
8. കേന്ദ്ര-സംസ്ഥാന സർക്കാരുകളും എൻജിഒകളും നടപ്പിലാക്കുന്ന പരിപാടികൾ.
9. ജുഡീഷ്യറി, പോലീസ്, ജെ.ജെ. ബോർഡ് ചെയർമാൻ അംഗങ്ങൾ, ശിശുക്ഷേമസമിതികൾ, ജെജെ ഇൻസ്റ്റിറ്റ്യൂഷൻ പ്രൊബേഷൻ ഓഫീസർമാർ-സ്റ്റാഫ്, സാമൂഹ്യപ്രവർത്തകർ, എൻജിഒകൾ എന്നിവർക്ക് പരിശീലനം നൽകുക.
10. തെരുവ് കുട്ടികൾക്കായുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
11. അക്രമത്തിനും സൈബർ കുറ്റത്തിനും ഇരയായ കുട്ടികളെ സംരക്ഷിക്കുക.
12. എച്ച്.ഐ.വി രോഗികളുടേയും എച്ച്.ഐ.വി ബാധിതരായ കുട്ടികൾക്കും പരിചരണവും സംരക്ഷണവും നൽകുക.
13. ബാലഭിക്ഷാടനം നിരോധിക്കുക.
14. ചൈൽഡ്‌ലൈൻ പരിപാടികൾ നടത്തുക.
15. ബാലവേല ചെയ്യുന്നവരുടെ പുനരധിവാസം.

## പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ട് - 1958

കുറ്റം തെളിയുന്ന പ്രതികളെ ജയിൽശിക്ഷ വിധിക്കാതെ പകരം സംവിധാനം എന്ന രീതിയിൽ പ്രൊബേഷൻ ആഫീസറുടെ മേൽനോട്ടത്തോട് കൂടിയോ ഇല്ലാതെയോ വ്യവസ്ഥകൾക്ക് വിധേയമായി നിരീക്ഷണത്തിൽ വിടുതൽ ചെയ്യുകയും തൃപ്തികരമായി നിരീക്ഷണകാലം പൂർത്തീകരിക്കുന്നവരെ ജയിൽ ശിക്ഷയിൽനിന്നും ഒഴിവാക്കികൊടുക്കുകയും ചെയ്യുന്ന നിയമമാണിത്. ജീവപര്യന്തമോ തൂക്കിക്കൊലയോ ശിക്ഷവിധിക്കാവുന്ന വകുപ്പിൽ ഉൾപ്പെടാത്ത കുറ്റം ചെയ്തിട്ടുള്ളവരോ ആണ് ഗുണഭോക്താക്കൾ.

## ശൈശവ വിവാഹ നിരോധന നിയമം - 2006

ബാലവിവാഹങ്ങൾ തടയുന്നതിനും, ബാലവിവാഹങ്ങൾ നടത്തിക്കൊടുക്കുന്നവരെ ശിക്ഷിക്കുന്നതിനും ഉതകുന്ന ഒരു നിയമമാണിത്. ഈ നിയമപ്രകാരം ബാലവിവാഹ നിരോധന ആഫീസർമാരായി ശിശു വികസനപദ്ധതി ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ബാലവിവാഹം നടക്കാൻ ഇടയുണ്ട് എന്നറിയാവുന്നവർക്ക് ആ വിവാഹം തടയുന്നതിനും അത്തരം വിവാഹങ്ങൾ നടത്തിക്കൊടുക്കുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനുമായി ഈ ആഫീസർമാർക്ക് പരാതി സമർപ്പിക്കാവുന്നതാണ്.

## നാഷണൽ ട്രസ്റ്റ് ആക്ട്

ഓട്ടിസം, സെറിബ്രൽ പാൾസി, മെന്റൽ റീട്ടാർഡേഷൻ എന്നിവ ബാധിച്ചിട്ടുള്ളവരുടെ ക്ഷേമത്തിനായി കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ബോർഡാണ് നാഷണൽ ട്രസ്റ്റ്. നാഷ

ണൽ ട്രസ്റ്റ് ആക്ട് നടപ്പിലാക്കുന്നതിനായി 13 ജില്ലകളിൽ ലോക്കൽ ലെവൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. മാനസികവൈകല്യം ബാധിച്ച വ്യക്തികൾക്ക് നിയമാനുസൃത രക്ഷിതാക്കളെ നിയമിക്കുന്നതിനുള്ള അധികാരം ലോക്കൽ ലെവൽ കമ്മിറ്റികളിൽ നിക്ഷിപ്തമാണ്. ബാലവികാസ് ട്രസ്റ്റ് ആണ് നോഡൽ ഏജൻസി.

## പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് ആക്ട്-1995

വൈകല്യമുള്ള ആളുകൾ (തുല്യഅവസരങ്ങളും, അവകാശസംരക്ഷണവും, പൂർണപങ്കാളിത്തവും) ആക്ട് 1995 നിലവിൽ വന്നു. വികലാംഗർക്ക് വേണ്ട ക്ഷേമപ്രവർത്തനങ്ങളും സേവനങ്ങളും ഈ നിയമം വഴി നടപ്പിലാക്കുന്നു.

## ഓർഫനേജസ് ആന്റ് ചാരിറ്റബിൾ ഹോംസ് (കൺട്രോൾ ആന്റ് സൂപ്പർവിഷൻ ആക്ട്) 1960

സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ഈ നിയമപ്രകാരം അംഗീകാരം നേടിയെടുക്കേണ്ടതാണ്. അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിന് ഈ നിയമം അനുശാസിക്കുന്നു. ഈ നിയമത്തിന്റെ കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ഓർഫനേജ് കൺട്രോൾ ബോർഡുകളാണ് സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നത്. അംഗീകാരം ലഭിക്കുന്നതിന് അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യക്ഷേമ ആഫീസർക്കോ, സാമൂഹ്യക്ഷേമ ഡയറക്ടർക്കോ സമർപ്പിക്കാവുന്നതാണ്.

## ദത്തെടുക്കൽ

നിയമപരമായി വിവാഹിതരായ ദമ്പതികൾ, വിവാഹിതർ/വിവാഹമോചനം നേടിയവർ തുടങ്ങിയ ഏതു വ്യക്തികൾക്കും ദത്ത് എടുക്കാവുന്നതാണ്. വിവാഹിതരായവരുടെ കാര്യത്തിൽ ദമ്പതികളിൽ ഒരാളുടെ വയസ്സ് 55 വരെ ആയിരിക്കണം. കൂടാതെ രണ്ടുപേരുടെയും വയസ്സു കൂട്ടുമ്പോൾ 90 വരെയാണ് പ്രായത്തിന്റെ പരിധി. മറ്റു വ്യക്തികളുടെ കാര്യത്തിൽ 30നും 45നും ഇടയിൽ പ്രായമുള്ളവർക്കാണ് ദത്ത് എടുക്കാൻ യോഗ്യത. കൂടാതെ താഴെപ്പറയുന്ന യോഗ്യതകൾ കൂടി അനിവാര്യമാണ്.

1. ശാരീരികവും മാനസികവും വൈകാരികവുമായി ആരോഗ്യമുള്ളവരായിരിക്കണം.
2. സത്സ്വഭാവമുള്ളവരും സുദൃഢമായ ദാമ്പത്യ/കുടുംബ ബന്ധം പുലർത്തുന്നവരുമായിരിക്കണം.
3. വ്യക്തിപരമായും കുടുംബപരമായും സാമൂഹികമായി പാലിക്കേണ്ട ചുമതലബോധമുള്ളവരായിരിക്കണം.

ദത്തെടുക്കാൻ ആഗ്രഹിക്കുന്നവർ ഏതെങ്കിലും അംഗീകൃത ദത്ത് നൽകൽ കേന്ദ്രങ്ങളിൽ പേര് രജിസ്റ്റർ ചെയ്യണം.

1. പ്രായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്
2. മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്
3 വരുമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
4. സ്വന്തമായി വസ്തു/വീട് ഇവയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ
5. കുഞ്ഞിനെ ദത്തെടുത്ത് വളർത്തുവാൻ പ്രാപ്തരാണെന്ന് തെളിയിക്കുന്നതിന് വാസസ്ഥലത്തിനടുത്ത പ്രദേശത്തെ രണ്ടു വ്യക്തികളിൽ നിന്നുള്ള സാക്ഷ്യപത്രം.
6. ദമ്പതികളുടെ പോസ്റ്റ് കാർഡ് വലിപ്പത്തിലുള്ള 4 ഫോട്ടോകൾ
7. ദത്തെടുത്ത വ്യക്തിക്ക് എന്തെങ്കിലും അത്യാഹിതങ്ങൾ സംഭവിച്ചാൽ, ദത്ത് കുട്ടിയുടെ സംരക്ഷണം ഏറ്റെടുത്തുകൊള്ളാമെന്നുള്ള അടുത്ത ബന്ധുവിന്റെ സമ്മതപത്രം.
8 കുട്ടിയുടെ പേരിൽ 25,000 രൂപ ബാങ്കിൽ നിക്ഷേപിക്കുന്നതിന് തയ്യാറാവണം.

### അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധി

സാമൂഹ്യക്ഷേമ വകുപ്പിലെ അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കുമായി ഒരു ക്ഷേമനിധി സാമൂഹ്യക്ഷേമ ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്നു. അംഗൻവാടി വർക്കർമാരിൽനിന്നും പ്രതിമാസം 30 രൂപയും ഹെൽപ്പർമാരിൽനിന്നും 15 രൂപയും ശേഖരിക്കുകയും തുല്യവിഹിതം സർക്കാർ നൽകുകയും ചെയ്യുന്നു. ഈ ഫണ്ട് ഉപയോഗിച്ച് അംഗങ്ങൾക്ക് വിവിധ സേവനങ്ങൾ ലഭ്യമാണ്.

1. വൈദ്യസഹായം
2. വിവാഹധനസഹായം
3. മക്കൾക്കുള്ള വിദ്യാഭ്യാസസഹായം
4. വീടുനിർമ്മിക്കുന്നതിനുള്ള ലോൺ
5. മരണാനന്തരാനുകൂല്യം
6. പെൻഷൻ ആനുകൂല്യം

ക്ഷേമനിധിയുടെ കീഴിൽ ഒരു പെൻഷൻ സെല്ലും പ്രവർത്തിക്കുന്നു. ജില്ലാ സാമൂഹ്യക്ഷേമ ഓഫീസിനോടനുബന്ധിച്ച് ക്ഷേമനിധിയുടെ ഒരു സ്റ്റാഫ് പ്രവർത്തിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറുമായി ചേർന്ന് ഇ-ബാങ്കിംഗ് വഴി പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും നൽകിവരുന്നു. ക്ഷേമനിധിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ: ഡോ. പി. പ്രതാപൻ. ഇമെയിൽ: anganwadiksemanidhi@gmail.com.

## അവാർഡുകൾ

### അംഗൻവാടി വർക്കർമാർക്കുള്ള സംസ്ഥാന അവാർഡ്

ഐസിഡിഎസ് പദ്ധതി നടത്തിപ്പിലെ അടിസ്ഥാന ഘടകങ്ങളാണ് അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും. അംഗൻവാടി വർക്കർമാരുടെ ശിശുക്ഷേമ പ്രവർത്തനത്തിനും സന്നദ്ധസേവനങ്ങൾക്കും മുൻതൂക്കം നൽകി ആദരിക്കുന്നതിനായി കേന്ദ്രസർക്കാർ അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ വർഷവും തെരഞ്ഞെടുക്കപ്പെടുന്ന അംഗൻവാടി വർക്കർമാർക്ക് 5000 രൂപ വീതം ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകിവരുന്നു. അവാർഡുകളുടെ ജില്ലതിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു. തിരുവനന്തപുരം – 3, കൊല്ലം – 3, പത്തനംതിട്ട – 2, ആലപ്പുഴ – 3, കോട്ടയം – 2, ഇടുക്കി – 1, എറണാകുളം – 4, തൃശൂർ – 4, പാലക്കാട് – 3, മലപ്പുറം – 4, കോഴിക്കോട് – 4, വയനാട് – 1, കണ്ണൂർ – 2, കാസർഗോഡ് – 1.

### അംഗൻവാടി ഹെൽപ്പർമാർക്കുള്ള സംസ്ഥാന അവാർഡ്

സംസ്ഥാനത്ത് തിരഞ്ഞെടുക്കപ്പെടുന്ന അംഗൻവാടി ഹെൽപ്പർമാർക്ക് അവരുടെ ശിശുക്ഷേമ പ്രവർത്തനങ്ങൾക്കും, സന്നദ്ധസേവനങ്ങൾക്കും അംഗീകാരം നൽകുന്നതിന്റെ ഭാഗമായി അവാർഡ് നൽകിവരുന്നു. 3000 രൂപയാണ് അവാർഡ് തുക. ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു. തിരുവനന്തപുരം – 3, കൊല്ലം – 3, പത്തനംതിട്ട – 2, ആലപ്പുഴ – 3, കോട്ടയം – 2, ഇടുക്കി – 1, എറണാകുളം – 4, തൃശൂർ – 4, പാലക്കാട് – 3, മലപ്പുറം – 4, കോഴിക്കോട് – 4, വയനാട് – 1, കണ്ണൂർ – 2, കാസർഗോഡ് – 1

### അംഗൻവാടി വർക്കർമാർക്കുള്ള ദേശീയ അവാർഡ്

സംസ്ഥാനത്തുനിന്നും സംസ്ഥാന അവാർഡിനായി തിരഞ്ഞെടുക്കപ്പെടുന്ന രണ്ട് അംഗൻവാടി വർക്കർമാർക്ക് കേന്ദ്രസർക്കാർ 25,000 രൂപയും സർട്ടിഫിക്കറ്റും അവാർഡായി നൽകുന്നു.

### ഐസിഡിഎസ് സൂപ്പർവൈസർമാർക്കും സിഡിപിഒമാർക്കുമുള്ള സംസ്ഥാന അവാർഡ്

ജില്ലകളിലെ ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഓരോ സൂപ്പർവൈസർമാർ വീതം സംസ്ഥാനമൊട്ടാകെ 14 ഐസിഡിഎസ് സൂപ്പർവൈസർമാർക്ക് ഒരാൾക്ക് 7500 രൂപയും സർട്ടിഫി

ക്കറ്റുമുൾപ്പെടുന്ന സംസ്ഥാന അവാർഡ് നൽകിവരുന്നു. സംസ്ഥാനത്തെ 163 ഐസിഡിഎസ് പ്രൊജക്ടുകളിലെ സിഡിഓപിമാരിൽനിന്നും തെരഞ്ഞെടുക്കുന്ന ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഒരു സിഡിഓപിയ്ക്ക് സംസ്ഥാന അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. 10,000 രൂപയും സർട്ടിഫിക്കറ്റുമാണ് അവാർഡ്.

## ധീരതയ്ക്കുള്ള അവാർഡ്

സംസ്ഥാനത്ത്, വിവിധതലങ്ങളിൽ, സ്വന്തം ജീവൻ തൃണവൽഗണിച്ചുകൊണ്ട് മറ്റുള്ളവരുടെ ജീവൻ രക്ഷിച്ച 6നും 18നും ഇടയ്ക്ക് പ്രായമുള്ള കുട്ടികളിൽനിന്നാണ് അവാർഡിനായി അപേക്ഷ ക്ഷണിക്കുന്നത്. അവാർഡിന്റെ വിജ്ഞാപനത്തിൽ രേഖപ്പെടുത്തിയ പ്രകാരമുള്ള നിശ്ചിതകാലയളവിനുള്ളിൽ ധീരപ്രവർത്തി കാഴ്ചവച്ചവരായിരിക്കണം അപേക്ഷകർ. ഏതു തരത്തിലുള്ള ധീരപ്രവർത്തിയാണ് കാഴ്ചവച്ചത്, രക്ഷപ്പെടുത്തിയ ആളുമായി കുട്ടികൾക്കുള്ള ബന്ധം എന്നിവ രേഖപ്പെടുത്തിയ അപേക്ഷയിന്മേൽ ചുവടെ ചേർക്കുന്നവരിൽ നിന്ന് രണ്ട് പേർ ശുപാർശ ചെയ്യണം.

1. പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ അല്ലെങ്കിൽ പഞ്ചായത്ത്/ജില്ലാ പരിഷത്ത് തലവൻ
2. സ്റ്റേറ്റ് കൗൺസിൽ ഫോർ ചൈൽഡ് വെൽഫെയറിന്റെ ജനറൽ സെക്രട്ടറി/പ്രസിഡന്റ്
3. കളക്ടർ/എഡിഎം/സമാന ഗവൺമെന്റ് ഉദ്യോഗസ്ഥൻ
4. പോലീസ് സൂപ്രണ്ട്/ഉയർന്ന റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥൻ

അതാത് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർക്കാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. മെഡൽ, സർട്ടിഫിക്കറ്റ്, ക്യാഷ് അവാർഡ് എന്നിവ അവാർഡിനർഹരായ കുട്ടികൾക്ക് ലഭിക്കും. സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ്, ജില്ലാ സാമൂഹ്യക്ഷേമ ഓഫീസുകൾ, വകുപ്പ് വെബ്സൈറ്റ് എന്നിവിടങ്ങളിൽനിന്ന് ഇത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണ്.

## നാഷണൽ അവാർഡ് ഫോർ ചൈൽഡ് വെൽഫെയർ

കുട്ടികളുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന 3 വ്യക്തികൾക്കും 5 സ്ഥാപനങ്ങൾക്കുമാണ് ദേശീയ തലത്തിലുള്ള ഈ അവാർഡ് നൽകിവരുന്നത്. ഏതെങ്കിലും സ്ഥാപനത്തിൽനിന്നും പ്രതിഫലം പറ്റുന്നവർ അർഹരല്ല. നിർദ്ദിഷ്ട അപേക്ഷകൾ ഇംഗ്ലീഷിൽ പൂരിപ്പിച്ച് അതാത് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. സ്ഥാപനങ്ങൾക്കുള്ള അവാർഡ് 3 ലക്ഷം രൂപയും സൈറ്റേഷനുമാണ്. 1 ലക്ഷം രൂപയും സൈറ്റേഷനുമാണ് വ്യക്തികൾക്കുള്ള അവാർഡ്. പ്രസ്തുത അവാർഡ് സംബന്ധിച്ച വിവരങ്ങൾ സാമൂഹ്യക്ഷേമ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

## രാജീവ്ഗാന്ധി മാനവസേവ അവാർഡ് ഫോർ സർവ്വീസ് ടു ചിൽഡ്രൻ

കുട്ടികളുടെ ക്ഷേമത്തിനുവേണ്ടി പത്ത് വർഷത്തിലധികമായി പ്രവർത്തിക്കുന്ന 3 വ്യക്തികൾക്കാണ് ദേശീയതലത്തിലുള്ള ഈ പുരസ്കാരം നൽകിവരുന്നത്. അപേക്ഷകർ ഏതെങ്കിലും സ്ഥാപനത്തിൽനിന്നും പ്രതിഫലം പറ്റുന്നവരായിരിക്കരുത്. വിജ്ഞാപനംവരുന്ന മുറയ്ക്ക് നിർദ്ദിഷ്ട ഫോറത്തിൽ ഇംഗ്ലീഷിൽ പൂരിപ്പിച്ച അപേക്ഷകൾ അതാത് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസിലാണ് സമർപ്പിക്കേണ്ടത്. പ്രസ്തുത അവാർഡ് സംബന്ധിച്ച വിവരങ്ങൾ സാമൂഹ്യക്ഷേമ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

## സ്ത്രീശക്തി പുരസ്കാർ

സാമൂഹ്യരംഗത്ത് വനിതകൾനേടിയ വ്യക്തിഗത നേട്ടങ്ങൾക്കാണ് ദേശീയതലത്തിലുള്ള ഈ അവാർഡ് നൽകുന്നത്. ഇതേ വിഭാഗത്തിലെ റാണി രുദ്രമാദേവിയുടെ പേരിലുള്ള പുരസ്കാരം ഭരണ, സംഘാടനപാടവമുള്ള സ്ത്രീകൾക്കും പുരുഷൻമാർക്കും നൽകുന്നു. നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷകൾ ഇംഗ്ലീഷിൽ പൂരിപ്പിച്ച് അതാത് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. 3 ലക്ഷം രൂപയും സൈറ്റേഷനുമാണ് അവാർഡ്. പദ്ധതി സംബന്ധിച്ച വിവരങ്ങൾ സാമൂഹ്യക്ഷേമ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. ഓരോ വർഷവും അവാർഡ് സംബ

സിച്ച് വിജ്ഞാപനം നടത്തുന്നതായിരിക്കും. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി അതു പ്രകാരം നിശ്ചയിക്കേണ്ടതായിരിക്കും. അപേക്ഷകൾ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്.

## വയോശ്രേഷ്ഠ സമ്മാൻ

വയോജനക്ഷേമ രംഗത്ത് സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുള്ള വയോജനങ്ങളായ വ്യക്തികൾക്കും വയോജനങ്ങളുടെ വിവിധ പ്രശ്നങ്ങളിൽ ഇടപെട്ട് ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്ന സംഘടന, പഞ്ചായത്ത് എന്നിവർക്കും വയോശ്രേഷ്ഠ സമ്മാൻ ദേശീയതലത്തിൽ നൽകിവരുന്നു. പത്ത് അവാർഡാണ് ഈ വിഭാഗത്തിൽ ഉള്ളത്. വാർദ്ധക്യകാല പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുകയും ജനങ്ങളിലെത്തിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങൾക്ക് 'ഇൻസ്റ്റിറ്റ്യൂഷൻ അവാർഡ് ഫോർ നോളജ്', വയോജനക്ഷേമ രംഗത്ത് സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുന്ന സംഘടനകൾക്ക് 'ഇൻസ്റ്റിറ്റ്യൂഷൻ അവാർഡ് ഫോർ സർവീസ്', 90 വയസ്സിനു മുകളിലും സാമൂഹ്യസേവനം തുടരുന്നവർക്ക് 'സെന്റനേറിയൻ' അവാർഡ്, മക്കളെ ലക്ഷ്യപ്രാപ്തിയിലെത്തിച്ച അമ്മമാർക്ക് 'ബെസ്റ്റ് മദർ അവാർഡ്', അസാമാന്യമായ ധീരത പ്രകടിപ്പിച്ച വയോജനങ്ങൾക്ക് ധീരതയ്ക്കുള്ള 'കറേജ് ആന്റ് ബ്രേവറി അവാർഡ്', വാർദ്ധക്യസംബന്ധ മേഖലയിൽ സംഭാവനകൾ നൽകിയ വയോജനങ്ങൾക്ക് 'ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്', കലാരംഗത്ത് പ്രവർത്തിച്ച ദേശീയ അന്തർദേശീയ പുരസ്കാരങ്ങൾ ലഭിച്ച വയോജനങ്ങൾക്ക് 'ക്രിയേറ്റീവ് ആർട്ട് അവാർഡ്', വയോജനക്ഷേമ രംഗത്ത് പ്രവർത്തിക്കുന്ന പഞ്ചായത്തുകൾക്ക് 'ബെസ്റ്റ് പഞ്ചായത്ത് അവാർഡ്', സ്പോർട്സ് മേഖലയിൽ പ്രവർത്തിക്കുന്ന വയോജനങ്ങൾക്ക് 'സ്പോർട്സ് പേഴ്സൻ അവാർഡ്', തൊഴിൽരംഗത്ത് സാമ്പത്തിക പുരോഗതി ലക്ഷ്യം വെച്ച് വ്യാവസായിക ഉന്നമനത്തിനായി ശ്രമിക്കുന്ന വയോജനങ്ങൾക്ക് 'എക്കണോമിക് ലീഡർഷിപ്പ് അവാർഡ്' എന്നിങ്ങനെ പത്ത് അവാർഡുകൾ ഈ വിഭാഗത്തിൽ ഓരോ വർഷവും നൽകുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് മുഖാന്തിരം പുറപ്പെടുവിക്കുന്ന വിജ്ഞാനപ്രകാരം അപേക്ഷകൾ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസിലേക്ക് അയയ്ക്കേണ്ടതാണ്.

## സംസ്ഥാന വികലാംഗ അവാർഡ്

കേന്ദ്ര/സംസ്ഥാന ഗവൺമെന്റ് സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വകാര്യ സ്ഥാപനങ്ങളിലും ജോലിചെയ്യുന്ന വികലാംഗരായ ഉദ്യോഗസ്ഥർക്ക് മികച്ച വികലാംഗ ജീവനക്കാർക്കുള്ള അവാർഡിനായി അപേക്ഷിക്കാം. അസ്ഥിസംബന്ധമായ വൈകല്യം, അന്ധത, ബധിരത, ബുദ്ധിവൈകല്യം എന്നീ രംഗത്ത് പ്രവർത്തിച്ചുവരുന്ന വികലാംഗക്ഷേമ സ്ഥാപനങ്ങൾക്കും സംസ്ഥാന അവാർഡിന് അപേക്ഷിക്കാം. 2%-ത്തിൽ കുറയാത്ത ജീവനക്കാർ വികലാംഗരായിട്ടുള്ള സ്ഥാപനങ്ങൾക്ക് മികച്ച തൊഴിൽദായകർക്കുള്ള സംസ്ഥാന അവാർഡിനായി അപേക്ഷിക്കാം. നിർദ്ദിഷ്ട അപേക്ഷാഫോറം പൂരിപ്പിച്ച് അതാത് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്. വികലാംഗ ജീവനക്കാർക്ക് 18 അവാർഡുകളാണുള്ളത്. അന്ധത, ബധിരത, അസ്ഥിസംബന്ധമായ വൈകല്യം എന്നീ വിഭാഗങ്ങളിൽ ഓരോന്നിനും 2 അവാർഡ് വീതം നൽകിവരുന്നു. സർക്കാർ, സ്വകാര്യ, പൊതുമേഖലാ വിഭാഗത്തിൽ ഓരോന്നിനും ഈ അവാർഡ് ലഭിക്കും. അസ്ഥിസംബന്ധമായ വൈകല്യം, അന്ധത, ബധിരത, ബുദ്ധിവൈകല്യം എന്നീ രംഗത്ത് പ്രവർത്തിക്കുന്ന വികലാംഗക്ഷേമ സ്ഥാപനങ്ങൾക്ക് ഓരോ അവാർഡ് വീതമാണ് നൽകുന്നത്. മികച്ച തൊഴിൽദായകർക്കുള്ള അവാർഡിന് സർക്കാർമേഖല, സ്വകാര്യമേഖല, പൊതുമേഖല സ്ഥാപനത്തിന് ഓരോ അവാർഡ് നൽകുന്നു. അവാർഡിന് അപേക്ഷിക്കേണ്ട അപേക്ഷാഫോറം അതത് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസിൽനിന്നും ലഭ്യമാണ്. അപേക്ഷാഫോമിനൊപ്പം (ജീവനക്കാർക്കുള്ള അവാർഡിനായി അപേക്ഷിക്കുന്നവർ) ജോലിചെയ്യുന്ന സ്ഥാപനമേധാവിയുടെ ശുപാർശ കത്ത്, വൈകല്യം തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്, വൈകല്യം ബോധ്യപ്പെടുന്ന ഫോട്ടോ എന്നിവ സമർപ്പിക്കേണ്ടതാണ്.

## ദേശീയ വികലാംഗ അവാർഡ്

ജീവനക്കാർക്കും സ്വയംതൊഴിൽ ചെയ്യുന്നവർക്കുമായി 10 ദേശീയ അവാർഡുകൾ നൽകിവരുന്നു. കാഴ്ചക്കുറവ്, കേൾവിക്കുറവ്, അസ്ഥിസംബന്ധമായ വൈകല്യം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, അന്ധത, മെന്റൽ ഇൽനസ്, ഓട്ടിസം, മൾട്ടിപ്പിൾ ഡിസെബിലിറ്റി, ലപ്രസി ക്യൂവേർഡ് എന്നീ വൈകല്യമുള്ള സർക്കാർ/സ്വകാര്യ/പൊതുമേഖലയിൽ ജോലിചെയ്യുന്നവർക്കും സ്വയംതൊഴിൽ കണ്ടെത്തുന്നവർക്കുമായിട്ടാണ് ഈ അവാർഡ് നൽകുന്നത്. വൈകല്യമുള്ളവർക്ക് ജോലി നൽകുന്ന സ്ഥാപനങ്ങൾക്കും, പ്ലേസ്മെന്റ് ഓഫീസേഴ്സ്/ഏജൻസി, വികലാംഗർക്ക് വേണ്ടി പ്രവർത്തിക്കുന്ന മികച്ച വ്യക്തികൾക്കും, മികച്ച ക്ഷേമസ്ഥാപനങ്ങൾക്കും, വികലാംഗരായ വ്യക്തികളുടെ പുരോഗമനത്തിനായുള്ള റിസേർച്ചിനും, വികലാംഗരുടെ ഉന്നമനത്തിന് പ്രവർത്തിക്കുന്ന മികച്ച ജില്ലകൾക്കും, മികച്ച ലോക്കൽ ലെവൽ കമ്മിറ്റികൾക്കും, മികച്ച ചാനലൈസിംഗ് ഏജൻസിക്കും, വ്യക്തിപരമായ നേട്ടങ്ങൾ കൈവരിച്ച വികലാംഗ കുട്ടികൾക്കും മുതിർന്നവർക്കും അവാർഡുകൾ നൽകിവരുന്നു. കേന്ദ്രഗവണ്മെന്റ് വകുപ്പായ മിനിസ്ട്രി ഓഫ് സോഷ്യൽ ജസ്റ്റിസ് & എംപവർമെന്റ് ഓരോ വർഷവും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസിൽനിന്നും ലഭിക്കുന്ന അപേക്ഷാഫോറം പൂരിപ്പിച്ച് അതാത് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്. ജീവനക്കാരുടെ അവാർഡിന് അവരുടെ ജോലി ചെയ്യുന്നതിനുള്ള കാര്യക്ഷമത, കൃത്യനിഷ്ഠ, സഹപ്രവർത്തകരോടും മേലധികാരികളോടുമുള്ള പെരുമാറ്റം എന്നിവ കണക്കാക്കിയാണ് അവാർഡിന് പരിഗണിക്കുന്നത്. ഇതിനായി മേലധികാരികളുടെ ശുപാർശകത്തും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുണ്ട്. സ്ഥാപനങ്ങൾ, പ്ലേസ്മെന്റ് ഓഫീസേഴ്സ് എന്നിവർക്കുള്ള അവാർഡിന് വികലാംഗരുടെ ക്ഷേമത്തിനായി പ്രവർത്തിച്ചതിന്റെ വിവരങ്ങൾ അപേക്ഷയോടൊപ്പം ഉൾപ്പെടുത്തണം. 10 വർഷത്തിൽക്കൂടുതൽ സേവനരംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയാണ് പരിഗണിക്കുന്നത് പ്ലേസ്മെന്റ് ഓഫീസർമാർ കഴിഞ്ഞ 5 വർഷത്തിൽ എത്ര വികലാംഗരെ (പ്രത്യേകിച്ച് വികലാംഗ വനിതകളെ) നിയമിച്ചു എന്ന് പരിശോധിച്ച് അവാർഡിന് പരിഗണിക്കുന്നു.

## നാഷണൽ ചൈൽഡ് അവാർഡ് ഫോർ എക്സപ്ഷണൽ അച്ചീവ്മെന്റ്

വിദ്യാഭ്യാസം, കല, കായികം, സാഹിത്യം തുടങ്ങി വിവിധ രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള 4 നും 15 നും വയസ്സിനു ഇടയിലുള്ള കുട്ടികൾക്കാണ് ഈ ദേശീയ അവാർഡ് നൽകുന്നത്. ഇംഗ്ലീഷിൽ പൂരിപ്പിച്ച അപേക്ഷ, വിശദമായ ബയോഡേറ്റ, പ്രാഗത്ഭ്യം തെളിയിച്ചതിനുള്ള വിശദമായ രേഖകളും സഹിതം വിജ്ഞാപനം പ്രകാരം അതാത് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

## നിർഭയ പദ്ധതി

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനുള്ള കേരള സർക്കാരിന്റെ നൂതന പദ്ധതിയാണ് 'നിർഭയ' എന്ന പേരിൽ അറിയപ്പെടുന്നത്. ഇതിനായി ഒരു നയം ജി.ഒ(എം.എസ്) 17/2012 പ്രകാരം സർക്കാർ അംഗീകരിക്കുകയുണ്ടായി. ഈ നയം ബാലപീഡനം, ലൈംഗിക അതിക്രമം, വേശ്യാവൃത്തിക്ക് വേണ്ടിയുള്ള പെൺവാണിഭം ഇവയ്ക്കെതിരെയുള്ള ശക്തമായ പ്രവർത്തനങ്ങൾക്കാണ് മുൻതൂക്കം നൽകുന്നത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിന് മൂന്ന് പ്രധാന മേഖലയിൽ ഉള്ള ഇടപെടൽ നടത്താനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

1) തടയൽ - പ്രശ്നത്തിന്റെ മൂലകാരണങ്ങൾ കണ്ടെത്തി ചൂഷണവിധേയരാകാൻ സാധ്യതയുള്ളവർക്ക് ബോധവൽക്കരണം നടത്തി പ്രധാന കാരണങ്ങളായ ലിംഗവിവേചനം, മദ്യപാനം, ഉപഭോഗാസക്തി ഇവയ്ക്കെതിരെ സാമൂഹ്യ അവബോധം സൃഷ്ടിച്ച് ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യാനുള്ള ചെറിയ പ്രവണതകൾ പോലും മുൻകൂട്ടി തടയുക.

2. **സംരക്ഷണം** – ശക്തമായ തിരുത്തൽ നടപടികൾക്കും, പരിഹാര നടപടികൾക്കും തുടക്കം കുറിച്ചുകൊണ്ട് പീഡിതകൾക്ക് തങ്ങളുടെ ശാരീരികവും മാനസികവുമായ മുറിവുകളിൽ നിന്ന് ആശ്വാസം നേടി സ്വന്തം സമൂഹത്തിൽ പുനഃപ്രവേശനത്തിന് ആവശ്യമായ സംരക്ഷണ സേവനങ്ങൾ നൽകുക.

3. **വിചാരണ** – ഇത്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കാതിരിക്കാനായി നിയമത്തിന്റെ ശക്തമായ ഇടപെടലും നിയമം നടപ്പാക്കലും.

ലൈംഗിക ചൂഷണത്തിനും, പീഡനം, വാണിഭം എന്നിവയ്ക്കും വിധേയരാകുന്നവരുടെ സംരക്ഷണം, മോചനം, പുനരധിവാസം എന്നീ കാര്യങ്ങളിൽ ഉത്തരവാദിത്വമെടുക്കുന്നതും ഈ നയം നടപ്പിലാക്കുന്നതും പ്രധാനമായും മൂന്ന് തലങ്ങളിലൂടെയാണ്. അവ

1. പഞ്ചായത്ത്/നഗരസഭ
2. ജില്ലാതലം
3. സംസ്ഥാനതലം എന്നിവയാണ്. കൂടാതെ വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ ഈ സാമൂഹ്യ വിപത്തിനെ നേരിടാൻ പദ്ധതി ലക്ഷ്യമിടുന്നു.

**പ്രതിരോധം, മോചനം, പുനരധിവാസം, പുനരേകീകരണം, ഉപജീവനം, ആരോഗ്യസംരക്ഷണ സേവനങ്ങൾ, വിദ്യാഭ്യാസം, പാർപ്പിടവും പൗരാവകാശസൗകര്യങ്ങളും, ഫോസ്റ്റർ കെയർ, രക്ഷപ്പെടുത്തലും, സ്വസ്ഥാനങ്ങളിൽ ഇടം നൽകലും തുടങ്ങിയ ബൃഹത്തായ മേഖലകളിലെ ഇടപെടലിലൂടെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക പീഡനത്തെ പാടെ നീക്കുന്നതിന് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നു.**

വർദ്ധിച്ചു വരുന്ന ലൈംഗിക പീഡനകേസുകൾ കൈകാര്യം ചെയ്യുന്നതിനായി അതിവേഗ കോടതികൾ, പീഡിതകളെ പുനരധിവസിപ്പിക്കുന്നതിനായി നിർഭയ ഷെൽട്ടർ ഹോമുകൾ, ഇത്തരം കുറ്റകൃത്യങ്ങളെ തടയുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി ***18004251400*** എന്ന ടോൾഫ്രീ ടെലിഫോൺ നമ്പർ എന്നിവ പദ്ധതിയുടെ പ്രാരംഭ ഇടപെടലുകൾ എന്ന നിലയിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്.

നിർഭയ പദ്ധതിക്കായി സംസ്ഥാനസർക്കാർ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ ലൈംഗിക പീഡനത്തിനിരയാകുന്നവർക്ക് അടിയന്തിര ആശ്വാസത്തിനും സാമ്പത്തിക സഹായം നൽകാനും പുനരധിവാസിപ്പിക്കുന്നതിനുമായി സ്ഥിരമായ ഒരു കോർപ്പസ് ഫണ്ട് രൂപീകരിക്കുന്നതിനും തീരുമാനിച്ചിരിക്കുകയാണ്.

നിർഭയ പദ്ധതിയുടെ നടത്തിപ്പിനായി സാമൂഹ്യക്ഷേമ ഡയറക്ടറേറ്റിൽ ഒരു നിർഭയ സെല്ലും രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

## ക്യാൻസർ സുരക്ഷാ പദ്ധതി

സംസ്ഥാനത്തെ 18 വയസ്സിനു താഴെയുള്ള കാൻസർ രോഗികളായ കുട്ടികൾക്ക് പൂർണ്ണ ചികിത്സ നൽകുന്ന പദ്ധതി.

ദാരിദ്ര്യരേഖയ്ക്ക് മുകളിലെന്നോ താഴെയെന്നോ വ്യത്യാസമില്ലാതെ അർഹരായ എല്ലാ കുട്ടികൾക്കും പ്രയോജനം ലഭ്യമാകുന്ന തരത്തിലാണ് പദ്ധതി നടപ്പാക്കുന്നത്.

കാൻസർ സുരക്ഷാ പദ്ധതി അനുസരിച്ച് ചികിത്സ ലഭിക്കുന്ന ആശുപത്രികൾ ചുവടെ ചേർക്കുന്നു.

1. ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം
2. ഗവ. മെഡിക്കൽ കോളേജ്, തൃശ്ശൂർ
3. ഗവ. മെഡിക്കൽ കോളേജ്, ആലപ്പുഴ
4. ഗവ.മെഡിക്കൽ കോളേജ് കോഴിക്കോട്
5. ഗവ.മെഡിക്കൽ കോളേജ്, കോട്ടയം
6. ഐ.എം.സി.എച്ച്., കോഴിക്കോട്
7. ഐ.സി.എച്ച്, കോട്ടയം
8. കോർപ്പറേറ്റീവ് മെഡിക്കൽ കോളേജ്, പരിയാരം കണ്ണൂർ
9. ആർ.സി.സി. തിരുവനന്തപുരം
10. ജനറൽ ആശുപത്രി, എറണാകുളം
11. മലബാർ ക്യാൻസർ സെന്റർ, കണ്ണൂർ

## താലോലം പദ്ധതി

കുട്ടികൾക്കുണ്ടാകുന്ന ആപത്ക്കരമായ ഹൃദ്രോഗം, വൃക്കരോഗങ്ങൾ, സെറിബ്രൽ പാൾസി, ഓട്ടിസം അസ്ഥി വൈകല്യങ്ങൾ ഉൾപ്പെടെയുള്ള രോഗങ്ങൾക്ക് സർജറിയടക്കമുള്ള ചികിത്സ നൽകുന്ന പദ്ധതിയാണ് താലോലം.

പതിനെട്ടു വയസ്സിനു താഴെ പ്രായമുള്ള ദാരിദ്ര്യരേഖയ്ക്ക് മുകളിലെന്നോ താഴെയെന്നോ വ്യത്യാസമില്ലാതെ അർഹരായ എല്ലാ കുട്ടികൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു.

താലോലം പദ്ധതി ചികിത്സ ലഭ്യമാകുന്ന ആശുപത്രികളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1. ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം
2. ഗവ. മെഡിക്കൽ കോളേജ്, തൃശ്ശൂർ
3. ഗവ. മെഡിക്കൽ കോളേജ്, ആലപ്പുഴ
4. ഗവ.മെഡിക്കൽ കോളേജ് കോഴിക്കോട്
5. ഗവ.മെഡിക്കൽ കോളേജ്, കോട്ടയം
6. ഐ.എം.സി.എച്ച്., കോഴിക്കോട്
7. ഐ.സി.എച്ച്, കോട്ടയം
8. കോപ്പറേറ്റീവ് മെഡിക്കൽ കോളേജ്, കൊച്ചി
9. കോപ്പറേറ്റീവ് മെഡിക്കൽ കോളേജ്, പരിയാരം കണ്ണൂർ
10. ചെസ്റ്റ് ഹോസ്പിറ്റൽ, തൃശ്ശൂർ
11. എസ്.സി.റ്റി.ഐ.എം.എസ്.റ്റി. തിരുവനന്തപുരം
12. ആർ.സി.സി. തിരുവനന്തപുരം
13. എസ്.എ.റ്റി. തിരുവനന്തപുരം
14. ജില്ലാ ആശുപത്രി, കാസർഗോഡ്
15. താലൂക്ക്/ജനറൽ ആശുപത്രി, കാസർഗോഡ്

## ശ്രുതി തരംഗം

ബധിരരും മൂകരുമായ കുഞ്ഞുങ്ങൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ കേൾവിയും സംസാരശേഷിയും ലഭ്യമാക്കുന്ന പദ്ധതിയാണ് ശ്രുതിതരംഗം പദ്ധതി.

ബധിരരും മൂകരുമായ കുട്ടികൾക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. ടി പദ്ധതിയുടെ അപേക്ഷാഫാറവും വിശദവിവരങ്ങളും കേരള സാമൂഹ്യ സുരക്ഷാമിഷന്റെ വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്.

## സ്നേഹസാന്ത്വനം

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ രോഗികൾക്ക് ആയിരം രൂപ മുതൽ രണ്ടായിരം രൂപ വരെ രോഗത്തിന്റെ തീവ്രതയുടെ അടിസ്ഥാനത്തിൽ മാസംപ്രതി പെൻഷൻ നൽകുന്ന പദ്ധതിയാണ് സ്നേഹസാന്ത്വനം പദ്ധതി. എൻഡോസൾഫാൻ ദുരിത ബാധിതരാണെന്നുള്ള മെഡിക്കൽ ബോർഡിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറുടെ പ്രത്യേക ലിസ്റ്റിൽപ്പെട്ട ആളുകൾക്ക് ഈ സഹായം ലഭിച്ചുവരുന്നു.

## ആശ്വാസകിരണം

മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ബുദ്ധിമാന്ദ്യമുള്ളവർ, സെറിബ്രൽ പാൾസി/ ഓട്ടിസംമൂലം അവശതയുള്ളവർ, പലവിധ കാരണങ്ങളാൽ ശയ്യാവലംബികളായവർ തുടങ്ങിയവർക്ക് മുഴുവൻ സമയവും മറ്റൊരാളുടെ പരിചരണം ആവശ്യമാണ്. പരിചരിക്കുന്ന വ്യക്തികൾക്ക് മറ്റു തൊഴിലുകളിൽ ഏർപ്പെടാൻ കഴിയുകയില്ല. അങ്ങനെയുള്ള വ്യക്തികൾക്ക് 400/- രൂപ നിരക്കിൽ പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം.

## സ്നേഹസ്പർശം

ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരായവർക്ക് പ്രതിമാസം ധനസഹായം നൽകുന്ന പദ്ധതിയാണ് സ്നേഹസ്പർശം പദ്ധതി. നിശ്ചിത അപേക്ഷാഫാറത്തിൽ ധനസഹായം ലഭിക്കുന്നതിനായി ബന്ധപ്പെട്ട ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ മുഖേന അപേക്ഷ കേരള സാമൂഹ്യ സുരക്ഷാ മിഷന് സമർപ്പിക്കുന്നമുറയ്ക്ക് അർഹതയുടെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിച്ചു വരുന്നു. പ്രതിമാസം 1000 രൂപയാണ് ഈ പദ്ധതിയനുസരിച്ച് ലഭ്യമാകുന്ന അലവൻസ്.

## വയോമിത്രം

ലക്ഷ്യം :

65 വയസ്സിനു മുകളിൽ പ്രായമുള്ള വയോജനങ്ങളുടെ ആരോഗ്യസംരക്ഷണം ഉറപ്പ് വരുത്തുന്ന പദ്ധതിയാണ് വയോമിത്രം. ഈ പദ്ധതിയിൽ ചുവടെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു.

1 ഹെൽപ്പ് ഡെസ്ക് മൊബൈൽ ക്ലിനിക്, പാലിയേറ്റീവ് ക്ലിനിക്, ആംബുലൻസ് സേവനം : സംസ്ഥാനത്തെ ജില്ലാ ആസ്ഥാനങ്ങളായുള്ള മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശത്ത് പ്രവർത്തിക്കുന്ന വയോമിത്രം പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ മറ്റ് മുനിസിപ്പൽ പ്രദേശങ്ങളിൽ കൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## കൗമാരപ്രായക്കാർക്കിടയിലെ അസ്വസ്തതകൾക്ക് പരിഹാരം

കുട്ടികൾക്കും കൗമാരപ്രായക്കാർക്കിടയിലും കാണുന്ന ആത്മഹത്യയും ആത്മഹത്യാപ്രവണതയും പഠനവൈകല്യങ്ങളും തടയുന്നതിനുള്ള തന്ത്രങ്ങളും മാർഗ്ഗങ്ങളും പ്രായോഗിക പരിപാടികളും ആവിഷ്ക്കരിക്കുന്നതിന് ദേശീയ-പ്രാദേശിക തലങ്ങളിൽ ശിൽപ്പശാലകൾ സംഘടിപ്പിച്ചുവരുന്നു. യൂണിസെഫിന്റെ സഹായത്തോടുകൂടി ദേശീയതലത്തിലും സംസ്ഥാനതലത്തിലും പ്രാദേശികാടിസ്ഥാനത്തിലുള്ള വിദഗ്ദ്ധർ, ആരോഗ്യം, വിദ്യാഭ്യാസം. സാമൂഹ്യക്ഷേമം എന്നീ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥർ, അദ്ധ്യാപകർ, രക്ഷാകർത്താക്കൾ. വിദ്യാർത്ഥികൾ, സാമൂഹ്യപ്രവർത്തകർ എന്നിവരുടെ പങ്കാളിത്തം ഈ ശിൽപ്പശാലകളിൽ പ്രയോജനപ്പെടുത്തി കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

## സ്നേഹപൂർവ്വം

മാതാപിതാക്കൾ ആരെങ്കിലും മരിച്ചുപോവുകയും ജീവിച്ചിരിക്കുന്നയാൾക്ക് അനാരോഗ്യത്താലും സാമ്പത്തിക പരാധീനതയാലും കുട്ടികളെ സംരക്ഷിക്കാൻ കഴിയാത്ത അവസ്ഥയിൽ അവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന സ്നേഹപൂർവ്വം പദ്ധതി. ഇതുപ്രകാരം ഒന്നാം ക്ലാസ്സു മുതൽ +2 വരെയുള്ള ഡിഗ്രിതലംവരെയുള്ള കുട്ടികൾക്ക് 300 രൂപ മുതൽ 750 രൂപ വരെ പ്രതിമാസ ധനസഹായം ലഭിക്കും. ഈ സാമ്പത്തികവർഷം ആവിഷ്ക്കരിച്ച ഈ പദ്ധതിയുടെ രൂപരേഖ തയ്യാറായി വരുന്നു. ആഗസ്റ്റ് മാസം മുതൽ ഈ പദ്ധതി നടപ്പാക്കി തുടങ്ങും.

# സാമൂഹ്യക്ഷേമ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ വിലാസങ്ങൾ

## കുട്ടികൾക്കു വേണ്ടിയുള്ള സ്ഥാപനങ്ങൾ

### ചിൽഡ്രൻസ് ഹോമുകൾ

**തിരുവനന്തപുരം**

1. സൂപ്രണ്ട്
ചിൽഡ്രൻസ് ഹോം (ആൺകുട്ടികൾ)
പൂജപ്പുര, തിരുവനന്തപുരം
ഫോൺ: 0471 - 2342075

**കൊല്ലം**

2. സൂപ്രണ്ട്
ചിൽഡ്രൻസ് ഹോം (ആൺകുട്ടികൾ)
ബീച്ച് റോഡ്, കൊല്ലം
ഫോൺ: 0474 - 2743821

**കോട്ടയം**

3. സൂപ്രണ്ട്
ചിൽഡ്രൻസ് ഹോം (ആൺകുട്ടികൾ)
തിരുവഞ്ചിയൂർ, കോട്ടയം
ഫോൺ: 0481 - 2770530

**ആലപ്പുഴ**

4. സൂപ്രണ്ട്
ചിൽഡ്രൻസ് ഹോം
നൂറനാട്, ആലപ്പുഴ
ഫോൺ: 0479-2385577

**എറണാകുളം**

5. സൂപ്രണ്ട്
ചിൽഡ്രൻസ് ഹോം (പെൺകുട്ടികൾ)
കാക്കനാട് പി.ഒ
എറണാകുളം
ഫോൺ: 0484 - 2428553

**തൃശ്ശൂർ**

6. സൂപ്രണ്ട്
ചിൽഡ്രൻസ് ഹോം (ആൺകുട്ടികൾ)
തൃശ്ശൂർ, ഫോൺ: 0487 - 2337794

**കോഴിക്കോട്**

7. സൂപ്രണ്ട്
ഗവൺമെന്റ് ചിൽഡ്രൻസ് ഹോം
(ആൺകുട്ടികൾ)
വെള്ളിമാടുകുന്ന്, കോഴിക്കോട്
ഫോൺ: 0495-2731907

8. സൂപ്രണ്ട്
ഗവൺമെന്റ് ചിൽഡ്രൻസ് ഹോം
(പെൺകുട്ടികൾ)
വെള്ളിമാടുകുന്ന്, കോഴിക്കോട്
ഫോൺ: 0495-2730459

### സ്പെഷ്യൽ ഹോമുകൾ

**തിരുവനന്തപുരം**

1. സൂപ്രണ്ട്
ഗവൺമെന്റ് സ്പെഷ്യൽ ഹോം
(ആൺകുട്ടികൾ)
പൂജപ്പുര, തിരുവനന്തപുരം
ഫോൺ: 0471-2342075

**കോഴിക്കോട്**

2. സൂപ്രണ്ട്
ഗവൺമെന്റ് സ്പെഷ്യൽ ഹോം
(പെൺകുട്ടികൾ)
വെള്ളിമാടുകുന്ന്, കോഴിക്കോട്
ഫോൺ: 0495-2370459

### ഒബ്സർവേഷൻ ഹോമുകൾ

1. ഒബ്സർവേഷൻ ഹോം
പൂജപ്പുര
തിരുവനന്തപുരം
ഫോൺ: 0471-2340353

2. ഒബ്സർവേഷൻ ഹോം
ബീച്ച് റോഡ്, കൊല്ലം
ഫോൺ: 0474-2743821

3. ഒബ്സർവേഷൻ ഹോം
തിരുവഞ്ചിയൂർ പി.ഒ
കോട്ടയം
ഫോൺ: 0481-2770530

4. ഒബ്സർവേഷൻ ഹോം
വയലത്തല പി.ഒ
പത്തനംതിട്ട
ഫോൺ: 0473-5246558

5. ഒബ്സർവേഷൻ ഹോം
മായിത്തറ
ആലപ്പുഴ
ഫോൺ: 0478-2812366

6. ഒബ്സർവേഷൻ ഹോം
കാക്കനാട്
ഫോൺ: 0484-2428554

7. ഒബ്സർവേഷൻ ഹോം /
പ്ലേയിസ് ഓഫ് സേഫ്റ്റി
രാമവർമപുരം പി.ഒ
തൃശൂർ
ഫോൺ: 0487-2337794

8. ഒബ്സർവേഷൻ ഹോം
മുട്ടികുളങ്ങര
പാലക്കാട്
ഫോൺ: 0491-2556494

9. ഒബ്സർവേഷൻ ഹോം
തവനൂർ
മലപ്പുറം
ഫോൺ: 0494-2126050

10. ഒബ്സർവേഷൻ ഹോം (ആൺകുട്ടികൾ)
വെള്ളിമാടുകുന്ന്
കോഴിക്കോട്
ഫോൺ: 0495-2731118

11. ഒബ്സർവേഷൻ ഹോം (പെൺകുട്ടികൾ)
വെള്ളിമാടുകുന്ന്
കോഴിക്കോട്
ഫോൺ: 0495-2731118

12. ഒബ്സർവേഷൻ ഹോം
വയനാട്
ഫോൺ: 04936-286900

13. ഒബ്സർവേഷൻ ഹോം
തലശ്ശേരി
കണ്ണൂർ
ഫോൺ: 0490-2343121

14. ഒബ്സർവേഷൻ ഹോം
കാസർഗോഡ്
ഫോൺ: 04994-238490

**സ്പെഷ്യൽ ചിൽഡ്രൻസ് ഹോമുകൾ**

(അറ്റാച്ച്ഡ് ടു ഒബ്സർവേഷൻ ഹോംസ്)

1. സ്പെഷ്യൽ ചിൽഡ്രൻസ് ഹോം
പാലക്കാട്
ഫോൺ: 0491-2556494
2. സ്പെഷ്യൽ ചിൽഡ്രൻസ് ഹോം
വയനാട്
ഫോൺ: 04936-286900
3. സ്പെഷ്യൽ ചിൽഡ്രൻസ് ഹോം
മലപ്പുറം
ഫോൺ: 0494-2126050
4. സ്പെഷ്യൽ ചിൽഡ്രൻസ് ഹോം
കണ്ണൂർ
ഫോൺ: 0490-2343121
5. സ്പെഷ്യൽ ചിൽഡ്രൻസ് ഹോം
കാസർഗോഡ്
ഫോൺ: 04994-238490

ബാലവികലാംഗസദനം
ആലപ്പുഴ
ഫോൺ: 0477-2251291

ബാലവികലാംഗസദനം
തലശ്ശേരി, കണ്ണൂർ
ഫോൺ: 0490-2321605

വെള്ളിമാട് കുന്ന്
കോഴിക്കോട്
ഫോൺ: 0495-2751632

## സ്ത്രീകൾക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾ

**വനിതാമന്ദിരം**

സൂപ്രണ്ട്
ഗവൺമെന്റ് മഹിളാമന്ദിരം
പൂജപ്പുര, തിരുവനന്തപുരം - 12
ഫോൺ: 0471-2340126

സൂപ്രണ്ട്
മഹിളാമന്ദിരം, അഞ്ചുകല്ലുമ്മൂട്
ത്രികുമുല്ലവാരം പി.ഒ, കൊല്ലം
ഫോൺ: 0474-2793890

സൂപ്രണ്ട്
മഹിളാമന്ദിരം
പി.എച്ച്. വാർഡ്, ആലപ്പുഴ
ഫോൺ: 0477-2245261

സൂപ്രണ്ട്
ഗവൺമെന്റ് മഹിളാമന്ദിരം
കോഴഞ്ചേരി, പത്തനംതിട്ട
ഫോൺ: 0468-2310057

സൂപ്രണ്ട്
ഗവൺമെന്റ് മഹിളാമന്ദിരം
കല്ലറ പിഒ, പുത്തൻപള്ളി, കോട്ടയം
ഫോൺ: 04829-269420

സൂപ്രണ്ട്
ഗവൺമെന്റ് മഹിളാമന്ദിരം
പൂണിത്തുറ പിഒ, ചമ്പക്കര, എറണാകുളം
ഫോൺ: 0484-2303664

സൂപ്രണ്ട്
ഗവൺമെന്റ് മഹിളാമന്ദിരം
രാമവർമപുരം പിഒ - 680631
തൃശൂർ
ഫോൺ: 0487 - 2327258

സൂപ്രണ്ട്
ഗവൺമെന്റ് മഹിളാമന്ദിരം
മുറ്റികുളങ്ങര, പാലക്കാട്
ഫോൺ: 0491-2552658

സൂപ്രണ്ട്
ഗവൺമെന്റ് മഹിളാമന്ദിരം
മായിക്കുന്ന് പിഒ, കോഴിക്കോട് - 12
ഫോൺ: 0495 - 2731119

സൂപ്രണ്ട്
ഗവൺമെന്റ് മഹിളാമന്ദിരം
മലപ്പുറം, ഫോൺ: 0494 - 2126671

സൂപ്രണ്ട്
മഹിളാമന്ദിരം
തലശ്ശേരി, ചിറക്കര പിഒ
ഫോൺ: 0490 - 2321511

സൂപ്രണ്ട്
ഗവൺമെന്റ് മഹിളാമന്ദിരം
പറവനടുക്കം പിഒ, കാസർഗോഡ്
ഫോൺ: 04994 - 235201

**ആശാ ഭവൻ**

സൂപ്രണ്ട്
ഗവൺമെന്റ് ആശാ ഭവൻ (സ്ത്രീകൾ)
പൂജപ്പുര, തിരുവനന്തപുരം - 695012
ഫോൺ: 0471 - 2341944

സൂപ്രണ്ട്
ആശാഭവൻ (പുരുഷൻമാർ)
പൂജപ്പുര, തിരുവനന്തപുരം
ഫോൺ: 0471-2341955

സൂപ്രണ്ട്
ഗവൺമെന്റ് ആശാ ഭവൻ (സ്ത്രീകൾ)
രാമവർമപുരം പിഒ, തൃശ്ശൂർ - 680631
ഫോൺ: 0487 - 2694818

സൂപ്രണ്ട്
ആശാഭവൻ (പുരുഷൻമാർ)
എറണാകുളം
ഫോൺ: 0484-2428308

സൂപ്രണ്ട്
ആശാഭവൻ (പുരുഷൻമാർ)
കോഴിക്കോട്
ഫോൺ: 0495-2537654

സൂപ്രണ്ട്
ഗവൺമെന്റ് ആശാ ഭവൻ (സ്ത്രീകൾ)
മായനാട് പിഒ, കോഴിക്കോട്
ഫോൺ: 0495-2358876

**റെസ്ക്യൂ ഹോമുകൾ**

റെസ്ക്യൂ ഹോം, മലപ്പുറം
താവനൂർ, തൃക്കണ്ണാപുരം പിഒ
മലപ്പുറം
ഫോൺ: 0494 - 2698341

**ആഫ്റ്റർ കെയർ ഹോസ്റ്റലുകൾ**

ഗവൺമെന്റ് ആഫ്റ്റർ കെയർ ഹോം
(പുരുഷൻമാർ)
തലശ്ശേരി, കണ്ണൂർ
ഫോൺ: 0490 - 2320105

ഗവൺമെന്റ് ആഫ്റ്റർ കെയർ ഹോം
(സ്ത്രീകൾ)
അഞ്ചാലുമ്മൂട്, കൊല്ലം - 691601
ഫോൺ: 0474 - 2072500

പ്രത്യാശാ ഭവൻ (സ്ത്രീകൾ)
രാമവർമ്മപുരം
തൃശൂർ
ഫോൺ: 0487-2325863

വികലാംഗ വനിതാസദനം
തേവര, എറണാകുളം
ഫോൺ: 0484-2663688

വികലാംഗ വനിതാസദനം
പൂജപ്പുര
തിരുവനന്തപുരം
ഫോൺ: 0471-2341090

**ഷോർട്ട് സ്റ്റേ ഹോംസ്**

ഗവൺമെന്റ് ഷോർട്ട് സ്റ്റേ ഹോം
മേരിക്കുന്ന് പി ഒ
കോഴിക്കോട് - 12
ഫോൺ: 0495-2731883

**വൺഡേ ഹോം**

വൺഡേ ഹോം
പൂജപ്പുര, തിരുവനന്തപുരം
ഫോൺ: 0471 - 2340126

## വൃദ്ധർക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾ

**ഓൾഡ് ഏജ് ഹോമുകൾ**

1. കെയർ ഹോം
ചാക്ക
തിരുവനന്തപുരം
ഫോൺ: 0471-2500747

2. ഡേകെയർ സെന്റർ & ഓൾഡ് ഏജ് ഹോം (സ്ത്രീകൾ)
പൂജപ്പുര
തിരുവനന്തപുരം
ഫോൺ: 0471-2340566

3. ഓൾഡ് ഏജ് ഹോം
ഇഞ്ചവിള പിഒ
പെരിനാട്, കൊല്ലം
ഫോൺ: 0474-2701516

4. ഓൾഡ് ഏജ് ഹോം
വയലത്തല പിഒ
പുതമൺ ജംഗ്ഷൻ
പത്തനംതിട്ട
ഫോൺ: 0473-5246558

5. ഓൾഡ് ഏജ് ഹോം
ഇത്തിത്താനം പിഒ
ചങ്ങനാശ്ശേരി
കോട്ടയം
ഫോൺ: 0481-2465434

6. ഓൾഡ് ഏജ് ഹോം
തേവര
കൊച്ചി - 13
ഫോൺ: 0484-2663641

7. ഓൾഡ് ഏജ് ഹോം
രാമവർമ്മപുരം പിഒ
തൃശ്ശൂർ
ഫോൺ: 0487-2693734

8. ഓൾഡ് ഏജ് ഹോം
തൃക്കണ്ണാപുരം
തവനൂർ, മലപ്പുറം
ഫോൺ: 0494-2103540

9. ഓൾഡ് ഏജ് ഹോം
സോഷ്യൽ വെൽഫെയർ കോംപ്ലക്സ്
ബാലസദനം ബിൽഡിംഗ്
വെള്ളിമാടുകുന്ന്
കോഴിക്കോട് - 12
ഫോൺ: 0495-2731111

10. ഓൾഡ് ഏജ് ഹോം
അഴിക്കോട് പിഒ
ഒണ്ടേൻ റോഡ് ജംഗ്ഷൻ
ചാലിനുസമീപം
കണ്ണൂർ
ഫോൺ: 0497 - 2771300

11. ഓൾഡ് ഏജ് ഹോം
പരവനടുക്കം പിഒ
കളനാട്, കാസർഗോഡ്
ഫോൺ: 0499-4239726

**ശാരീരിക വൈകല്യമുള്ളവർക്കു വേണ്ടിയുള്ള സ്ഥാപനങ്ങൾ**

12. ശാരീരികവൈകല്യമുള്ളവരുടെ
ഹോം (പ്രായമായവർ)
മായിത്തറ, ആലപ്പുഴ
ഫോൺ: 0478-2157696

13. ശാരീരികവൈകല്യമുള്ളവരുടെ
ഹോം (പ്രായമായവർ)
മുതലക്കുളം, മഠത്തിക്കണ്ടം
ഇടുക്കി
ഫോൺ: 0486-2211024

14. ശാരീരികവൈകല്യമുള്ളവരുടെ
ഹോം (പ്രായമായവർ)
കൊടുവായൂർ പിഒ
പാലക്കാട്
ഫോൺ: 0492-3205672

15. ശാരീരികവൈകല്യമുള്ളവരുടെ
ഹോം (പ്രായമായവർ)
കണിയാംപറ്റ, വയനാട്
ഫോൺ: 0493-6285900

16. പ്രതീക്ഷാ ഭവൻ
തവനൂർ
മലപ്പുറം
ഫോൺ: 0494-2103507

17. ഗവൺമെന്റ് വികലാംഗ സദനം
മായനാട് പി.ഒ
കോഴിക്കോട്
ഫോൺ: 0495-2351498